PARANGOTI PARINAYAM—RAMAN KUTTI MENON

032:3M96:11 F5

032:3M96:11
F5

MUL
034847

**Madras University Library.**

DOCTRINA VIM PROMOVET INSITAM

Call Number 032:3M961 F5

Accession Number 34847

Available for loan from

This book should be returned on or before the date last marked below.

-2 APR 1938

6 SEP 1948

30 APR

JUN 1949

28 OCT 1950

17 AUG 1951

O61

ലക്ഷ്മീഭായി ഗ്രന്ഥാവലി.

# പറങ്ങോടീപരിണയം.

കിഴക്കേപ്പാട്ട് രാമൻകുട്ടി മേനോൻ
എഴുതിയത്.

പ്രസാധകൻ:

വെള്ളാട്ടൂൽ നാരായണ മേനോൻ.

കോപ്പി 1500

TRICHUR.
THE MANGALODAYAM PRESS,
PRINTERS, PUBLISHERS, &c. &c.
*Rights Reserved.*

വില അണ 6

34847
032 : 3
F5

UNIVERSITY LIB

# മുഖവുര.

പറങ്ങോടീപരിണയം ൧൮൯൨-ൽ ആദ്യമായി പ്രസിദ്ധപ്പെടുത്തിയപ്പോൾ ഞാനാണ് അതെഴുതിയതെന്നു പലരും ശങ്കിച്ചിരുന്നു. ചിലര് എന്നോടു നേരിട്ടുതന്നെ ചോദിച്ചിട്ടുമുണ്ട്. സൂക്ഷ്മത്തിൽ ഈ പുസ്തകത്തിന്റെ കൎത്താവ് മഹാ പ്രസിദ്ധനായ കിഴക്കെപ്പാട്ടു കൃഷ്ണമേനോൻ സബ്ബ് ജഡ്ജി അവർകളുടെ ഒരേ മരുമകനും അതിരസികനും ബഹുസമൎത്ഥനുമായ രാമൻകുട്ടിമേനോനവർകളാണെന്ന് ഇപ്പോഴെല്ലാവൎക്കും അറിവുണ്ടെന്നു വിശ്വസിക്കുന്നു. ഇദ്ദേഹത്തിനു സംസ്കൃതത്തിൽ സാമാന്യംപോലെ അറിവുള്ളതുകൂടാതെ ഇംഗ്ലീഷും ഒരുവിധം നല്ലവണ്ണം പരിചയമുണ്ട്. മലയാളം വളരെ ഭംഗിയിൽ എഴുതും. കേരളപത്രികയിൽ ഇദ്ദേഹം സരസമായ അനവധി ലേഖനങ്ങൾ എഴുതീട്ടുണ്ട്. വിദ്യാവിനോദിനിയിൽ ഒരു എടപ്രഭുവിന്റെ ദിനസരി എഴുതിയത് ഇദ്ദേഹമോ എന്ന് എനിക്കു സംശയമുണ്ട്. ഒരിക്കൽ അങ്ങിനെ ഒന്നെഴുതണം എന്ന് എന്നോടു പ്രസ്താവിച്ചതായി ഓൎമ്മിക്കുന്നു. എല്ലാം അവസ്ഥകൊണ്ടും ആരംഭംമുതൽ ഇന്നേവരെ ഒന്നാമതായി എണ്ണത്തക്കതായ കേരളപത്രികയുടെ പത്രാധിപരും ഉടമസ്ഥനുമായ ചെങ്കളത്ത് കുഞ്ഞിരാമൻ മേനോ

നവർകളുടെ അതിഥികളായി രാമൻകുട്ടിമേനോനും ഞാനും ഒരിക്കൽ ചാലപ്പുറത്തു പോയസമയം ഗ്രന്ഥകൎത്താവ് ഈ പുസ്തകം അച്ചടിപ്പിക്കുന്നതിന്നു മുമ്പായി ഒന്നു പരിശോധിക്കണമെന്നു പറഞ്ഞ് എന്റെ വശം തന്നപ്പോൾ അല്പദിവസംകൊണ്ടു മുഴുവനും ഒന്നു വായിച്ചുനോക്കി അവിടവിടെ ചില്ലറ മാററങ്ങൾ ചെയ്തതായ ഒരു ബന്ധമല്ലാതെ എനിക്കു യാതൊരു കൎത്തൃത്വവുമില്ല.

ഹിന്തുക്കൾക്ക് ഇങ്ങിനേയുള്ള ഫലിതസമ്മിശ്രമായ പുസ്തകങ്ങളിൽ വിരക്തിയാണെന്നും അവൎക്കു മനസ്സിലാവാൻ വളരെ പ്രയാസമാണെന്നും ഒരാക്ഷേപമുണ്ട്. അതു കേവലം അവാസ്തവമാണെന്നും പറഞ്ഞുകൂട. നേരംപോക്കായോ ഹാസ്യമായോ വല്ലതും പ്രസ്താവിച്ചുപോയാൽ അതിന്റെ ഉദ്ദേശമോ തത്വമോ ഇന്നതാണെന്ന് അറിഞ്ഞു ക്ഷമിക്കാനൊ തട്ടിനമുട്ട് പറയാനോ സാധിക്കാതെ, ദ്വേഷമോ മത്സരമൊ ആരോപിച്ചു ക്ഷണത്തിൽ ദ്വേഷ്യം വരുന്ന യോഗ്യന്മാർതന്നെ ധാരാളമുണ്ടെന്നു നമ്മുടെ നിയമനിൎമ്മാണസഭയിലെ നാട്ടുകാരായ ചില സാമാജികന്മാരുടെ വാദപ്രതിവാദംകൊണ്ടുതന്നെ മനസ്സിലാക്കാം. ചിലൎക്ക് ഇങ്ങിനെയുള്ള ഫലിതങ്ങൾ എത്ര സ്വച്ഛമായി പറഞ്ഞാലുംകൂടി ധരിക്കാൻ ശക്തിയില്ല. അധികവും ഢയിനാമററിട്ടു പൊട്ടിച്ചാൽകൂടി തലയിൽ കടക്കാത്ത വജ്രമടയന്മാരാണെന്നു പറയുമ്പോൾ ആ വകയാൾക്കു

ശങ്കയും വരും. എന്നാൽ മററുള്ള നാട്ടുകാരെ അപേക്ഷിച്ച് ഈ കാൎയ്യത്തിലും മലയാളികൾ വളരെ ഭേദമാണെന്ന് ഈ പറങ്ങോടീപരിണയത്തിൻെറ ആദ്യത്തെ പതിപ്പിലെ ആയിരം കോപ്പിയും മൂന്നുമാസംകൊണ്ടു മുഴുവനെ വിററുപോയതുകൊണ്ടുതന്നെ ഊഹിക്കാവുന്നതാണ്. സററയര് (Satire) എന്ന് ഇംഗ്ലീഷിൽ പറയുന്ന ഹാസ്യരസപ്രധാനമായ ഈ മാതിരി കൃതികൾ ആദ്യമായി ഉണ്ടാക്കിയതു റോമൻകാരായിരുന്നു. ഹോറേസ്, ജൂവനൽ എന്ന പ്രസിദ്ധ കവികൾ ഈ വക കവനങ്ങളിൽ പ്രഥമഗണനീയന്മാരാണ്. ഇംഗ്ലീഷുഭാഷയിൽ ഈ വിധം കൃതികൾ ആദ്യത്തിൽ അധികവും പദ്യമായിട്ടാണ് കാണുന്നത്. ഡ്രയിഡൻ, പോപ്പ്, സ്വിഫ്ട്, ബയറൻ മുതലായ മഹാകവികളുടെ കൃതികളിൽ ഹാസ്യരസപ്രധാനമായ ഈ വിധം കവനങ്ങൾ ധാരാളമുണ്ട്. കുറെ കാലമായി ഇംഗ്ലീഷിൽ ഗദ്യമായിട്ടും അനവധി കൃതികൾ ഈ വിധമുണ്ടാക്കീട്ടുണ്ട്.

ഈ പുസ്തകം എഴുതിയിരുന്നകാലം "കുകവിതയാകുന്ന സാംക്രമികരോഗത്തിൻെറ ബീജങ്ങൾ സഹ്യമലയപൎവ്വതങ്ങളുടേയും പശ്ചിമസമുദ്രത്തിൻേറയും മദ്ധ്യത്തിലുള്ള വായുവിൽ ക്രമത്തിലധികം വ്യാപിച്ചിരുന്ന"തുകൊണ്ട് അന്ന് ഒരുവക നോവൽ എഴുതാനുള്ള ഭ്രമം കലശലായിരുന്നു. ഈ രാമബാണത്തോടുകൂടി ക്ഷണത്തിൽ ആ വ്യാധി നിലച്ചുപോയിരിക്കുന്നു. ചിലർ

അതിൻെറ ശേഷം തുവൽ എടുത്തിട്ടില്ലെന്നുതന്നെ പറയാം. കുന്ദലത, ഇന്ദുലേഖ, മീനാക്ഷി, സരസ്വതി എന്ന പുസ്തകങ്ങളെല്ലാം വായിച്ചാൽ മാത്രമെ, പറഞ്ഞോടീപരിണയത്തിലെ ഫലിതം മുഴുവനെ മനസ്സിലാവുള്ളു. കേവലം നേരംപോക്കായിട്ട് എഴുതിയതാണെങ്കിലും ഇതിലെ ഒടുക്കത്തെ ഒന്ന് രണ്ട് അദ്ധ്യായങ്ങളിൽ വളരെ സാരങ്ങളുണ്ട്. ഇങ്ങിനെതന്നെ ഭാഷാകവികളാണെന്നു നടിക്കുന്ന ചിലരുടെ മഹാവ്യാധിയും മാററാൻ വൈകിയിരിക്കുന്നു.

പെരിങ്ങോം-൧.൯.വ്യാഴായി
൧൮വൃന്ദ ധനു ൨൩-൧൦- } വേങ്ങയിൽ കുഞ്ഞിരാമൻ നായനാർ.

# അവതാരികാ

മലയാളഭാഷയിൽ നോവൽപുസ്തകങ്ങൾ നിശ്ശേഷം ബ്ലാങ്കി ആകയാൽ ആവക പുസ്തകങ്ങൾ എഴുതി പ്രസിദ്ധപ്പെടുത്തിയാൽ വാല്മീകി ആദികവി ആയതുപോലെ എനിക്കും "ആദിമലയാളനോവൽകർത്താവ്" എന്നുള്ള പേർ സിദ്ധിക്കുമെന്ന മോഹത്തിന്മേൽ ഞാൻ വളരെ കാലമായി യത്നം ചെയ്തുവന്നിരുന്നു. ഈ കാര്യം സാധിപ്പാൻവേണ്ടി പലേ വഴികളും ഞാൻ ശ്രമിച്ചു. ഒരു ഇംഗ്ലീഷുനോവൽ അപ്പിടി തർജ്ജമചെയ്തു "സ്വന്തമായി ചമക്കപ്പെട്ടതു" എന്നു പുസ്തകത്തിന്റെ പുറത്തു എഴുതി പ്രസിദ്ധപ്പെടുത്തിയാലൊ എന്നു് ആലോചിച്ചു കുറെ തർജ്ജമ ചെയ്തുനോക്കി. ഇംഗ്ലീഷു പഠിച്ച വല്ല വിദ്വാന്മാരും എന്റെ കഷ്ടകാലംകൊണ്ടു് ഇതു് ഒരുസമയം വായിച്ചുപോയി എങ്കിൽ നമ്മുടെ കള്ളി പുറത്താവുമെന്ന ഭയത്താൽ അതു വേണ്ട എന്നുവെച്ചു. ഇംഗ്ലീഷുകാർക്കു മലയാളം എന്നു കേട്ടാൽ തിക്തകം കഷായമാണെന്നു് എനിക്കു നല്ലവണ്ണം അറിയാമെങ്കിലും ചെമ്പാണെന്നുതന്നെ കരുതിയാൽ മേലിൽ വ്യസനിക്കേണ്ടിവരുന്നതല്ലല്ലോ എന്നു കരുതീട്ടാണു് അതു വേണ്ടെന്നുവെച്ചതു്. രണ്ടാമത്തെ ആലോചന കുറഞ്ഞൊന്നു ഭേദപ്പെടുത്തി. ഇംഗ്ലീഷിൽ "വെ

വർളി നോവൽ” മുതലായ പുസ്തകങ്ങൾ ഞാൻ വായിച്ചിട്ടുണ്ട്. അതിലുള്ള കഥകൾ നല്ല രസമുള്ളവയാണെന്നു പരബോദ്ധ്യമായിട്ടുള്ളതുകൊണ്ട് അതിൽനിന്ന് എല്ലാംകൂടി കൂട്ടിപ്പിടിച്ച് ആകപ്പാടെ ഒരു പുതിയ കഥയാക്കിത്തീർത്താൽ കാര്യം പററിക്കാമെന്നു കരുതി അതിന്നു ഉദ്യമിക്കുമ്പോഴാണ് “കുന്ദലത” പുറത്തുവന്നത്. ഇനിമേൽ ആദികവി എന്ന പേർ കിട്ടാൻ കുറെ പ്രയാസംതന്നെ എന്നു വന്നതിനാൽ അതിയായ കുണ്ഠിതം ഉണ്ടായി എങ്കിലും ഞാൻ എഴുതാൻ പോകുന്ന പുസ്തകത്തിലെ കഥാസാരസ്യം കുന്ദലതയിൽ കഴിഞ്ഞുവന്നാൽ എന്റെ യോഗ്യതക്ക് അത്ര ഹാനി സംഭവിക്കയില്ലെന്നു സമാധാനിച്ചു. എന്നിട്ടും പുസ്തകം ആരംഭിക്കേണ്ടുന്ന സമ്പ്രദായം ഒന്നൊന്നായി തീർച്ചപ്പെടാത്തതിനാൽ പിന്നേയും കാലതാമസം വന്നു. എളുപ്പത്തിൽ പേർസമ്പാദിപ്പാനുള്ള വിദ്യയാണ് ഞാൻ ആദ്യം ആലോചിച്ചത്. അതു കുന്ദലതക്കാരനും കൊണ്ടുപോയി. പിന്നെ സ്വന്തം സൃഷ്ടിക്കാണെങ്കിൽ അത്ര വേഗത്തിൽ ഒന്നും തോന്നുന്നതും ഇല്ല. ഇങ്ങിനെ ബുദ്ധിമുട്ടുന്ന കാലത്ത് “ഇന്ദുലേഖയും” “മീനാക്ഷിയും” വന്നു ലഹളകൂട്ടാൻതുടങ്ങി. എവിടെ ചെന്നാലും പഞ്ചുമേനവന്റെയും സൂരിനമ്പൂതിരിപ്പാട്ടിലേയും ലഹളതന്നെ. ഞാൻ വളരെ കാലമായി മോഹിച്ചുവന്ന സ്വത്ത് ഈ കൂട്ടർ എല്ലാവരുംകൂടി കവർന്നുകൊണ്ടുപോകുന്നതു വിചാരിച്ച് അതിയാ

യി അസൂയയും വ്യസനവും എനിക്ക് ഉണ്ടായതിനെ എന്റെ ഗുണമേറിയ വായനക്കാർ മാപ്പുചെയ്യേണ്ടതിന്നു സവിനയം അപേക്ഷിക്കുന്നു. ഇങ്ങിനെ ദുഃഖപരവശനായി ഇരിക്കുന്ന കാലം ഒരു ദിവസം രാവിലെ ഒരു ഇന്ദുലേഖാപുസ്തകം കയ്യിലെടുത്തു ഓരോരോ മനോരാജ്യവും വിചാരിച്ചു കടലാസ്സുകൾ ഒരോന്നായി വെറുതെ മറിച്ചുംകൊണ്ട് ഇരിക്കുമ്പോൾ അതിന്റെ അവതാരിക ഒന്നു അശ്രദ്ധനായി വായിച്ചുനോക്കി. അതിൽ ഇങ്ങിനെ ഒരു പുസ്തകം എഴുതേണ്ടതിന്നു ഉത്സാഹിപ്പിച്ചത് ആ ഗ്രന്ഥകൎത്താവിന്റെ ഭാൎയ്യയാണെന്നും മറ്റും കണ്ടപ്പോൾ കാൎയ്യം പററി എന്നു നിശ്ചയിച്ച് എനിക്കു മനസ്സിൽ ബഹു സുഖം തോന്നി. ഉടനെ എന്റെ പ്രാണപ്രിയയോടു വിവരമെല്ലാം പറഞ്ഞ് എന്നെ മേൽപറഞ്ഞ പ്രവൃത്തിക്ക് ഉത്സാഹിപ്പിക്കേണ്ടതിന്നു ആവശ്യപ്പെട്ടപ്പോൾ എനിക്കുണ്ടായ ഭവിഷ്യത്തല്ലേ പറയേണ്ടത്. ഞാൻ വലിയ കാൎയ്യമായി പുസ്തകകൎത്താവിന്നു സിദ്ധിക്കുന്ന ശ്രേയസ്സിനേയും പുസ്തകം വിററാൽ കിട്ടുന്ന ലാഭത്തേയുംകുറിച്ചു വളരെ ഗൌരവഭാവത്തോടെ പറവാൻ തുടങ്ങിയതുകേട്ട് എന്റെ ഭാൎയ്യ ഒന്നും മിണ്ടാതെ കുട്ടിയെ കുളിപ്പിപ്പാൻ പോയതുകൊണ്ട് ഞാൻ മൌഢ്യംഭവിക്കാതെ പിന്നാലെ ചെന്നു പിന്നേയും ചോദിച്ചു. അപ്പോൾ തിരിഞ്ഞുനിന്ന് "നിങ്ങൾക്കു മററു തൊരം ഒന്നും ഇല്ലെങ്കിൽ നാലു നീന്ത്രവാഴ വെച്ചു നനക്കരുതോ? എനിക്കു വേറെ പ്രവൃ

ത്തി ഉണ്ട്. കുട്ടിയെ കുളിപ്പിച്ചിട്ടില്ല. അടിച്ചു തളിച്ചിട്ടില്ല; പയ്യിനെ കറന്നിട്ടില്ല" എന്നുവേണ്ട ഈ മാതിരി അഞ്ഞൂറു കൂട്ടം ജോലികൾ പിറുപിറുക്കാൻ തുടങ്ങി. "എന്നെ വിഷമമെ പിന്നാലെ പോയതുതന്നെ അബദ്ധം ആയല്ലൊ" എന്നുംപറഞ്ഞ് അതിയായ ബുദ്ധിക്ഷയത്തോടെ ഞാൻ മടങ്ങിപ്പോന്നു.

ഇങ്ങിനെ ഒന്നും ഉറയ്ക്കാതെ എനി എന്താ വേണ്ടത് എന്നാലോചിച്ചു വരുന്ന കാലത്താണ് വിദ്യാവിനോദിനിയിൽ "ആഖ്യായികം" എന്ന തലവാചകത്തോടുകൂടി ഒരു സാരമായ ഉപദേശം കണ്ടത്. അപ്പോൾ എനിക്കുണ്ടായ സന്തോഷം ഇന്നവിധമാണെന്നു വിവരിച്ചുപറവാൻ ആയിരം ഫണമുള്ള ആദിശേഷനാൽകൂടി അസാദ്ധ്യമാണ്. ഉടനെ അതിലെ ഉപദേശപ്രകാരം ഒരു പുസ്തകം എഴുതാൻ ആരംഭിച്ചു. എഴുതിനോക്കുമ്പോൾ ഇത്ര എളുപ്പമായി യാതൊരു വസ്തുവും ഈ ലോകത്തിൽ ഇല്ലെന്നു വിശ്വാസംവന്നു. എന്റെ മനോരാജ്യം സഫലമാക്കേണ്ടതിന്നു നേർവഴി കാണിച്ചുതന്ന മഹാരാജരാജമാന്യരാജശ്രീ വേങ്ങയിൽ കുഞ്ഞിരാമൻനായനാർ അവർകൾ ആയുരാരോഗ്യസമ്പൽക്ഷേമത്തോടെ എന്നും പതിനാറായി സുഖമായിരിക്കേണ്ടതിന്നു ജഗദീശ്വരനെ എപ്പോഴും പ്രാത്ഥിക്കുന്നു.

ഈ പുസ്തകത്തിന്നു "ജാനകീപരിണയം" എന്നൊ "രുഗ്മിണീസ്വയംബരം" എന്നൊ മറ്റൊ പേർ

വിളിക്കാതെ "പറങ്ങോടീപരിണയം" എന്നൊരു ശുദ്ധനാടകൻപേർ കൊടുപ്പാൻ പലേ കാരണങ്ങളും ഉണ്ടെന്ന് എന്റെ വായനക്കാൎക്കു മുൻകൂട്ടി അറിവുകൊടുക്കാത്തപക്ഷം അവർ സാധാരണപോലെ വിചാരിച്ച്, അധികാൎത്ഥങ്ങളെ അന്തൎഭൂതമാക്കി അല്പാക്ഷരങ്ങളെക്കൊണ്ടു ആവശ്യങ്ങളെല്ലാം അനായാസേന സാധിച്ചിട്ടുള്ള എന്റെ ബുദ്ധികൌശലത്തെ കണ്ടറിയാതെ, വനകമലംപോലെ വ്യൎത്ഥമായി പോകുമോ എന്നു ശങ്കിച്ചു കുറഞ്ഞൊന്നു പ്രസ്താവിക്കുന്നതുകൊണ്ട് എന്റെ വായനക്കാരുടെ ധാരണാഗൌരവത്തെ കീഴമറിക്കുകയാണെന്ന് അവർ വിചാരിക്കാതെ ഇരിപ്പാൻ ഒന്നാമതായി സവിനയം അപേക്ഷിക്കുന്നു.

കേരളനിവാസികളായ നായന്മാർ ആദികാലത്തിൽ കേരളബ്രാഹ്മണരായ നമ്പൂതിരിമാരുടെ കാമശാന്തിക്കായി ശ്രീപരശുരാമനാൽ കൊണ്ടുവരപ്പെട്ട ദേവസ്ത്രീകളുടെ സന്തതികളാണെന്നും ഭൂലോകത്തിൽനിന്നു പുണ്യംചെയ്തു സ്വൎഗ്ഗസുഖത്തിന്നായി ചെല്ലുന്നവരെ ജാതിഭേദംകൂടാതെ യഥേഷ്ടം അംഗീകരിച്ചു രമിക്കുന്നതിൽ ദൈവലോകത്തു വൎജ്ജ്യമില്ലാത്തതിനാൽ അവർ ഭൂലോകത്തു വന്നതിന്നുശേഷവും കീഴാചാരം വിടാതെ കാമുകജനങ്ങൾക്കു കാമധേനുക്കളായിത്തന്നെ ഇരുന്നതുകൊണ്ട് അവരുടെ സന്തതികൾക്കു പുരുഷജാതി പിതാവാണെന്നുള്ള ജ്ഞാനമല്ലാതെ ഇന്നവന്റെ അച്ഛൻ ഇന്നവനാണെന്നുള്ള വ്യവസ്ഥ ഇല്ലെ

ങ്കിലും ക്ഷേത്രശുദ്ധിനിമിത്തം സന്തതികളുടെ ദേവത്വ ത്തിനു ഹാനി സംഭവിക്കാത്തതിനാൽ അവർ ഇന്നും ദേവതുല്യന്മാരാണെന്നും മററുമുള്ള സ്ഥലപുരാണസിദ്ധാന്തം നമുക്കു ഒരുവിധം സമാധാനം തരുന്നുണ്ട്. എന്നാൽ ഇപ്പോൾ ഉള്ള ശാസ്ത്രജ്ഞന്മാരുടെ സിദ്ധാന്തംകൊണ്ടു നമ്മുടെ ദൈവത്വവും സ്വയംഭൂക്കളാണെന്നുള്ള അഭിമാനവും ഇതരജനങ്ങൾക്കു ഹാസ്യത്തിന്നു മാത്രം കാരണമായിത്തീൎന്നിരിക്കുന്നു. കേരളത്തിലെ നായന്മാർ ഭാരതത്തിലുള്ള പൂൎവ്വനിവാസികൾ ആണെന്നും ആൎയ്യബ്രാഹ്മണർ കേരളത്തിൽ വന്നു സ്ഥിരവാസം ചെയ്തപ്പോൾ അവരുടെ ദാസ്യത്തിന്നായി കൂടെ വന്നവർ ആണെന്നും മററുമാണ് ഇപ്പഴത്തെ അഭിപ്രായം. ഇന്ദുമതി, കുന്ദലത, ഇന്ദുലേഖാ മുതലായ സ്ത്രീനാമങ്ങളും, മാധവൻ, കേശവൻ, കൃഷ്ണൻ, ദാമോദരൻ മുതലായ പുരുഷനാമങ്ങളും ആൎയ്യന്മാരുടെ ഇടയിൽ ഉള്ളവയാകയാൽ ആ നാമധേയങ്ങൾ ആൎയ്യന്മാരായി സമ്പൎക്കമില്ലാതെ വംശശുദ്ധിയോടുകൂടി ആദികാലംമുതല്ക്കു കഴിഞ്ഞുവന്ന വംശങ്ങളിൽ ഉണ്ടാവാൻ പാടുള്ളതല്ല.

അന്യോന്യം ജാതിച്ചേൎച്ചയില്ലാത്ത ദമ്പതിമാൎക്കുണ്ടാകുന്ന സന്തതി നന്നായിരിക്കുമെന്ന ഒരഭിപ്രായക്കാരുണ്ട്. ഗൎദ്ദഭാശ്വങ്ങളുടെ സന്തതിയായ കോവൎക്കഴുതയെ അവർ ദൃഷ്ടാന്തമായും പറയുന്നുണ്ട്. മൃഗങ്ങൾക്കു ചിലപ്പോൾ ആ വിധം ഗുണങ്ങൾ കാണുന്നുണ്ടെങ്കി

ലും വംശശ്ശുദ്ധി ഇല്ലാത്ത മനുഷ്യർ എത്ര മാന്യാവസ്ഥയിൽ വന്നാലും ചെററത്വം വിടാതെ അലസനായി തന്നെ ഇരിക്കുന്നതു നാം എപ്പോഴും കണ്ടുവരുന്ന ഒരവസ്ഥയാകുന്നു. ഈ പുസ്തകത്തിലെ നായികാനായകന്മാർ ജനിച്ചതു ആദികാലം മുതല്ക്കു വംശശ്ശുദ്ധിയോടും അതു നിമിത്തം പൌരുഷത്തോടും കൂടി ഇരിക്കുന്ന തറവാടുകളിൽ ആണെന്ന് ആൎയ്യന്മാൎക്കുള്ള നാമധേയങ്ങളിൽ നിന്നു എത്രയോ വ്യത്യാസപ്പെട്ടവയായ പറങ്ങോടീപറങ്ങോടനാമധേയങ്ങൾ പ്രത്യക്ഷപ്പെടുത്തിത്തരുന്നുണ്ട്. ഇതിന്നു ദൃഷ്ടാന്തമായി മലയാളത്തിലെ പ്രഭുക്കന്മാരുടെ സ്വരൂപങ്ങളിൽ ഉള്ള സ്ഥാനപ്പേരുകൾ ഉപയോഗിക്കാവുന്നതാകുന്നു. അവരുടെ സ്വരൂപങ്ങളിൽ പണ്ടെക്കു പണ്ടെയുള്ള നാമധേയങ്ങൾ ചില ചാത്തൻ കണ്ടൻ എന്നും ചാത്തു ഉണ്ണ്യാമൻ എന്നും മററുമായിരുന്നു എന്നും ഇപ്പോൾ നമ്പൂതിരിമാരുടെ സഹവാസം നിമിത്തം മിക്കതും സ്വരൂപങ്ങൾ വംശശ്ശുദ്ധിയില്ലാതെ കോവർകഴുത രീതിയിൽ പെട്ട് ആൎയ്യന്മാരുടെ ഇടയിൽ ഉള്ള രാമൻ, കൃഷ്ണൻ എന്നും മററുമുള്ള നാമധേയങ്ങൾ സ്വീകരിച്ചിട്ടുണ്ടെങ്കിലും അവരുടെ സ്വരൂപമഹിമയെ കാണിക്കുന്നവയായ പൂൎവ്വനാമധേയങ്ങളെ ഇന്നും സ്ഥാനപ്പേരായി ഉപയോഗിക്കുന്നുണ്ടെന്നും പ്രഭുക്കന്മാരുടെ പൂൎവ്വചരിത്രം പരിചയമുള്ള വൃദ്ധന്മാർ പറഞ്ഞുകേട്ടിട്ടുണ്ട്. ഈ കാൎയ്യം എൻെറ വായനക്കാൎക്കു തന്നെ അറിവുണ്ടാകാവുന്നതാകയാൽ ഈ പുസ്തകത്തി

ലെ നായികാനായകന്മാർ പറങ്ങോടീപറങ്ങോടന്മാരൊന്നു കേൾക്കുമ്പോൾ തന്നെ അവർ ഉൽകൃഷ്ടവംശജന്മാരാണെന്നു് എന്റെ വിവരണം കൂടാതെ തന്നെ ഗ്രഹിക്കത്തക്കതെങ്കിലും മലയാളപ്രഭുക്കന്മാരുടെ സ്വരൂപമഹിമയും നാമധേയമാഹാത്മ്യവും അറിവില്ലാത്തവൎക്ക ഈ വിവരണം സഹായമായി തീരുമെന്നുള്ള വിശ്വാസം നിമിത്തം ഈ വിധം പരിശ്രമിച്ചതാകുന്നു.

ഇനി നായികക്കു പ്രാധാന്യത കൊടുത്തതിന്റെ ഉദ്ദേശമാണു് വായനക്കാരെ പരിഭ്രമിപ്പിക്കാവുന്നതു്. യാതൊരു കാൎയ്യത്തിലും അഭീഷ്ടസിദ്ധിക്കായ്ക്കൊണ്ട് ഒരു യുവതി മുൻനിന്നു ശ്രമിച്ചാൽ എന്തു ന്യൂനതകൾ ഉണ്ടെങ്കിലും അവയെ എല്ലാം ബഹുജനം ഗൌനിക്കാറില്ലെന്നു നാം ദിവസേനാൽ കണ്ടുവരുന്ന ഒരു സംഗതിയാകുന്നു. സുഭദ്രാൎജ്ജുനത്തിന്റെ ഗ്രന്ഥകൎത്രി ഒരു സ്ത്രീയാണെന്നു അറിഞ്ഞപ്പോഴത്തെ സുഭദ്രയുടെ നല്ലൊരു മുഖത്തിനെ "മദനകേളിരംഗസ്ഥല"മായി കല്പിച്ച അപൂൎവ്വപ്രയോഗം എന്നുവേണ്ട അച്ചടിച്ച കടലാസ്സു മഷി മുതലായതുക്കൂടി മനോഹാരികളായി തീൎന്നു എന്റെ വായനക്കാരുടെ മനസ്സിൽ നിന്നു തീരെ വിട്ടുപോകേണ്ടുന്ന കാലമായിട്ടില്ല. അതുകൊണ്ടു സ്ത്രീനായകത്വമൊ സ്ത്രീപ്രാധാന്യതയൊ പുസ്തകത്തിന്റെ പ്രചുരതക്കു വഴിപോലെ സഹായിക്കുമെന്നുള്ള വിശ്വാസത്തിന്മേൽ നമ്മുടെ നായികയായ പറങ്ങോടിക്കുട്ടി മുമ്പിൽ ചാടിനിന്നതാകുന്നു. ഇനിയും കുറച്ചുകൂടി കാരണമുള്ള

ത്തും പറഞ്ഞേക്കാം.' ഇംഗ്ലീഷ് വിദ്യാഭ്യാസംകൊണ്ട് നമ്മുടെ നായകനോടു സാമ്യന്മാരായ പറങ്ങോടന്മാർ ഇപ്പോൾ നമ്മുടെ ഇടയിൽ സുലഭമായി ഉണ്ടെങ്കിലും ആ വിധത്തിലുള്ള പറങ്ങോടിമാർ രണ്ടുരണ്ടു പുസ്തകങ്ങളിൽ സവിസ്താരമായി വർണ്ണിച്ചുകാണുന്നതല്ലാതെ അനുഭവത്തിൽ ദുർല്ലഭമാകകൊണ്ടു ദുർല്ലഭവസ്തുവിന് പ്രാധാന്യത നൽകുന്നതു ഉചിതമെന്നു വിചാരിക്കുമ്പോഴും പറങ്ങോടിക്കു അഗ്രാസനം വേണ്ടതാകുന്നു. അതിന്നും പുറമെ നായികാനായകന്മാരാൽ അലങ്കരിക്കപ്പെട്ട ശുഭദേശം ഇന്നതാണെന്നു പുസ്തകം വായിച്ചതുകൊണ്ടു ഗ്രഹിപ്പാൻ വായനക്കാൎക്കു അസാദ്ധ്യമെങ്കിലും നായിക ഒന്നാമതായി രംഗത്തിൽ വിളങ്ങുന്നതുകൊണ്ട് സ്ത്രീനായകത്വമുള്ള നാടെന്നോ പെൺമലയാളമെന്നോ വായനക്കാൎക്ക് എളുപ്പത്തിൽ ഊഹിപ്പാൻ സാധിക്കുന്നതാകുന്നു. ഈവക സങ്കല്പങ്ങളെ എല്ലാം സരസ്വതീവിജയത്തിലെ സരസ്വതീശബ്ദത്തിന്റെ അൎത്ഥകല്പനപോലെ ആണെന്നു വായനക്കാർ അഭിപ്രായപ്പെടുന്നപക്ഷം ഈ ഭാഗം അവർ വായിക്കാതെ മറിച്ചുകളവാനും പ്രത്യേകം അപേക്ഷിക്കുന്നു.

ഈ പുസ്തകത്തിലെ അദ്ധ്യായങ്ങൾ വളരെ സവിസ്താരമായി എഴുതേണമെന്നായിരുന്നു ആദ്യം വിചാരിച്ചത്. ഒന്നാം അദ്ധ്യായത്തിലെ "നീക്കോലി"യുടെ നിറം തരം വണ്ണം വാലോട് തല കൃത്യമായ നീളം പൊട്ടക്കുളത്തിന്റെ ദീൎഘവിസ്താരം തുക്കിടിസാക്ഷി

ന്റെ കുതിരയുടെ ഏകരം ഇവയെല്ലാം വിവരമായി
പ്രസ്താവിക്കാഞ്ഞാലോ എന്നു ശങ്കിച്ചിരിക്കുമ്പോൾ ഇ
പ്പോൾ ഉള്ള യോഗ്യന്മാരും ചെറുപ്പക്കാരും ആയ മ
ലയാളികൾക്കു എന്തുകാൎയ്യവും കഴിയുന്നിടത്തോളം ചു
രുക്കമായിരിക്കുന്നതാണ് രസം എന്നു സമയോചിതമാ
യി എന്റെ ഒരു സ്നേഹിതൻ ഉപദേശിച്ചു. അതിന്നു ദൃ
ഷ്ടാന്തമായി "ഇപ്പോഴത്തെ ചെറുപ്പക്കാരായ യോഗ്യ
ന്മാർ മുഖം മാത്രമല്ലെ ക്ഷൌരം ചെയ്യുന്നുള്ളു എന്നു
ആലോചിക്കരുതെ" എന്നു ചോദിച്ചപ്പോൾ കാൎയ്യം
ശരിതന്നെ എന്നു എനിക്കും തോന്നി. അതുകൊണ്ടു
എല്ലാം അദ്ധ്യായങ്ങളും കഴിയുന്നേടത്തോളം ചുരുക്കമാ
യി എഴുതിയതിൽ എന്റെ വായനക്കാർ തൃപ്തിപ്പെടു
മെന്നു വിശ്വസിക്കുന്നു. എന്റെ ഭാൎയ്യ വാസ്തവത്തിൽ
ബുദ്ധിക്ഷയമാണ് എനിക്കു തന്നതു എങ്കിലും എനി
ക്കു അവളെ അതിയായ സ്നേഹം ഉള്ളതുകൊണ്ടു അ
വൾക്കും മുൻപ്രസ്താവിച്ച സ്നേഹിതനും പ്രത്യേകിച്ചു കു
ഞ്ഞിരാമൻനായനാർ അവർകൾക്കും ഞാൻ വളരെ
നന്ദിയുള്ളവനായിരിക്കും എന്നുമാത്രം പറഞ്ഞ് ഈ അ
വതാരിക അവസാനിപ്പിക്കുന്നു.

വിശേഷിച്ച് ഈ പുസ്തകം ഞാൻ ഒരു രാത്രികൊ
ണ്ടാണ് മുഴുവനും എഴുതീട്ടുള്ളത്. അതിൽതന്നെ വേ
റെ ചില തിരക്കുകൾ ഉണ്ടായിരുന്നതിനാലും ഉറ
ക്കം ഉപേക്ഷിപ്പാൻ ദേഹപ്രകൃതികൊണ്ട് നിവൃത്തി ഇ
ല്ലായിരുന്നതിനാലും ഒന്നായി മനസ്സിരുത്താൻ സാധി

ച്ചിട്ടില്ല. ഒരിക്കൽ എഴുതിയതു രണ്ടാമതു ഒന്നു വായിച്ചുനോക്കാൻ തന്നെ തരമാവാത്തതിനാൽ എന്തെല്ലാമാണ് എഴുതീട്ടുള്ളത് എന്നുതന്നെ ഓൎമ്മയില്ല. അതുകൊണ്ടു എന്റെ വായനക്കാർ പുസ്തകം വായിക്കുമ്പോൾ വല്ല തെററും കണ്ടാൽ ഈ സംഗതി ഓൎത്തു എന്നെ മാപ്പുചെയ്യുമെന്നും രസമായി വല്ലതും തോന്നിയാൽ എന്റെ ബുദ്ധിയുടെ രസികതയെ നല്ലവണ്ണം പ്രശംസിക്കുമെന്നും വിശ്വസിക്കുന്നു.

രണ്ടാമതും വിശേഷിച്ച് എന്റെ ഈ പുസ്തകത്തിന്നു ഞാനായി ഒരു വിലയും നിൎണ്ണയിച്ചിട്ടില്ല. അതിന്നുള്ള കാരണം മറെറാന്നുമല്ല. എന്തെങ്കിലും ഇന്നതാണ് വില എന്നു തിട്ടപ്പെടുത്തിയാൽ അത്രേ ഈ പുസ്തകത്തിന്നു യോഗ്യതയുള്ളു എന്നു ഞാൻതന്നെ ക്ലിപ്തപ്പെടുത്തുന്നതു കുറെ ധാൎഷ്ട്യയാണല്ലോ. ഒരു സമയം എന്റെ വായനക്കാർ ഞാൻ വിചാരിച്ചതിലധികം യോഗ്യത ഉണ്ടെന്നു അഭിപ്രായപ്പെടുന്ന പക്ഷം "കാൽ പണത്തിൽ കുറഞ്ഞ് കൊമ്പ് വിളുക്കില്ല" എന്നു പറഞ്ഞ കൊമ്പുകാരനെപ്പോലെ ഭോഷനും ആയിത്തീരും. അതുകൊണ്ട് ഞാനായി ഒന്നും വേണ്ടെന്നുവെച്ചു. എനിക്കു എന്റെ വായനക്കാർ വല്ലതും സന്തോഷപൂൎവ്വം സമ്മാനിക്കുന്നുവെങ്കിൽ അതു വാങ്ങാനും ഒരുക്കമുണ്ട്. നമ്മുടെ ഈ പ്രയത്നത്തിന്നു പ്രതിഫലമായി എന്റെ വായനക്കാർ രണ്ടുകൂട്ടം ചെയ്താൽ തന്നെ ഞാൻ കൃതാൎത്ഥനായി. ഒന്നാമതു എല്ലാവരും

ഈ പുസ്തകം മനസ്സുവെച്ച് വായിക്കണം രണ്ടാമത്തു മലയാളഭാഷയിൽ രണ്ടുനാലു നോവൽപുസ്തകങ്ങളും ഇതിനുമുമ്പായി പ്രസിദ്ധം ചെയ്തിട്ടുണ്ടെങ്കിലും മനസ്സു കൊണ്ടു അതിന്ന് യത്നിച്ചവൻ ഒന്നാമത്തു ഞാനാക യാൽ "ആദിമലയാളഭാഷാനോവൽകൎത്താവ്" ഞാൻ തന്നെയാകുന്നു എന്നു എല്ലാവരും സമ്മതിക്കണം.

"മനഃകൃതംകൃതംരാമ
നശരീരകൃതംകൃതം"

എന്ന പ്രമാണംതന്നെയില്ലേ. മനസ്സുകൊണ്ടു ഒന്നാമത്തു മലയാളനോവൽ ഉണ്ടാക്കിയതു ഞാനാണെന്നു സത്യത്തിന്മേൽ പറയാം. അതുകൊണ്ടു ശേഷമെല്ലാം പിന്നെ ഉണ്ടായി എന്നേ വിശ്വസിപ്പാൻ പാടുള്ളു.

എന്ന്

ആദിമലയാളഭാഷാനോവൽകൎത്താവ്.

—~~~—

UNIVERSITY LIB

# പറങ്ങോടീപരിണയം.

## ഒന്നാം അദ്ധ്യായം.

### കുളത്തിൽ പോയതും നീക്കോലിയെ കണ്ടതും.

ഹിമവൽസേതുപൎയ്യന്തം നീണ്ടുകിടക്കുന്നതായ ഭാരതഖണ്ഡത്തിൽ പണ്ട് രജതമംഗലം രജതമംഗലം എന്നൊരുരാജ്യം. രജതേശ്വരൻ രജതേശ്വരൻ എന്നൊരു രാജാവ്. താമ്രനാഥൻ താമ്രനാഥൻ എന്നൊരു മന്ത്രി. കനകമംഗലാ കനകമംഗലാ എന്നൊരു ഭാൎയ്യ. അമ്പത്താറുരാജ്യങ്ങളേയും കീഴടക്കിഏകച്ഛത്രാധിപതിയായി രാജ്യഭാരം ചെയ്ത കാലത്തു ബ്രാഹ്മക്ഷത്രിയവൈശ്യശൂദ്രർ അവരവരുടെ ജാതിമതാചാരാനുസൃതങ്ങളായകൎമ്മങ്ങൾ അനുഷ്ഠിക്കയാൽ ലോകത്തെങ്ങും സുഭിക്ഷം വൎദ്ധിച്ചുവന്നു. രജതേശ്വരന്റെ അഹിതനഗരങ്ങളിൽ സഞ്ചരന്തിയായ കിരാതി, കീൎണ്ണങ്ങളായ രത്നങ്ങളെ അംഗാരഭ്രാന്ത്യാ ആദാനം ചെയ്തിട്ടു ശ്രീഖണ്ഡഖണ്ഡങ്ങളെ തദുപരിക്ഷേപിച്ച് മുകുളീഭൂതനേത്രയായി ഊതുമ്പോൾ അവളുടെ ശ്വാസമോദാനുധാവം ഹേതുവായിട്ടു അളികുലനിവഹം ധൂമശങ്കയെ ചെയ്തു എന്നു മാത്രമല്ല ഈ മഹാരാജാവിന്റെ യശസ്സുകൊണ്ടു ജഗത്തി

ന്നെ ധവളമമാക്കി ചെയ്തപ്പോൾ പരമപുരുഷൻ ക്ഷീരാബ്ധിയേയും ശിവൻ കൈലാസത്തേയും ഇന്ദ്രൻ ഐരാവതത്തേയും രാഹു കലാനാഥനേയും ബ്രഹ്മാവു ഹംസത്തേയും മൂഗിക്കേണ്ടിവന്നു. ഈവിധം സകലഗുണസമ്പന്നരായി സമുദ്രമിവ ഗംഭീരരായി ശോഭിച്ചരുളുന്ന രജതേശ്വരമഹാരാജാവിൻെറ രാജധാനിയുടെ വടക്കു തെക്കു ഭാഗത്തു അതിവിശേഷമായി ഒരു വിഷ്ണുക്ഷേത്രം ഉണ്ടായിരുന്നു. ആ ക്ഷേത്രത്തിലെ കഴകക്കാരനായ മേൽകുളങ്ങരെ മാരാത്ത് പഞ്ചമാരാർ പറങ്ങോടൻ എന്ന ഒരു മരുമകനും പരിക്കംപൊച്ചിലിൽ മൂക്കാണ്ടി അമ്മ എന്നൊരു ഭാര്യയും പറങ്ങോടി എന്നൊരു മകളും ഉണ്ടായിരുന്നു. പറങ്ങോടീപറങ്ങോടന്മാരുടെ ശൈശവകാലത്തു ഒരു ദിവസം പ്രഭാതകാലെ മുഖപ്രക്ഷാളനത്തിന്നായി വടക്കെ വളപ്പിലുള്ള ഒരുപൊട്ടക്കുളങ്ങരെ പോയപ്പോൾ ഒരു നീർക്കോലിയെ കണ്ടു അവർതമ്മിൽ ഇങ്ങിനെ ഒരു സംഭാഷണം ഉണ്ടായി.

പറങ്ങോടി — "എടൊടൊ! ഇതാ ഒരു നീർക്കോലി നോക്കു. അതാത, അവിടെയതാ."

പറങ്ങോടൻ — "കണ്ടു. കണ്ടു. അനക്കാതിരിക്കു. നോക്ക് അതിനെ പിടിക്കണം. ഞാൻ ഈർക്കിലകൊണ്ടു ഒരു കുടുക്കു ഉണ്ടാക്കാം."

എന്നു പറഞ്ഞു കുളക്കടവിൽനിന്നു കയറി വടക്കെ വേലിക്കു സമീപം നില്ക്കുന്ന തെങ്ങിൻെറ ചുവട്ടിൽ ചെന്നു പട്ട ഏന്തി പിടിക്കുമ്പോൾ അതിന്നു എ

ത്രയോ സമീപമായി കിടക്കുന്ന നിരത്തിൽ കൂടി ഒരു സാസ്സ് കുതിരപ്പുറത്തുകയറി ചടപട, ചടപട എന്നു പോകുന്നതു കണ്ടു.

## രണ്ടാം അദ്ധ്യായം

### ഒരത്ഭുതം.

ഒന്നാം അദ്ധ്യായത്തിൽ പ്രസ്താവിച്ച പ്രകാരം നമ്മുടെ പറഞ്ഞോടീപറഞ്ഞോടന്മാർ കുതിരപ്പുറത്തു പോകുന്ന സാസ്സിനെ കണ്ട് ഭയപ്പെട്ട് കുളക്കരെയിൽനിന്നു ഓടിപ്പോന്ന് പരിക്കൻ പാച്ചിൽ ഭവനത്തിൻെറ വടക്കെ മിററത്തു എത്തിയപ്പോൾ മേൽകുളങ്ങരെ മാരാത്തു പങ്ങമാരാരും പത്നിയും കൂടി വടക്കെ കോലായിന്മേൽ 'കുത്തിരുന്നു' വെററിലപ്പെട്ടി തുറന്നു മുറക്കുകയായിരുന്നു. ബാലികാബാലകന്മാരുടെ പരിഭ്രമം കണ്ട് അവർ രണ്ടുപേരും മുറുക്കുന്നത് പിന്നയാവട്ടെ എന്നു വെച്ച് മൂക്കാണ്ടി അമ്മ മിററത്ത് ഇറങ്ങി നോക്കി. പകുതി മനുഷ്യാകൃതിയായും പകുതി മൃഗരൂപമായും ഒരു ജീവി നിരത്തിന്മേൽകൂടി ഓടിപ്പോകുന്നത് കണ്ടു അത്ഭുതപ്പെട്ടു. മൂക്കാണ്ടി അമ്മ— (പരിഭ്രമത്തോടുകൂടി) "ഇദാ നോക്കു. ഒരു പിശാച് ഓടി പോകുന്നു. ഞാൻ ഈ വയസ്സിലകത്ത് ഇങ്ങിനെ ഒന്നിനെ കണ്ടിട്ടില്ലേ. എൻെറ ഈശ്വര". എന്നു പറഞ്ഞ് കുട്ടിക

ളൂടെ കയ്യും പിടിച്ച് അകത്തു പോയി വാതിൽ അടക്കാൻ ശ്രമിച്ചു മാരാരും മിററത്ത് ഇറങ്ങി നോക്കി അദ്ദേഹത്തിന്ന് കാൎയ്യം മനസ്സിലായി. നിരത്തിന്മേൽക്കൂടി പോകുന്നത് ജ്ജുക്കിടി സായ്വ് ആണെന്നു പറഞ്ഞ് സമാധാനപ്പെടുത്തി.

---

## മൂന്നാം അദ്ധ്യായം.

### ചെണ്ട കൊട്ടിയത്.

ഒന്നാം അദ്ധ്യായത്തിൽ പ്രസ്താവിച്ച വിഷ്ണുക്ഷേത്രത്തിന്ന് സമീപം ഒരു വാരിയം ഉണ്ട്. അവിടെ പാപ്പി എന്ന് പേരായി ഒരു വാരസ്യാരും ഉണ്ടായിരുന്നു. പാപ്പി വാരസ്യാൎക്ക് ചെറുപ്പമാണ്. കണ്ടാലും നന്ന അമാന്തം അല്ല. ഏതായാലും ശാന്തിക്കാരൻ നമ്പൂതിരിക്ക് വളരെ പിടുത്തമായിട്ടാണ് തോന്നിട്ടുള്ളത്. ഒരു ദിവസം ഉച്ചപ്പൂജകഴിഞ്ഞ് മൃഷ്ടാന്നവും കഴിച്ച് മേപ്പടി വാരസ്യാരുടെ ഭവനത്തിലേക്കായി നമ്പൂതിരി പുറപ്പെട്ടു ചെന്നു. പാപ്പി വാരസ്യാര് സമയോചിതങ്ങളായ ഉപചാരങ്ങളെക്കൊണ്ട് നമ്പൂതിരിയെ സല്ക്കരിച്ച് നമ്പൂതിരി പടിയിന്മേൽ ഇരുന്നതിനുശേഷം ഓച്ഛാനിച്ച് സമീപംനിന്നു.

നമ്പൂതിരി —(ചിരിച്ചുംകൊണ്ട്) പാപ്പിയെ ഒന്ന് കാണെണമെന്നിശ്ശി ദിവസമായി വിചാരിക്കുന്നു. ഓരൊ തിരക്കുകൊണ്ട് ഇതുവരെ സാധിച്ചില്ലെന്നെ ഉള്ളു.

പാപ്പിവാരസ്യാര് —(കൈകൂപ്പിനിന്ന്) "തിരുമനസ്സി ലേക്ക് അങ്ങിനെ തോന്നിയത് അടിയൻെറ ഭാഗ്യം എന്നേ പറവാനുള്ളൂ".

നമ്പൂതിരി—(ഉച്ചത്തിൽ ചിരിച്ചുംകൊണ്ട്) "ശിക്ഷ! വെടിപ്പായി! പാപ്പീടെ വാക്കിൻെറ ഫലിതം ശ്ശി കേമായിട്ടന്നെ ഉള്ളൂ. നാം ഒരു കാൎയ്യംകൊണ്ട് ആ ലോചിപ്പാനാണ് ഇപ്പിങ്ങട്ടുവന്നത്. പക്ഷെ കിടപ്പി ൻെറ വട്ടം ഇവിടെത്തന്നെ ആക്യാലോ എന്നൊരു ശങ്ക".

പാപ്പി—"തിരുമനസ്സ് അങ്ങിനെ ഉറച്ചുവെങ്കിൽ അ തിന്ന് എന്താണ് വൈഷമ്യം. ഈ തിരുമേനിയോടു ചേൎന്നിരിപ്പാൻ അടിയനത്ര ഭാഗ്യണ്ടോ".

നമ്പൂതിരി— "പാപ്പി! വസ്തുതം ല്ലേ പറയേണ്ടത് നോക്ക് അതികലശലായി ഒരു ഭ്രമം വന്നു വശായി രിക്കുന്നു. കാൎയ്യം ആ വിധംതന്നെ എന്നുറച്ചു. "ശുഭ സ്യശീഘ്രം" എന്നാണെല്ലൊ പ്രമാണം. അതു ഇ പ്പോഴംതന്നെ നടത്തേണമെന്നാണ് നാം നിശ്ചയി ച്ചത്. എന്താ അങ്ങിനെയല്ലേ"?

നമ്പൂതിരിയുടെ താല്പൎയ്യം ഇന്നതാണെന്ന് അറി ഞ്ഞപ്പോഴം പാപ്പിവാരസ്യാൎക്ക് ഉണ്ടായ സന്തോ ഷം ഇന്നവിധമാണെന്ന് പറഞ്ഞുകൂട. കേരളത്തിൽ നമ്പൂതിരി ബ്രാഹ്മണർ മററുള്ളവരേക്കാഴം അധികം മാന്യന്മാരാകയാൽ അവരുമായുള്ള സംസൎഗ്ഗത്തിന്ന് ശേഷമുള്ളവര് എല്ലാവരേയ്ക്കാഴം ഒരുക്കമുള്ളവരാണെന്ന് പ

റയേണ്ടതില്ലല്ലോ. അതിലും വിശേഷിച്ച അമ്പലവാസി ജനങ്ങൾക്ക് ഒരു പ്രത്യേകത കൂടി ഉണ്ട്. അതുകൊണ്ട് പാപ്പിവാരസ്യാക്ക് തനിക്കു വരാൻപോകുന്ന ശ്രേയസ്സ വിചാരിച്ച് സന്തോഷാശ്രു താനെ പൊഴിഞ്ഞതിൽ ആശ്ചര്യം ഒന്നുമില്ല. നമ്പൂതിരിയുടെ മനോരഥം അറിഞ്ഞ ഉടനെ അകത്ത് പോയി കിടപ്പറ തുറന്നു കിടക്ക നല്ലവണ്ണം തട്ടിനന്നാക്കി അഞ്ചുമിഞ്ഞം പഞ്ഞിതുറിച്ച നിന്നിരുന്നത് എല്ലാം അകത്തേക്കതന്നെ കുത്തിത്തിരുകി അലക്കിയ ഒരു അറത്തകട്ടി മുറി എടുത്തു വെടിപ്പായി വിരിച്ചു. താഴത്തു കിടന്നിരുന്ന വീരാളിപ്പായ എടുത്തു കട്ടിലിൻെറ നേരെ കെട്ടിട്ടുള്ള അയക്കോലിന്മേൽ നാലായി മടക്കി തൂക്കി. രണ്ട് എണ്ണക്കററിയും രണ്ടു നൈക്കററിയും എടുത്ത് അറയുടെ നാലുമൂലക്കും തൂക്കി. ഉള്ളതിൽ നല്ലതായി അധികം മണ്ണുപിരളാത്ത ഒരു പുല്ലുപായ കട്ടിലിന്നു സമീപം താഴത്തായി നിലത്തു നീത്തിവിരിച്ചു. ചെല്ലപ്പെട്ടിയിൽ മുറുക്കിന്ന് ഉള്ള സംഭാരങ്ങളെല്ലാം നിറച്ചുചേത്തു പുല്ലുപായയുടെ മദ്ധ്യത്തിലായി വെച്ചു. ഒരു ഓട്ടക്കോളാമ്പി നല്ലവണ്ണം തേച്ചു വെളുപ്പിച്ച പുല്ലുപായയുടെ സമീപം ചേത്തുവെച്ചു. ഈവക എല്ലാം ഒരുങ്ങിയതിൻെറ ശേഷം പുറത്തുചെന്നു നമ്പൂതിരിയോട് "അകത്തേക്കെഴുന്നെള്ളാം" എന്നു സവിനയം ഉണത്തിച്ചു. പാപ്പിവാരസ്യാരുടെ ഭക്തിയും ആദരവും ഔചിത്യവും പാകതയും വൃത്തിഗുണവും കണ്ടിട്ടു

നമ്പൂതിരിക്കു വളരെ സന്തോഷം ജനിച്ചു. ഉടനെ എഴുന്നീററു അകത്തേക്കു കടന്നു. പാപ്പിവാരസ്യാർ പൂമുഖത്തേക്കുള്ള വാതിൽ ചാരി നമ്പൂതിരിയെ ശുശ്രൂഷിക്കേണ്ടതിന്നുവേണ്ടി പിന്നാലെ പോയി അറയുടെ ഉമ്മറത്തു പ്രകൃതിദേഹം ചുമരോടു മറഞ്ഞ് ഒരു കാൽ ഉമ്മറപ്പടിയിന്മേൽവെച്ചു നമ്പൂതിരിയുടെ ഹിതങ്ങൾ എന്തെല്ലാമെന്നറിവാൻവേണ്ടി ശ്രദ്ധയോടെ നിന്നു. നമ്പൂതിരി അറയിൽ കടന്ന് അവിടെ നീർത്തിക്കണ്ട പുല്ലുപായയിൽ "കുത്തിരുന്നു". ഈ അവസരത്തിൽ നമ്മുടെ പഞ്ചമാരാർ യദൃച്ഛയാ അവിടെ വന്നെത്തി. ശാന്തിക്കാരൻനമ്പൂരി അകത്തുകടന്നു വാതിൽ അടച്ചു വിവരം അറിഞ്ഞ ഉടനെ ക്ഷേത്രത്തിൽ പോയി ചെണ്ട കൊണ്ടുവന്നു പുറത്തുനിന്നു കൊട്ടാൻതുടങ്ങി. അപ്പോൾ നമ്പൂരിക്ക് ഉണ്ടായ മനോവ്യഥയും കോപവും ഇത്ര എന്നു പറഞ്ഞുകൂട്ടുന്നതല്ല. ഉടനെ പുറത്ത് ഇറങ്ങി തന്നെ അപമാനിച്ച വിവരം രാജാവിനെ ഉണർത്തിച്ചു. മാരാരെ വരുത്തി വിസ്തരിച്ചപ്പോൾ മുമ്പു നമ്പൂതിരി പൂജക്കടച്ചാൽ മാരാർ ചെണ്ടകൊട്ടാറില്ലെന്നു ചെയ്ത ആക്ഷേപത്തിന്നു രാജാവു കൊടുത്ത ഉത്തരവ് പരിശോധിക്കേണമെന്നു അപേക്ഷിക്കുകയും അതു പ്രകാരം കാര്യസ്ഥനെ വിളിച്ചു ചോദിച്ചപ്പോൾ എപ്പോഴെങ്കിലും നമ്പൂതിരി അകത്തുകടന്നു വാതിലടച്ചാൽ മാരാൻ ചെണ്ടകൊട്ടിക്കൊള്ളേണമെന്നുള്ള കല്പനയെ അനുസരിച്ചു നടന്നതാണെന്നു ദൃഷ്ടാന്തപ്പെടുകയും ചെയ്തതിനാൽ എല്ലാവരും സമാധാനപ്പെട്ടു.

## നാലാം അദ്ധ്യായം.

### ഒരു ആണ്ടിഊട്ട്.

പരിക്കമ്പാച്ചിലിൽ മൂക്കാണ്ടി അമ്മക്ക സന്തതി ഇല്ലാഞ്ഞിരുന്നതിനാൽ പഴനിവേലായുധസ്വാമിക്ക് ഒരു ആണ്ടിഊട്ടു പ്രാൎത്ഥിച്ചിട്ടുണ്ടായിരുന്നു. അതിന്നു ശേഷമാണ് ഒരു സ്ത്രീസന്തതി ഉണ്ടായത്. കുട്ടിക്ക പതിനാറു വയസ്സു കഴിയുന്നതിന്നുമുമ്പായി ആ വഴിവാടു കഴിക്കേണമെന്നു മൂക്കാണ്ടി അമ്മ നിൎബ്ബന്ധിക്കയാൽ അതു വെടിപ്പായി കഴിച്ചു.

## അഞ്ചാം അദ്ധ്യായം.

### മരുമകൻ വക്കീലായതും മകൾ തിരണ്ടതും.

നമ്മുടെ നായികയായ പറങ്ങോടിക്കുട്ടിക്ക പ്രായം അതിക്രമിച്ചുതുടങ്ങി. "തലമുടിയും വന്നുതികഞ്ഞു മുലയിണയും മാറുകവിഞ്ഞു. കളിപ്പുതുമക്കാശവളന്നു" ഇതു ആവലും കഴിഞ്ഞു. അന്നുതന്നെ ഉച്ചക്ക പഞ്ചമാരാര് പൂമുഖത്തിരുന്നു മൂക്കാണ്ടി അമ്മയുമായി ഓരോരോ സല്ലാപങ്ങൾ പറഞ്ഞിരിക്കുമ്പോൾ തപ്പാൽശിപായി ഒരു കത്തുകൊടുത്തു. അതു വായിച്ചുനോക്കി മരുമകൻ വക്കീലായ വിവരം അറിഞ്ഞു വളരെ സന്തോഷചിത്തനായി വിരമിച്ചു.

## ആറാം അദ്ധ്യായം.

### കൊടുങ്ങല്ലൂർ ഭരണി.

അഞ്ചാം അദ്ധ്യായത്തിൽ പ്രസ്താവിച്ച സംഗതികൾ നടക്കുന്ന കാലത്തു കൊടുങ്ങല്ലൂർ ഭരണി കാലമായിരുന്നു. നമ്മുടെ വക്കീൽ കോടതിപൂട്ടി വീട്ടിലേക്കു മടങ്ങിവരുമ്പോൾ ഭരണിക്കുപോകുന്ന ആളുകളെ വഴിക്കുവെച്ചു കണ്ടു. അവർ തമ്മിലുണ്ടായ സംഭാഷണം വേറെതന്നെ ഒരു അദ്ധ്യായമാക്കി പ്രസ്താവിക്കേണ്ടതാകയാൽ ഈ അദ്ധ്യായം അവസാനിക്കുന്നു.

## ഏഴാം അദ്ധ്യായം.

### തൊക്കു ഉണക്കിയതും രസക്കയറു മുറിഞ്ഞതും.

കൊടുങ്ങല്ലൂർ ഭരണിക്കു പോകുന്നതു മുഖ്യമായിട്ടു വടക്കെ മലയാളികളാകുന്നു. അവർ ഭരണിക്കു നാലുദിവസം മുമ്പേതന്നെ പുറപ്പെട്ട് ഒരു ചകലാസ്സുമുറിക്കുപ്പായവും ഇപ്പോൾ പഴനിത്തൊപ്പി എന്നു പറഞ്ഞുവരുന്ന ഒരുവക കുമ്പൻതൊപ്പിയും ധരിച്ചു കോഴികളെ കാവുണ്ടമായി കെട്ടി എടുത്തു വായയിൽതോന്നിയത് എല്ലാം പാട്ടായി പാടിക്കൊണ്ടു നില്ലജ്ജന്മാരായി നടക്കുന്ന കഥ പറയാതെ ഇരിക്കുന്നതാണ് നല്ലത്.

"ലേശം ലജ്ജയോ ശങ്കയോ കൂടാതെ നമ്മുടെ സ്ത്രീകൾ കുളക്കടവിൽ വന്നിറങ്ങി എണ്ണയും തേച്ചു മേലേ കടവിന്മേൽ കാലും ഉയൎത്തിവെച്ചു വാകപ്പൊടി അത്തമുതലായ സാധനങ്ങൾ എടുത്തു ചില അവയവങ്ങളിൽ തേച്ചു ചേറും മെഴുക്കും കളയുന്നതും നാലു ഭാഗത്തും നില്ക്കുള്ള പുരുഷന്മാരെ കൂടക്കൂട കടാക്ഷിക്കുന്നതും" ഉള്ളപോലെ വിവരിച്ചു എഴുതുവാൻ എന്റെ മനസ്സ് എന്നെ അനുവദിക്കുന്നില്ല. അഥവാ ഞാൻ അതിന്ന് ഒരുമ്പെട്ടാലും ലേശമെങ്കിലും നാഗരീകത ഉള്ള യാതൊരു മനുഷ്യനും ആവക നിന്ദ്യവാചകങ്ങൾ വായിച്ചു തന്റെ മനസ്സിനെ അശുദ്ധമാക്കിത്തീൎപ്പാൻ തുനിയുമോ എന്നു സംശയവുമാണ്. എന്നാൽ മുമ്പു ചില പുസ്തകകൎത്താക്കന്മാർ ഈ വക ആഭാസകൃത്യങ്ങളെപ്പറ്റി സവിസ്തരമായി എഴുതി പ്രസിദ്ധപ്പെടുത്തി "അമ്പടഞാനെ" എന്ന അഭിമാനത്തോടുകൂടി അതിനാൽ ജന്മസാഫല്യം സിദ്ധിച്ചു എന്നു വിശ്വസിച്ചു തൃപ്തിപ്പെട്ടിരിക്കുന്നത് എങ്ങിനെ എന്നു എന്റെ വായനക്കാരിൽ ചിലർ ശങ്കിക്കുമായിരിക്കാം. അതിന്നു സമാധാനമായി വാസ്തവത്തിൽ ഉണ്ടായ ഒരു ചില്ലറകഥ ഇവിടെ പ്രസ്താവിച്ചാൽ മതിയാകുന്നതാണ്. തൃശ്ശിവപേരൂരിൽ ഒരു ബ്രാഹ്മണൻ തന്റെ ജനനം സ്വസ്വാതിയുടെ യാമത്തിൽ ആയിരുന്നതിനാൽ മറെറല്ലാവരെക്കാളും ബുദ്ധിക്കു യോഗ്യത ഏറുമെന്നും തന്റെ മുഖത്തുനിന്നു പുറപ്പെടുന്നത് എല്ലാം കവിത ആകുമെ

ന്നും ധരിച്ചുവശായി. ഈ കമ്പം ചില രസികന്മാർ മനസ്സിലാക്കി ആ സാധുബ്രാഹ്മണൻ കേൾക്കത്തക്കനിലയിൽ അദ്ദേഹത്തിൻെറ ബുദ്ധിവൈഭവത്തേയും കവിതാവാസനയേയുംപററി പലപ്പോഴും പ്രശംസിപ്പാൻ തുടങ്ങുകയാൽ കാൎയ്യം ശരിതന്നെയാണെന്നു താൻ പൂൎണ്ണമായും വിശ്വസിച്ചു. ഒരുദിവസം ഒരു പ്രമാണപ്പെട്ട ഭവനത്തിൽ ഇദ്ദേഹം ചെന്നപ്പോൾ പുത്തനായി ഒരു കവിത തൽക്ഷണം ഉണ്ടാക്കിക്കേട്ടാൽ കൊള്ളാമെന്ന് അവിടെ ഉള്ളവർ ആവശ്യപ്പെട്ടു. നമ്മുടെ കവിക്ക് ഒട്ടും കുസലുണ്ടായില്ല. കുറഞ്ഞൊന്ന് ആലോചിച്ച ക്ഷണത്തിൽ താഴെ ചേൎത്തപ്രകാരം ഒരു ശ്ലോകം ബഹുവിശേഷമായ രീതിയിൽ ചൊല്ലി.

"നെടിയരിചോറുണ്ടിട്ടും
മത്തൻകൂട്ടാൻകൂട്ടീട്ടും
എണ്ണതേച്ചുകുളിക്കാഞ്ഞിട്ടും
പിത്തംവൎദ്ധിച്ചുഭൂപതേ"

ഈ ശ്ലോകം ചൊല്ലിയതിന്നുശേഷം കുറഞ്ഞൊന്നുകൂടി ആലോചിച്ച് "ട്ടും" എന്നൊരു ശബ്ദം പുറപ്പെടിച്ചു. അതിൻെറ അൎത്ഥം എന്തെന്നു ചോദിച്ചപ്പോൾ ശ്ലോകത്തിൻെറ അവസാനത്തിൽ അല്പം ഒരു തെററ് ഉള്ളതു തീൎത്തതാണെന്നു സമാധാനം പറഞ്ഞതത് ആൎക്കും മനസ്സിലാവാത്തതിനാൽ വീണ്ടും വിവരിച്ചുപറഞ്ഞു. മുമ്പിലത്തെ മൂന്നു പാദവും "ട്ടും" എന്ന് അവസാനിച്ചിരിക്കെ അവസാനത്തെ പാദം "തെ" എ

ന്ന് അവസാനിച്ചതു തെററാണെന്നും അതുകൊണ്ട് അവസാനപാഠം "പിത്തഃവദ്ധിച്ചഭ്രൂപതേട്ടം" എന്നായിരിക്കണമെന്നും ഉള്ള വിവരണത്തെ എല്ലാവരും "ശെരി" എന്നുപറഞ്ഞു ബ്രാഹ്മണന്റെ ബുദ്ധിവൈഭവത്തേയും നിമിഷകവിതാവാസനയേയുംകുറിച്ച അത്യന്തം പ്രശംസിച്ചതിനെ വിശ്വസിച്ച കൃതാത്ഥനായി മടങ്ങിപ്പോയി. ഈ ബ്രാഹ്മണന്റെ കൃതാത്ഥത ഏതു പ്രകാരമോ അതുപ്രകാരം മാത്രമാണ് മേൽപ്രസ്താവിച്ച പുസ്തകകത്താക്കന്മാരുടേയും കൃതാത്ഥത എന്നുമാത്രം പറഞ്ഞ് അവസാനിപ്പിക്കുന്നു. ആ കഥ അവിടെ ഇരിക്കട്ടെ.

മുമ്പു പ്രസ്താവിച്ച കാൎയ്യവും വേലയും കണ്ടുകൊണ്ടാടാൻവേണ്ടി നമ്മുടെ വടക്കർനായന്മാരായ ഭരണിക്കാർ കുളങ്ങരെ വന്നുനിന്നിരുന്ന സമയത്തു തെക്കരുനായന്മാരായി ഓരോന്നു പറഞ്ഞു കലശൽക്കൂടാൻ തുടങ്ങി. വടക്കരുടെ ഇടയിൽ ഒരു പ്രമാണി ഭാൎയ്യയുടെ വാക്കു കേട്ടതൊക്കെ ഉന്നക്കി എന്നും അതുപോലെതന്നെ തെക്കനായ ഒരു യോഗ്യൻ കാതിൽ കെട്ടിപിടിച്ചിരുന്ന കയറു മുറികയാൽ രസഘട്ടങ്ങൾ അറിവാൻ നിവൃത്തി ഇല്ലാത്തതുകൊണ്ടു പാട്ടുനിൎത്തേണ്ടതിന്നു ഭാഗവതരെ ശാസിച്ചു എന്നും മററും പറഞ്ഞ് അന്യോന്യം കലഹിക്കുന്നതു കേട്ടു കുറഞ്ഞൊരുനേരം നമ്മുടെ വക്കീലും കുളവക്കത്തു നിന്നുപോയി. അനന്തരം താനം വീട്ടിലേക്കു മടങ്ങിപ്പോയി.

# എട്ടാം അദ്ധ്യായം.

## പറങ്ങോടിയുടെ പരിഭ്രമവും പറങ്ങോടന്റെ പരിങ്ങലും.

പരിക്കൻ പാച്ചിൽ ഭവനത്തിന്റെ തെക്കെ ഭാഗത്തു താമരക്കുളം എന്നൊരു ഭവനം ഉണ്ട്. മൂക്കാണ്ടി അമ്മയുടെ അഗ്രജനും തറവാട്ടിലെ കാരണവനും ആയ കണ്ടപ്പമേനവന്റ സംബന്ധം ആ ഭവനത്തിൽ ഇട്ടിച്ചിരി അമ്മ എന്നൊരു സ്ത്രീയോടുകൂടി ആയിരുന്നു. ആ അമ്മക്ക പങ്ങൻ എന്നുപേരായി ഒരു പുത്രൻ ഉണ്ട്. അദ്ദേഹത്തെക്കൊണ്ടു പറങ്ങോടിക്കുട്ടിക്ക സംബന്ധം തുടങ്ങിക്കേണമെന്നു കണ്ടപ്പമേനവനും പത്നിയും മുമ്പുതന്നെ മനസ്സുകൊണ്ടു നിശ്ചയിച്ചിട്ടുണ്ടായിരുന്നു. എന്നാൽ അത് ഇതുവരെക്കും ആരോടും പ്രസ്താവിച്ചിട്ടുണ്ടായിരുന്നില്ല. പറങ്ങോടിക്കുട്ടി വയസ്സ് അറിയിച്ച ഒരു പെൺകിടാവായിത്തീൎന്നു. ഇനി തന്റെ ഹിതം പുറത്തു പറയേണ്ടുന്ന കാലമായി എന്നുകണ്ടു കണ്ടപ്പമേനോൻ സോദരിയോടു തന്റെ മനോരഥം പ്രസ്താവിച്ചു. ഉടൽ പിറന്നവന്റെ മകനും സ്വജാതിയും ആകയാലും വിശേഷിച്ചു കയ്യിൽ പത്തു പണത്തിന്ന് ആസ്തി ഉള്ളതുകൊണ്ടും ഈ ആലോചനക്ക വിശേഷവിധി തടസ്ഥം ഒന്നും പറവാൻ ഉണ്ടായിരുന്നില്ല. എങ്കിലും തന്റെ ഭൎത്താവിന്റെ ഹിതവും ഒന്നു അറിയുന്നതിനുമുമ്പെ പെണ്ണിനോടും ആലോചിച്ചുക

ളയാമെന്നു നിശ്ചയിച്ചു രണ്ടു ദിവസത്തിന്നുള്ളിൽ കാൎയ്യം തീൎച്ചപ്പെടുത്താമെന്നു മാത്രം മറുവടി പറഞ്ഞു മടങ്ങിപ്പോന്നു. അന്നുരാത്രി പങ്ങമാരാർ വന്നതിന്നുശേഷം മകളെ വിളിച്ചു അടുത്തുനിൎത്തി കണ്ടപ്പമേനോൻ പ്രസ്താവിച്ച സംഗതികൾ എല്ലാം പറഞ്ഞു. പറഞ്ഞോടിക്കുട്ടിയുടെ തറവാട്ടുമഹിമയേയും രൂപലാവണ്യത്തേയും വിദ്യാഭ്യാസത്തേയും പററി മുമ്പു പ്രസ്താവിച്ചിട്ടു തല്ക്കാലസാദ്ധ്യം യാതൊന്നും ഇല്ലായിരുന്നതിനാൽ അതു ചെയ്തിട്ടില്ല. ഇനി അതു പ്രത്യേക ആവശ്യമാകയാൽ ഇവിടെ പ്രസ്താവിക്കുന്നു.

പരിക്കൻപാച്ചിലിൽ തറവാട്ടുകാർ പണ്ടേക്കുപണ്ടേ ശ്രുതിപ്പെട്ടവരാണ്. അനവധി കാലമായിട്ട് ആ തറവാട്ടിൽ ഉള്ള പുരുഷന്മാരെല്ലാം ദിവാൻജിമാരും ദിവാൻ ഭേഷ്ക്കാരന്മാരും ആണ്. ഇപ്പോഴത്തെ കാരണവർ കണ്ടപ്പമേനവനോട് രണ്ടുമൂന്നുപ്രാവശ്യം ദിവാൻപണി വേണമോ എന്നു ചോദിച്ചിട്ടുണ്ട്. വീട്ടുകാൎയ്യംനോക്കാൻ വേറെ പുരുഷന്മാർ ഇല്ലാത്തതിനാൽ തനിക്കു വേണ്ടെന്നു തീൎച്ചയായും പറഞ്ഞ് ഉപേക്ഷിക്കുയാണ് ചെയ്തത്. കണ്ടപ്പമേനവൻെറ നേരെ ജ്യേഷ്ഠൻ കോരപ്പമേനോൻദിവാൻജിക്ക് ഈ പരമ്പരയായ ഉദ്യോഗം വിടാതെ കഴിഞ്ഞാൽകൊള്ളാമെന്നുണ്ടായിരുന്നു. തറവാട്ടിൽ ഇനി പുരുഷന്മാരും ഇല്ല. ഇങ്ങിനെ വ്യസനിച്ചുംകൊണ്ടിരിക്കുമ്പോഴാണ് മുക്കാണ്ടി അമ്മയ്ക്കു ഗൎഭം ഉണ്ടായത്. കോരപ്പൻമേനോൻദിവാൻ

ജി ഈ ഗർഭരക്ഷക്കായി ചിലവിട്ട പണത്തിന്നു സീമയില്ല. എന്തെല്ലാം നെയ്യുകളാണ്ണ് കാച്ചിയത്; എത്ര നെയ്യാണ്ണ് ജപിച്ചുകൊടുത്തത് എന്ന് ഈശ്വരന്ന് ഒരാൾക്കുമാത്രം അറിയാം. ഒന്നുരണ്ടുമാസം നെയ്യ് ജപിച്ചപ്പൊഴക്ക് അപ്പാശാസ്ത്രികളുടെ ദാരിദ്ര്യം തീൎന്നു തെക്കൻകച്ചവടം തുടങ്ങി. മണ്ണാൻ ചക്കു മരുന്നുഓല എഴുതി എഴുതി എടുത്ത കയ്യിൻെറ തള്ളവിരൽ കരിങ്കല്ലായി എങ്കിലും പ്രസവകാലമായപ്പോഴക്ക് ഇരുനൂററിൽ കുറയാതെ പറശ്ശു കണ്ടം സമ്പാദിച്ചു. പുരുഷപ്രജയാണെന്നു കെലുപ്പണിക്കർ രാശിവെച്ചുനോക്കി എഴുതിക്കൊടുത്തു. സ്ത്രീപ്രജയാണെന്ന് ഒരു ഓലയുടെ തുണ്ടത്തിൽ എഴുതി ചുരുട്ടിക്കെട്ടി പ്രസവം കഴിയുംവരെക്കും അഴിച്ചുനോക്കരുത് എന്നു താക്കീതോടുകൂടി മൂക്കാണ്ടിഅമ്മകയ്യിൽ സ്വകാൎയ്യമായി സൂക്ഷിപ്പാനും കൊടുത്തു. പത്തുമാസം കഴിഞ്ഞു പ്രസവിച്ചപ്പോൾ ശുദ്ധമെ സ്ത്രീപ്രജ ആയിരുന്നതിനാൽ വൈദ്യനും മന്ത്രവാദിക്കും മൊഴപട്ടം കെട്ടി. എങ്കിലും കേലുപ്പണിക്കർ തകൃതി വിട്ടില്ല. സ്വകാൎയ്യമായി സൂക്ഷിപ്പാൻ കൊടുത്ത ഓല പരസ്യത്തിൽ വായിപ്പാൻ പറഞ്ഞു. അതിൽ "പരിക്കമ്പാച്ചിലിൽ മൂക്കാണ്ടിഅമ്മയുടെ ഗൎഭം സ്ത്രീഗൎഭമാണ്ണ്. അതിന്നു തെററു വല്ലതും വന്നാൽ ഇനിമേലാൽ കുവിടിസ്സുഞ്ചി കെട്ടഴിക്കുന്നതല്ല. പാരമ്പൎയ്യമാണ്ണ് സത്യം" എന്നു എഴുതീട്ടുണ്ട്. പണിക്കർ പിന്നെ വലുതായത് ഇത്ര എന്നു പറയേണമൊ. ജി

വാൻജി ബഹുമാനമായി രണ്ടു കയ്യും വീരചങ്ങല കൊടുത്തു. പിന്നെയും അനവധി സമ്മാനങ്ങൾ കിട്ടി. അയാൾ അയാളുടെ പാട്ടിലും പോയി. കുട്ടിക്കു മൂന്നുനാലു വയസ്സു പ്രായമായി എഴുത്തിന്നുവെക്കലും കഴിഞ്ഞു. കോരപ്പമേനവൻദിവാൻജിക്ക് ഈ കുട്ടിയെ വലിയ കാര്യമായിരുന്നതിനാൽ വിദ്യാഭ്യാസത്തിന്നു തന്റെ ഒരുമിച്ചു കൊണ്ടുപോയി. ഈ കുട്ടി ഒരു ആൺകുട്ടിയായിരുന്നുവെങ്കിൽ ഇനിയത്തെ ദിവാൻ ആരാണെന്നു യാതൊരു സംശയവും ഇല്ല. എന്നും മററും ഒരുദിവസം ആശാൻ സ്തുത്യമായി പറഞ്ഞതുകേട്ടു കോരപ്പമേനവൻദിവാൻജിക്ക് ഒരു മനോരാജ്യം കടന്നുവശായി. "ബിലാത്തിയിലെ ഇപ്പൊഴത്തെ രാജാവ് ഒരു സ്ത്രീയാണ്. അവിടെ അനവധി മദാമമാർ ഓരോരൊ ഉദ്യോഗങ്ങളിൽ പ്രവേശിച്ചു പുരുഷന്മാരിൽ ഒരു അണുമാത്രം ഏറക്കുറവു വരാതെ പ്രവൃത്തികൾ ശരിയായി നടത്തിവരുന്നുണ്ടെന്നു കേൾക്കാനും ഉണ്ട്. പറങ്ങോടിക്കുട്ടിയുടെ ഭാഗ്യം ആൎക്കറിയാം. അവൾ ഇംഗ്ലീഷും മററും പഠിച്ചു കേമിയായാൽ തമ്പുരാൻ തിരുമനസ്സു വന്നാൽപ്പോരെ. ഏതായാലും അവളെ ഇംഗ്ലീഷു പഠിപ്പിക്കതന്നെ" എന്നും നിശ്ചയിച്ചു സ്കൂളിലേക്ക് അയക്കാൻ തുടങ്ങി. പറങ്ങോടിക്കുട്ടിക്കു പതിനേഴു വയസ്സു പ്രായമായപ്പോൾ കോരപ്പമേനോൻദിവാൻജി ഒരു വായുക്ഷോഭത്താൽ പെട്ടെന്നു മരിച്ചുപോയി. അതിന്നുശേഷം സ്കൂൾപഠിപ്പു നിൎത്തി വീട്ടിൽതന്നെ

സ്ഥിരമായി താമസം തുടങ്ങി. പറങ്ങോടിക്കുട്ടിയുടെ ആദിചരിത്രം ഇപ്രകാരമാണ്.

ഇപ്പോൾ പ്രായം പതിനെട്ടു തികഞ്ഞു. സൌന്ദര്യം പലരുടേയും അഭിപ്രായം പലവിധമാകയാൽ ഒരുവിധം അഭിപ്രായക്കാരുടെ തോന്നുപ്രകാരം വൎണ്ണിച്ചാൽ മറേറ കൂട്ടൎക്ക് അത്ര നന്നെന്നു തോന്നുന്നതല്ല. കാണുന്നവൎക്കെല്ലാം കണ്ണിന് ആനന്ദം ഉണ്ടാകുമെന്നു മാത്രമേ ഞാൻ പറയുന്നുള്ളു. ഏതുപ്രകാരമായാലാണ് ആ വിധം വരുന്നത് എന്നു വായനക്കാർ അവരവരുടെ ബുദ്ധിചാതുൎയ്യംപോലെ ആലോചിച്ചുകൊള്ളട്ടെ. ബുദ്ധിവിശേഷം മുമ്പുതന്നെ പ്രസ്താവിച്ചിട്ടുണ്ടല്ലോ. എന്തെങ്കിലും ഒരിക്കൽ കേട്ടാൽ അതു ശിലാരേഖ പോലെയാണ്. ഇംഗ്ലീഷു നല്ലവണ്ണം വായിപ്പാനും എഴുതാനും അറിയാം. തീവണ്ടി, തീക്കപ്പൽ, കമ്പിത്തപ്പാല് ഇവയെല്ലാം ഉണ്ടാകുന്നേയും മററും സമ്പ്രദായങ്ങൾ നല്ലവണ്ണം പഠിച്ചിട്ടുണ്ട്. തുന്നപ്പണി അതിവിശേഷംതന്നെയാണ്. നമ്മുടെ പറങ്ങോടമാരാർ വക്കീലായതിന്നുശേഷം അതിവിശേഷമായി ഒരു തൊപ്പി തുന്നി കസവുകൊണ്ടു പ്രഥമദൃഷ്ടിയിൽ ലതകളൊ എന്നു തോന്നുമാറ് "പറങ്ങോടൻ" എന്നു ഇംഗ്ലീഷ് എഴുത്തക്ഷരത്തിൽ തൊപ്പിക്കു ചുററുമായി തുന്നിപ്പിടിപ്പിച്ചു സമ്മാനമായി അദ്ദേഹത്തിന്ന് അയച്ചുകൊടുത്തിരുന്നത് ചില സ്നേഹിതന്മാരായ വെള്ളക്കാർ കണ്ടു് നായന്മാരുടെ ഇടയിൽ ഇത്ര കരകൌശലമുള്ള സ്ത്രീകൾ

ഉണ്ടെന്ന് അറിഞ്ഞു വിസ്മയപ്പെട്ടിട്ടുണ്ട്. മലയാളസമ്പ്രദായം ആഭരണങ്ങൾക്ക് ഒന്നിന്നും പറങ്ങോടികുട്ടിക്കു മോഹമില്ല. റവുക്കയും പാവാടയുമാണ് സാധാരണ ഉടുപ്പിൻെറ വട്ടം.

പറങ്ങോടനും പറങ്ങോടിയും ബാല്യത്തിൽത്തന്നെ അന്തഃകരണവിവാഹം കഴിച്ചിട്ടുണ്ട്. എന്നാൽ അത് ആൎക്കും നിശ്ചയമുണ്ടായിരുന്നില്ല. ഇംഗ്ലീഷു പഠിച്ചതുകൊണ്ടു ബുദ്ധിക്കു വിലാസവും മനോധൈൎയ്യവും അതിയായി സിദ്ധിച്ചതിനാൽ സ്വതന്ത്രചിത്തയായിരുന്നു. തൻെറ മനസ്സുകൊണ്ടു നിൎണ്ണയിച്ച് ഉറയ്ക്കുന്നതല്ലാതെ മാതാപിതാക്കന്മാരും തനിക്കു വേണ്ടിയ മറ്റുള്ള ചാൎച്ചക്കാരും ആലോചിച്ചുറച്ച് ഉപദേശിക്കുന്നതു കേട്ടുനടപ്പാൻ തക്കവണ്ണം ഒരു ഭോഷയല്ലെന്നു ലോകസമ്മതമായിരുന്നു. ഇതിന്നു അവർ താന്തോന്നിത്വം എന്നോ മറ്റോ പറയുന്നത് അജ്ഞാനാന്ധത്വംകൊണ്ടാണെന്നു പറങ്ങോടിക്കുട്ടിക്കു ജ്ഞാനം ഉള്ളതുകൊണ്ട് അവരുടെ അന്ധതയെ മനസ്സുകൊണ്ടു പുച്ഛിക്കുന്നതല്ലാതെ വെളിവിൽ കയൎക്കുന്ന സമ്പ്രദായം ഒരുനാളും ഉണ്ടായിരുന്നില്ല.

പറങ്ങോടിക്കുട്ടി മനോധൈൎയ്യവും സ്വതന്ത്രതയും ധാരാളം ഉള്ള ജാതി തന്നെ ആയിരുന്നുവെങ്കിലും തൻെറ മാതാവിൻെറ വാക്കു കേട്ടപ്പോൾ അതിയായ ഒരു പരിഭ്രമം ഉണ്ടായി. അല്പനേരം ഒന്നും മിണ്ടാതെ അവിടെത്തന്നെ നിന്നു. പിന്നെ തൻെറ അറയിൽ

പോയി വാതിൽ അടച്ചു നമ്മുടെ വക്കീലിന്നു ഉടനെ ഒരു കത്ത് എഴുതി അപ്പോൾതന്നെ തപാലിൽ ഇടേണ്ടതിന്ന് അടിയന്തരമായി കൊടുത്തയച്ചു. പിറെറ ദിവസം പറഞ്ഞോടൻവക്കീലിന്നു കത്തുകിട്ടി പൊളിച്ചു നോക്കിയപ്പോൾ തൻെറ പ്രാണപ്രിയയുടെ കയ്യക്ഷരം കണ്ടു സന്തോഷാബ്ധിയിൽ മുങ്ങിപ്പൊങ്ങി അല്പനേരം ഒന്നിന്നും വയ്യാതെ അന്ധനായി നിന്നുപോയി. പിന്നെ ഈവിധം വായിച്ചു.

"എൻെറ പ്രാണനാഥ.

എൻെറ അമ്മയും ശേഷമുള്ള ബന്ധുക്കളും കൂടി കണ്ടപ്പമ്മാമൻെറ മകനെക്കൊണ്ട് എനിക്കു സംബന്ധം തുടങ്ങിപ്പാൻ നിശ്ചയിച്ചിരിക്കുന്നു. എൻെറ ഈ ദേഹമുള്ള കാലത്തു ഞാൻ അതിന്ന് അനുവദിക്കുന്നതല്ല. ഞാൻ മുമ്പുതന്നെ എൻെറ ദേഹം അങ്ങേക്കായി ദാനംചെയ്തിരിക്കുന്നു. ദത്തമായതിനെ തിരിയെ വാങ്ങുന്നത് ഏതുകാലത്തും നടപ്പില്ല. നമ്മുടെ കൂട്ടക്ക് ഇംഗ്ലീഷിൻെറ ഗന്ധംപോലും ഇല്ലാത്തതിനാൽ സ്ത്രീപുരുഷന്മാരുടെ അനുരാഗാതിശയങ്ങൾ ഗ്രഹിപ്പാൻ ബുദ്ധിവികാസം ഇല്ല. എന്തുചെയ്യട്ടെ. എന്നാൽ ഇംഗ്ലീഷുനോവൽപോലെ അതിവിശേഷമായ ചില പുസ്തകങ്ങൾ മലയാളത്തിൽ ഇയ്യിടെ എഴുതീട്ടുള്ളവയെങ്കിലും ഒന്നു വായിച്ചുനോക്കിയാൽ എന്താണ അവക്കു ചേതം. അതും ചെയ്യുന്നില്ല. എടയുള്ളപ്പോൾ രാമായണമോ ഭാരതമോ പതിവ്രതാധമ്മമൊ മററു വി

നോദകരങ്ങളല്ലാത്ത ചില നിസ്സാരപുസ്തകങ്ങൾ വായിച്ചു കാലക്ഷേപംചെയ്യുമാത്രമേ ഉള്ളു. മീനാക്ഷിക്കുട്ടി അവളുടെ വക്കീലിന്നുവേണ്ടി തമ്പുരാനെക്കൂടി ഉപേക്ഷിച്ചിരിക്കെ ഞാൻ എന്റെ വക്കീലിന്നുവേണ്ടി ഒരു പങ്ങനെ ഉപേക്ഷിക്കുന്നതിൽ അത്ര ആശ്ചൎയ്യം എന്താണ്. അദ്ദേഹം സജ്ജനമാണെങ്കിൽ ചാത്തം മാസം ക്ഷണിച്ചോട്ടെ. എനിക്കുവേണ്ട നിശ്ചയംതന്നെ. എന്റെ പ്രാണനാഥൻ എന്നെ ഉപേക്ഷിക്കരുത്: അതിൽ ഒന്നുമാത്രമെ എന്റെ മനസ്സ് ഈ ജന്മം വ്യസനിക്കു ഉള്ളൂ. ഈ എഴുത്തു കിട്ടിയ ഉടനെ പുറപ്പെട്ട് ഇവിടെ വരണം. അമ്മാമൻ കഥയില്ലാത്ത ഒരു നാടനാകയാൽ ഒരുസമയം ദേഷ്യപ്പെട്ടു ചാടാനും മതി. നമുക്ക് അത് ഒന്നും വിചാരിപ്പാനില്ല. എനിക്കു പതിനെട്ടു വയസ്സു കഴിഞ്ഞില്ലേ. ഇനി ഞാൻ മൈനരാണ് എന്നും മററുമുള്ള ദുൎന്ന്യായങ്ങൾ ഭയപ്പെടേണ്ടതില്ല. ഇന്ദുലേഖ മാധവനെ ഗാന്ധൎവ്വമായി വിവാഹം ചെയ്തു പഞ്ചുമേനവന്റെ ഹിതം നോക്കാതെ മദിരാശിക്കു പുറപ്പെട്ടില്ലേ. പിന്നെ അവസാനം പഞ്ചുമേനവൻ വഴിപ്പെടേണ്ടിവന്നില്ലേ. അതുപോലെ കുറച്ചുകഴിഞ്ഞാൽ കണ്ടപ്പമ്മാനും വഴിപ്പെട്ടോളും. അതുകൊണ്ട് ഉടനെ വന്നു എന്നെ കൊണ്ടുപോവാൻ വീണ്ടും അപേക്ഷിക്കുന്നു. എന്ന് ആശ്രിത പറഞ്ഞൊടിക്കുട്ടി."

ഈ കത്തു വായിച്ചു ഉടനെ നമ്മുടെ വക്കീൽ കറണ്ണിനേരം ഇടിവെട്ടിയ മരംപോലെ അന്ധനായി നി

നുപോയി. കുഞ്ഞപ്പമേനോൻ ഒരു ശക്തനാണെന്നു തനിക്കു മുമ്പുതന്നെ അറിയാം. പറങ്ങോടിക്കുട്ടി തടസ്ഥം പറഞ്ഞാലും കാരണവരുടെ മുഷ്ക്കുനിമിത്തം അവസാനം വഴിപ്പെട്ടുപോകുമെന്നു ശങ്കിച്ചു നമ്മുടെ വക്കീലിന്ന് അതിയായ ഒരു പരുങ്ങലുണ്ടായി എന്നു പറവാൻ ഉള്ളൂ.

## ഒമ്പതാം അദ്ധ്യായം.

### ഒരു യാത്ര.

തന്റെ പ്രാണപ്രിയയായ പറങ്ങോടിക്കുട്ടിയുടെ എഴുത്തു വായിച്ചശേഷം പലേവിധമായ ആലോചനകളെക്കൊണ്ട് നമ്മുടെ വക്കീലിന്ന് അന്നത്തെ ദിവസം ഒരു സുഖവും ഉണ്ടായില്ല. എഴുത്തിന്നു മറുവടിയായി രണ്ടു മൂന്നു പ്രാവശ്യം എഴുതിനോക്കി. ഒന്നും നേരെ ആവാത്തതിനാൽ എല്ലാം വെച്ചുപൂട്ടി കച്ചേരിക്കു പോയി. അന്നത്തെ നമ്പ്രുകൾ മുഴുവനും ഒരുപോലെ തോററ് വയിന്നേരം മടങ്ങിവന്നു. രാത്രി അത്താഴത്തിന്ന് എലയുടെ മുമ്പിൽ ചെന്നിരുന്നതല്ലാതെ ഒരു വററുപോലും ഭക്ഷിക്കേണ്ടതിന്നു രുചി ഉണ്ടായില്ല. ഉടനെ പോയി കിടന്നുറങ്ങേണ്ടതിന്നു ശ്രമിച്ചുനോക്കി. ദേഹമെല്ലാം എരിപൊരിസഞ്ചാരംപോലെ - പുകഞ്ഞുതുടങ്ങി. കിടക്കുമ്പോൾ എഴുനീററ് ഇരിപ്പാൻ തോന്നും. പിന്നെയും കിടന്നുനോക്കും. കണ്ണടച്ചാൽ പറങ്ങോടിക്കുട്ടിയെ

മുമ്പിൽ കാണും. ഉടനെ കണ്ണുമിഴിച്ച് എഴുനീററുനോ
ക്കും. ശുദ്ധമേ അന്ധകാരംമാത്രം ദൃഷ്ടിഗോചരമാവു
മ്പോൾ ബുദ്ധിക്ഷയത്തോടുകൂടി അവിടെത്തന്നെ കിട
ക്കും. ഇങ്ങിനെ കിടന്നും എഴുനീററും നടന്നും തൊഴിച്ചും
ഒരുവിധം രാത്രി കഴിച്ചുകൂട്ടി. നേരം പ്രഭാതമായി. മന്ദ
മാരുതൻ വീയാൻ തുടങ്ങി. ചന്ദ്രകിരണം മങ്ങിത്തുട
ങ്ങി. പൌരുഹൂതിക്ക് സൂൎയ്യഗൎഭം പൂൎണ്ണമായി തികഞ്ഞ
പ്രസവവേദന ആരംഭിക്കയാൽ കപോതഹുംകൃതങ്ങ
ളെക്കൊണ്ടു ദീനപ്രലാപം തുടങ്ങി. കോകിലങ്ങൾ സൂ
ൎയ്യഭഗവാന്റെ എഴുന്നെള്ളത്തിന്നു മുമ്പിൽ വരുന്ന ഗാ
യകന്മാരോ എന്നു തോന്നുമാറ് ആകാശത്തിൽനിന്നു
കൎണ്ണാനന്ദമായി പഞ്ചമരാഗത്തിൽ പാടാൻ തുടങ്ങി.
ജ്ഞാനാങ്കുരത്താൽ അജ്ഞാനം ക്രമേണ നീങ്ങുംപോ
ലെ സൂൎയ്യോദയത്താൽ അന്ധകാരം നീങ്ങി നാരികളുടെ
കേശഭാരങ്ങളിലും ഗിരിഗഹ്വരങ്ങളിലും പോയി ഒളി
ക്കാൻ തുടങ്ങി. വിദ്വജ്ജനദൎശനംകൊണ്ട് സജ്ജന
ചിത്തം വിടരുംപോലെ പത്മങ്ങൾ വികസിപ്പാൻ തുട
ങ്ങി. പ്രോഷിതഭൎത്തൃകയായ സതിയുടെ ഹൃദയംപോ
ലെ ആമ്പൽ കൂമ്പാൻ തുടങ്ങി. സൂരികളുടെ ഇടയിൽ
കിഞ്ചിജ്ജ്ഞന്മാർ ശോഭിക്കുന്നതല്ലെന്നു ബഹുജനങ്ങൾ
ക്കു ദൃഷ്ടാന്തപ്പെടുത്തി കൊടുക്കുകയോ എന്നു തോന്നുമാ
റ് നക്ഷത്രങ്ങൾ മങ്ങിത്തുടങ്ങി. വൈദികന്മാർ ജലപാ
ത്രമെടുത്ത് നദീതീരങ്ങളിൽ പോയി സ്നാനം കഴിച്ച് ഗ
ണപതിഹോമം മുതലായ ഹോമങ്ങൾ ചെയ്യുമ്പോൾ

പാപം ദൃഷ്ടിഗോചരമായി ചാടിപ്പോകയോ എന്നു തോന്നുമാറ് ഹോമധൂമങ്ങൾ ഗൃഹങ്ങളുടെ മോന്തായങ്ങളിൽക്കൂടി പുറപ്പെട്ടുതുടങ്ങി. അവരുടെ പത്നിമാർ ദന്തശുദ്ധി മുതലായതുകളെക്കൊണ്ടു ദേഹശുദ്ധിചെയ്ത് അടിച്ചുതളി ദധിമഥനം മുതലായ ഗൃഹകൃത്യങ്ങൾ ചെയ്തുതുടങ്ങി. കാമുകന്മാർ "നവമൃഗമ്മൂരിതമുഖശ്യാമാംഗനാലിംഗനപ്രാപ്താനേക സുഖപ്രമോദമനസ്സ്"കളായിട്ടു കഴിഞ്ഞ രാത്രി മുഴവനും നിന്നിദ്രന്മാരായി രമിക്കയാൽ ലോഹിതലോചനന്മാരായി മനമല്ലാത്ത മനസ്സോടെ അവരവരുടെ പ്രിയമാരുടെ മേടങ്ങളിൽനിന്നു പുറപ്പെടാൻതുടങ്ങി. പ്രിയമാരൊ തങ്ങടെ കാമുകന്മാരായുള്ള വിയോഗത്തിൽ അസഹ്യമായ അന്തരാപംനിമിത്തം പിന്നാലെ ചെന്നു പുറം പുൽകി. "പുനരാഗമനംവരക്കം എങ്ങിനെ ഞാൻ ജീവിച്ചിരിക്കും" എന്നും മുറവുള്ള സ്നേഹപുരസ്സരങ്ങളായ ചാടുവാക്യങ്ങളെക്കൊണ്ടു ഭിന്നചിത്തന്മാരാക്കിത്തീർത്ത് യാത്ര മുടക്കിത്തുടങ്ങി. കാലികൾ കാടുതോറും മേയേണ്ടതിന്നു പോയിത്തുടങ്ങി. വേലക്കാർ അവരവരുടെ പ്രവൃത്തിക്ക് എത്തേണ്ടതിന്നു നേരം തെറ്റിപ്പോകുമോ എന്നു ശങ്കിച്ചു പണി ആയുധങ്ങളെല്ലാം കെട്ടി ഭേസി ഓട്ടം തുടങ്ങി. നമ്മുടെ വക്കീൽ പണ്ടമാരാരും എഴുനീററു പുറത്തു വരേണ്ടതിന്നു കോണി ഇറങ്ങിത്തുടങ്ങി.

താഴത്തു വന്ന് ദന്തശുദ്ധിചെയ്ത് ഒരു കോപ്പചായ കുടിച്ചു. ആപ്പീസ്സുമുറിയിൽ കക്ഷികൾ പലരും

നിറഞ്ഞ് ഇരിക്കുന്നുണ്ട്. വക്കീലിനെ കണ്ടപ്പോൾ എല്ലാവരും എഴനീററുനിന്നു. എല്ലാവരുടേയും മുഖത്തേക്ക് ഒന്നിച്ചു നോക്കി കുറഞ്ഞൊരു പുഞ്ചിരിയോടെ "ഗുഡ്മോർണിങ്ങ്" എന്നു പറഞ്ഞ് ഒരു കസാല വലിച്ചിട്ട് അതിൽ ഇരുന്നു. അന്നെത്തെ വിചാരണക്കെട്ട ഗുമസ്തൻ മേശപ്പുറത്തുകൊണ്ടുവെച്ച കെട്ടഴിച്ച് ഒരു കടലാസ്സ് എടുത്തു വായിച്ചുനോക്കി ഒന്നുംതന്നെ മനസ്സിൽ ആയില്ല. ഒന്നുകൂടി വായിച്ചുനോക്കി. ഇടക്കിടെ പറങ്ങോടിക്കുട്ടിയുടെ എഴുത്തിലെ വാചകങ്ങളാണ് നാവിന്മേൽ വരുന്നത്. ഈ നിലയിൽ താൻ ചീത്തപ്പെട്ടുപോകുമെന്നുറച്ച് ഉടനെ എഴനീററ് അയൽവക്കത്ത് താമസിക്കുന്ന തൻെറ സ്നേഹിതനായ ഒരു വക്കീലിനെ പോയിക്കണ്ടു. താൻ മടങ്ങിവരുന്ന വരക്കും താൻ വക്കീലായ നമ്പ്രികൾ നടത്തേണമെന്ന് ആവശ്യപ്പെട്ടതിനെ അദ്ദേഹം സ്വീകരിക്കയാൽ കക്ഷികളേയും റിക്കാട്ടുകളേയും ഏല്പിച്ചുകൊടുത്ത് മടങ്ങിപ്പോന്നു. ചില്ലറ ചില ഉടുപ്പുകൾ മാത്രം എടുത്ത് ഒരു തുകൽപെട്ടിയിൽ ഇട്ട് അതും ഒരു യാത്രക്കിടക്കയും എടുത്ത് തീവണ്ടിക്ക് കൊണ്ടുവരാൻ ഒരു വാലിയക്കാരനെ ഏല്പിച്ചു. താൻ സ്റ്റേഷനിലേക്കു നടന്നു. അന്നത്തെ മെയിൽ വണ്ടിക്കുതന്നെ നമ്മുടെ മാരാര്വക്കീൽ നാട്ടിലേക്കു പോന്നു.

# പത്താം അദ്ധ്യായം.

---

ഒരു സംഭാഷണം

അല്ലെങ്കിൽ

പതിനെട്ടാം അദ്ധ്യായം.

താമരക്കുളത്തിൽ ഇട്ടിച്ചിരി അമ്മയുടെ മകൻ പങ്ങശ്ശുമേനവനെക്കൊണ്ട് പറങ്ങോടിക്കുട്ടിക്ക് സംബന്ധം തുടങ്ങിക്കേണമെന്നു ബന്ധുജനങ്ങൾ ആലോചിച്ചു എന്ന് എട്ടാം അദ്ധ്യായത്തിൽ പ്രസ്താവിച്ചതല്ലാതെ അദ്ദേഹത്തിന്റെ ഗുണദോഷങ്ങളെക്കുറിച്ചു ഒന്നും പ്രസ്താവിച്ചിട്ടില്ല. പങ്ങശ്ശുമേനവന് ഈ കാലം വയസ്സ് ഇരുപത്തഞ്ചായി. കണ്ടാൽ നല്ല സുമുഖനാണ്. ദേഹം അധികം നീണ്ടിട്ടും അധികം ഹ്രസ്വമായിട്ടും അല്ലാതെ ഇരുനിറത്തിൽ കുറഞ്ഞൊന്നു തടിച്ച സമ്പ്രദായമാണ്. കുടുമ കഴിച്ചിട്ടാൽ നിലത്ത് ഇഴയും. എല്ലായ്പ്പോഴും പ്രസന്നമുഖനാണ്. എഴുത്തും കണക്കും നല്ലവണ്ണം അറിയാം. ഇംഗ്ലീഷ് പഠിച്ചിട്ടില്ലാത്തതിനാൽ ഇപ്പോഴത്തെ സമ്പ്രദായത്തിന്നു ചില ഏററക്കുറവുകൾ ഉണ്ടെങ്കിലും ഇംഗ്ലീഷ് പഠിപ്പോടുകൂടി ഇപ്പോൾ ഉള്ള ചെറുപ്പക്കാരിൽ കാണുന്ന അപകടങ്ങളൊന്നും ബാധിച്ചിട്ടില്ല. സംസ്കൃതം കടുകട്ടിയാണ്. ബുദ്ധിക്കു വളരെ പാകതയും ഗുരുജനങ്ങളിൽ താഴ്മയും പരസങ്കടത്തിൽ അലിച്ചിലും പരോപകാരത്തിൽ ആദരതയും ലോകാപവാദത്തിൽ ഭയവും പരദ്രവ്യത്തിലും പര

ദാരത്തിലും വിരക്തിയും വളരെ ഉണ്ട്. ചെറുപ്പമാണെങ്കിലും ആ നാട്ടിൽ എന്തെങ്കിലും കൂട്ടം ഉണ്ടായാൽ പഞ്ചുമേനവന്റെ അടുക്കൽ ചെന്ന് അദ്ദേഹം പറയുന്നതുപോലെ കേട്ടുനടക്കുന്നത് ഇരുകക്ഷികൾക്കും സമ്മതമായിരുന്നു. ചെറുപ്പകാലത്തിലേ കൃഷി പ്രവൃത്തിയിൽ ശീലിച്ചുവന്നതിനാൽ അതിൽ വളരെ വൈദഗ്ദ്ധ്യം സിദ്ധിച്ചിട്ടുണ്ട്. അയൽവക്കക്കാൎക്കെല്ലാം നഷ്ടംവന്നാലും പഞ്ചുമേനവന്റെ കൃഷി കേടുകൂടാതെ കിട്ടുന്നതിനാൽ നാട്ടുകാൎക്കെല്ലാം ബഹു വിസ്മയമായിരുന്നു. ആൾ അതി ഭാഗ്യവാനാണ്. ദ്രവ്യം ദുൎവ്വിഷയങ്ങളിൽ ചിലവുചെയ്യുന്നതു പ്രാണവേദനയാണെങ്കിലും വേണ്ടതക്ക കാൎയ്യങ്ങളിൽ ഉള്ള വ്യയത്തിന്നു ലേശമെങ്കിലും മടിയില്ല. തന്റെ സ്വന്ത പ്രയത്നത്താൽ തന്നെ ഒരു ഇരുപതിനായിരം പാട്ടത്തിനുള്ള ഭൂമി ജന്മമായി സമ്പാദിച്ചിട്ടുണ്ട്. ഒരു ലക്ഷം ഉറുപ്പികയുടെ എടവാടും ഉണ്ട്. ഇതിന്നുപുറമെ അച്ഛൻ കൊടുത്ത സ്വത്തും അനവധി ഉണ്ട്. എന്നാൽ ഇത്ര ചെറുപ്പത്തിൽ ഈവിധമെല്ലാം സമ്പാദ്യം ഉണ്ടായിട്ടുണ്ടെങ്കിലും അധികപ്രസംഗമാകട്ടെ ദ്രവ്യമത്താകട്ടെ പഞ്ചുമേനവന് ഉണ്ടെന്ന് അദ്ദേഹത്തിന്റെ ബദ്ധവൈരികൾകൂടി പറയുന്നതല്ല. സാധാരണ ഒരു തെക്കൻ കട്ടിമുണ്ട് ഉടുക്കും. ഒരു തോൎത്തുമുണ്ട് ചുമലിലും ഇടും. എന്നാൽ അതു നിത്യവെള്ളയായി വേണമെന്നുമാത്രം ഒരു ശാഠ്യം ഉണ്ട്. തിരുവനന്തപുരം സമ്പ്രദായത്തിൽ

ചോകപ്പുകല്ലുകെട്ടി ഒരു ജോടി കടുക്കൻ കാതിലും വലത്തെ കയ്യിന്റെ മോതിരവിരലിന്മേൽ സ്വർണ്ണംകൊണ്ട് ഒരു പവിത്രമോതിരവും അതിൻമീതെ രണ്ട് ഉരുൾമോതിരവും ചെറുവിരലിന്മേൽ ഒരു മുദ്രമോതിരവും അരയിൽ ഒരു പൊന്നുനൂലും നിത്യത ധരിച്ചുവരുന്ന ആഭരണങ്ങൾ ആണ്. ഇതല്ലാതെ ചില ഏറാപ്പും മാറാപ്പും കെട്ടി പച്ചക്കാമദേവനായി നടക്കുന്ന സമ്പ്രദായം ഇദ്ദേഹത്തിന്നു ഇല്ലെന്നുമാത്രമല്ല അതിന്മേൽ കുറച്ചു പുച്ഛം കൂടി ഉണ്ട്. ഇദ്ദേഹത്തിന്നു രണ്ടു സോദരിമാരും ഒരു ഇളയമ്മയും അതിൽ നാലു സന്താനങ്ങളും ഉണ്ട്. സോദരിമാരിൽ മൂത്തവൾ പറങ്ങോടിക്കുട്ടിയുടെ സമവയസ്സയാണ്. അമ്മാളു എന്നാണ് പേർ. രണ്ടാമത്തെ സോദരി കുട്ടിയാണ്. അമ്മുക്കുട്ടി എന്നാണ് വിളിച്ചുവരുമാറ്. ഈ കുഡുംബത്തെ അതിവാത്സല്യത്തോടെ ഭരിക്കുന്നതിനാൽ പങ്ങശ്ശുമേനവന്റെ ഹിതം എന്തോ അത് അവൎക്കും ഹിതം എന്നല്ലാതെ മറെറാരു ചിന്ത ആ തറവാട്ടിൽ ഇല്ലെന്നു തീൎച്ചയായും പറയാം. ഇദ്ദേഹം കുട്ടിയായിരിക്കുമ്പോൾ മാതാപിതാക്കന്മാർ ഓമനപ്പേരായി അപ്പുക്കുട്ടൻ എന്നു വിളിച്ചുശീലിക്കയാൽ മുതിൎന്നതിന്നുശേഷം കുഡുംബത്തിൽ ഉള്ളവരെല്ലാം ആ പേർതന്നെ പിന്നേയും ഉപയോഗിച്ചുവന്നിരുന്നു.

ഒരു ദിവസം വയ്യീട്ട് അത്താഴവും കഴിഞ്ഞു പങ്ങശ്ശുമേനവൻ കിഴക്കെ മിററത്തു കാററുകൊണ്ടു ലാത്തുക

യായിരുന്നു. അപ്പോൾ ഇട്ടിച്ചിരി അമ്മയും ഊൺക ഴിഞ്ഞു പൂമുഖത്തു വന്ന് ഓരോരൊ ഗൃഹകൃത്യവൎത്തമാനങ്ങളും പറഞ്ഞു കുറച്ചുനേരം നിന്നു. പിന്നെ സ്വകാൎയ്യമായി ഒരു കാൎയ്യം ആലോചിപ്പാൻ ഉണ്ടെന്ന് പറഞ്ഞു മകനെ കൂട്ടി മാളികമുകളിലേക്കു് പോയി തൻെറ അറയുടെ പുറത്തളത്തിൽ പടിഞ്ഞാട്ടുള്ള ചാരുപടി തുറന്നു താൻ അതിന്മേൽ ഇരുന്നു മകനേയും അരികത്തിരുത്തി ഈ വിധം പറവാൻ തുടങ്ങി.

ഇട്ടിച്ചിരിഅമ്മ — അപ്പുക്കുട്ട അമ്മുക്കുട്ടിയുടെ കല്യാണം ഇനി നീട്ടി വെച്ചാൽ പെണ്ണു ചീത്തപ്പെടുത്തുമെന്നാണ് തോന്നുന്നത്. വയസ്സ പതിനൊന്നെ ആയോള്ളു എങ്കിലും ഇപ്പോഴത്തെ മൂതിച്ച് കണ്ടാൽ വരുങ്കൊല്ലത്തേക്ക് നിശ്ചയമായും വയസ്സ് അറിയിക്കും.

പങ്ങശ്ശമേനോൻ —“ഈ മകരത്തിൽ തന്നെ കല്യാണം കഴിക്കണമെന്നാണ് അച്ഛൻെറ അഭിപ്രായം. മകരത്തിൽ രണ്ടു മൂന്നു മുഹൂൎത്തങ്ങളും ഉണ്ടത്രെ.

ഇ —“ഇനി താമസിക്കുന്നത് ഒട്ടും വടിപ്പില്ല. ഒരു ദിവസം മുമ്പെ കഴിച്ചുവെങ്കിൽ പിന്നെ അത് വിചാരിച്ച മനസ്സ് പുണ്ണാക്കേണ്ടതില്ലല്ലൊ. അങ്ങേലെ പാറുക്കുട്ടിക്ക് അമ്മുക്കുട്ടിയേക്കാൾ ആറുമാസത്തെ തിങ്ങൾ മൂപ്പെ ഉള്ളൂ. അവൾ ഇന്നലെ തിരണ്ടു എന്നല്ലെ കേട്ടത്. എനിക്ക് അതു കേട്ടതിൽ പിന്നെ മനസ്സിൽ വല്ലാതെ ഒരു വിചാരം കടന്നിരിക്കുന്നു. ഇനി എന്ത് മുട്ടിമുട്ടുകൾ ഉണ്ടെങ്കിലും അതിന്ന് അമാന്തമാക്കരുത്.

പ—"മകരത്തിൽതന്നെ അടിയന്തരം നടത്തേണമെന്നാണ് ഞാനും നിശ്ചയിച്ചിരിക്കുന്നത്. സത്രമായി കഴിപ്പാൻ ഇക്കൊല്ലത്തെ മാതിരി കണ്ടാൽ സാധിക്കുമെന്നു തോന്നുന്നില്ല.

ഇ—"അതൊക്കെ എത്തുമ്പോലെ ആയിക്കോട്ടെ. കാലത്തിനൊത്ത കോലം മതി (കുറച്ചുനേരം മനോരാജ്യം പോലെ ഇരുന്നു. പിന്നെ പതുക്കെ ഒന്നു പുഞ്ചിരി പൂണ്ട്) അതൊക്കെ ഇരിക്കട്ടെ കല്യാണത്തിന്നു തള ഇടീക്കാൻ നോക്ക ഒരു അമ്മായി വേണ്ടെ അപ്പുക്കുട്ടാ"

പഞ്ചുമേനോൻ ഒന്നും മിണ്ടാതെ തലതാത്തി ഇരിക്കുന്നു.

ഇ—"എണ്ണങ്ങളെല്ലാം തികയാഞ്ഞാൽ അത് കുറച്ചു പോരായെന്നല്ലെ നിന്റെ അച്ഛൻ നാലഞ്ചു പ്രാവശ്യമായി എന്നോട് ഇതിനെക്കുറിച്ച് ചോദിക്കുന്നു ഞാൻ പിന്നെ അത് നിന്നോട്ടു പറവാൻ ഓർമ്മയും വിട്ടു ഇന്നലെ രാത്രിയും ചോദിച്ചു. അപ്പുക്കുട്ടന് എന്താ ഇങ്ങിനെ തന്നെ കഴിഞ്ഞാൽ മതിയൊ. അതാതുകാലത്തിന്ന് ചേർന്നത് ഇല്ലാഞ്ഞാൽ അത് ഒരു അപവാദമാണ്. അതുകൊണ്ട് എവിടെ എങ്കിലും നല്ല തറവാട്ടു നോക്കി ഒന്ന് ആലോചിച്ചു ഉറച്ചോട്ടെഎന്നും മററും പറഞ്ഞു. അപ്പുക്കുട്ടൻ എന്തൊക്കെയാണ് ആലോചിച്ചിരിക്കുന്നത്.

പ—"കാലത്തിന്ന് ചേൎന്നത് ഇല്ലാഞ്ഞിട്ട് എന്നെ കൊണ്ട് വല്ല അപവാദവും അച്ഛൻ കേട്ടിട്ടുണ്ടൊ."

ഇ—"അതൊന്നും അവര് പറഞ്ഞിട്ടില്ല എന്നാലും ഇനി എന്തെങ്കിലും ചിലത് ആലോചിച്ച് ഉറക്കേണമെന്ന് തന്നെയാണ് എനിക്കും തോന്നുന്നത്. കുട്ടികളും എല്ലാപ്പോഴും അതിനെക്കുറിച്ച പറയാറുണ്ട് അവൾക്ക ഒരു ഏട്ടത്തി അമ്മയെ കാണാഞ്ഞിട്ട് ഒരു സുഖവും ഇല്ലത്രെ"

പ—"ഞാൻ എന്താണമ്മെ ഇതിനെല്ലാം പറയേണ്ടതുള്ളത്. നിങ്ങളും അച്ഛനും എന്താണ്, പറയുന്നത്, അത് എനിക്കും സമ്മതമാണ്".

ഇ—"അതെല്ലാം ശരിതന്നെ. എങ്കിലും ഈവക കാൎയ്യങ്ങൾ മറെറാരാൾ ഉറക്കേണ്ടതല്ല. നിണക്ക് എങ്ങിനെയാണ് മനസ്സ് എങ്കിൽ അത് ഞങ്ങൾക്കു എല്ലാവൎക്കും സമ്മതമാണ്. ഒന്നുമാത്രം വരരുത്. കണ്ട ചെററകളെയും മററും പിടിച്ചുകൊണ്ടുവരാഞ്ഞാൽ മതി".

പ—"അച്ഛൻ വല്ലതും ആലോചിച്ചിട്ടുണ്ടൊ".

ഇ—"ഒന്നൊന്നായി ഒന്നും പറക ഉണ്ടായില. ഇന്നാളൊരുദിവസം ഓരൊന്ന് പറഞ്ഞുകൊണ്ട് ഇരിക്കുമ്പോൾ അപ്പുക്കുട്ടനെ കൊണ്ട് പറങ്ങോടിക്കുട്ടിക്കു സംബന്ധം തുടങ്ങിച്ചാലൊ എന്നു പറക ഉണ്ടായി".

പ—"അപ്പോൾ അമ്മ എന്താണ മറുവടി പറഞ്ഞത്".

ഇ—"എനിക്ക് എന്താണ് അതിന്ന് മറുവടി പറവാൻ ഉള്ളത്. പറങ്ങോടിക്കുട്ടി അപ്പുക്കുട്ടന്റെ അച്ഛന്റെ മരുമകളാണ്. ക്രമപ്രകാരം അവകാശപ്പെണ്ണും ആണ്".

പഞ്ചുമേനോൻ ഒന്നും മിണ്ടാതെ തലകുമ്പിട്ടു ഇരിക്കുന്നു.

ഇ—(ചിരിച്ചുംകൊണ്ടു) "എന്താ അപ്പുക്കുട്ടൻ ഒന്നും മിണ്ടാത്തത്. അത് അത്ര പിടിച്ചില്ല എന്നുണ്ടൊ" അഛനു അങ്ങിനെയാവുന്നത സന്തോഷമാണെങ്കിൽ അങ്ങിനെതന്നെ ആയിക്കോട്ടെ അല്ലെ.

പ—"കുറച്ചു മുമ്പു അമ്മപറഞ്ഞത് മറന്നുപോയൊ ഈവക കാൎയ്യങ്ങൾ മറ്റൊരാളുടെ മനസ്സുപോലെ ആയാൽ നേരെആവില്ലന്നല്ലെ അമ്മപറഞ്ഞത്".

ഇ—"അതൊക്കെ ശരിതന്നെയാണ് എങ്കിലും അഛന്റെ ആലോചനയിൽ അപ്പുക്കുട്ടന് ന്യായമായ തടസ്ഥങ്ങൾ ഒന്നും ഉണ്ടാവാൻ പാടില്ല. പറങ്ങോടിക്കുട്ടി കണ്ടാൽനല്ലൊരുകുട്ടിയാണെന്നുള്ളതിലേക്ക്. ആക്ഷേപം ഉണ്ടൊ. സ്വഭാവവും നന്നെന്നാണ് എനിക്ക് തോന്നുന്നത്. കാൎയ്യത്തിന്ന് വേണ്ടുവോളം മതി, ഇംഗ്ലീഷും മറ്റും പഠിച്ച പെണ്ണുങ്ങൾ നമ്മുടെ നാട്ടിൽ ആരാണ് വേറെ ഉള്ളത്. ആ വീട്ടുകാരായിട്ടുള്ള ബന്ധുത്വം നമുക്കു പണ്ടെക്കുപണ്ടെ ഉള്ളതല്ലെ. അതു വിടാതെ ഇരിക്കുന്നത് അത്യാവശ്യമാണ്".

പ—"അമ്മ പറഞ്ഞതെല്ലാം കാര്യംതന്നെ. എന്നാൽ എനിക്കുള്ള തടസ്ഥങ്ങൾ ഞാൻ പറഞ്ഞാൽ തക്ക ത്തരം പറകയാണെന്നു വിചാരിക്കില്ലെങ്കിൽ ഞാൻ പറയാം".

ഇ—"എന്താ പറയു, ഞാനും കേൾക്കട്ടെ".

പ—"പറങ്ങോടിക്കുട്ടി കണ്ടാൽ തരക്കേടില്ലെന്നുള്ളതി ലെക്ക ആൎക്കും ആക്ഷേപം ഉണ്ടാകയില്ല. അവളുടെ സ്വഭാവവും ഇംഗ്ലിഷു പഠിപ്പും എനിക്കു അത്ര നന്നെ ന്നു തോന്നുന്നില്ല".

ഇ—"ഇതാണ് വിശേഷമായത്. പഠിച്ചറിവുള്ള ഒരു ത്തി ആവുന്നതാണൊ അപ്പുക്കുട്ടനു ആക്ഷേപം"

പ—"ഞാൻ പറഞ്ഞതിൻെറ അൎത്ഥം അമ്മ തെററി ധരിച്ചു എന്നാണ് തോന്നുന്നത്. പഠിച്ച അറിവ് സ്ത്രീകൾക്കു അരുത് എന്നുല്ല ഞാൻ പറഞ്ഞത്. അ ത് അത്യാവശ്യവും തന്നെയാണ്. എന്നാൽ പറ ങ്ങോടിക്കുട്ടിയുടെ വിശേഷവിധി അറിവു നമുക്ക് അ ത്ര അത്യാവശ്യമൊ എന്നു മാത്രമെ ആക്ഷേപം ഉള്ളു."

ഇ—"അതെന്താ."

പ—"അതു വേണമെങ്കിൽ പറയാം. പറങ്ങോടിക്കുട്ടി ക്കു ഇംഗ്ലീഷുഭാഷ കടകട്ടിയാണ് എന്നല്ലെ അമ്മ പറഞ്ഞത്. അതുകൊണ്ടു നമുക്കു വിശേഷവിധി ആ വശ്യം എന്താണ്. ഞാൻ വെള്ളക്കാരനല്ല. എൻെറ സ്വന്തഭാഷ മലയാളമാണ്. നമുക്കു വെള്ളക്കാരനാ

യി ഒരു വേഴ്ചയും ഇല്ല. അപ്പോൾ അവളുടെ ഇംക്ലീ
ഷ് ഭാഷാപരിജ്ഞാനംകൊണ്ട് ഒരു വിശേഷവിധി
എന്താണെന്ന് എനിക്ക് മനസ്സിലായില്ല. അധിക
ഭാഷാപരിജ്ഞാനം വേണ്ടതാണെങ്കിൽ ഇംക്ലീഷെ
ന്നു മാത്രം വെക്കാൻ ഇല്ലല്ലൊ. പരിന്ത്രീസും ഇരിക്ക
ട്ടെ. അതല്ലെങ്കിൽ തിലങ്ക്, കർണ്ണാടകം, ഹിന്തുസ്ഥാ
നി എന്നുവെച്ചുണ്ട ഭൂലോകത്തിൽ എന്തെല്ലാം ഭാഷ
കൾ സംസാരിക്കുന്നുണ്ടൊ അതെല്ലാം അറിഞ്ഞിരി
ക്കുന്നതും നല്ലതുതന്നെ അല്ലെ. അഞ്ഞൂറ് കൂട്ടം ഭാ
ഷകൾ സംസാരിപ്പാൻ അറിഞ്ഞുകൊണ്ട് സ്ത്രീകൾ
ക്ക് പ്രത്യേകിച്ച് നമ്മുടെ സ്ത്രീകൾക്ക് ഇപ്പഴെ
ന്തൊരു പ്രയോജനമാണ് ഉള്ളത്. ആ സമയംകൊ
ണ്ട് നമുക്ക അത്യാവശ്യങ്ങളായ സാധനങ്ങൾ എ
ന്തെല്ലാം ഗ്രഹിപ്പാനുണ്ട്. പിന്നെ തുന്നപ്പണി വള
രെ വിശേഷമാണത്രെ. നോം മേലിൽ തുന്നക്കാരായി
കാലക്ഷേപം കഴിക്കാനാണൊ പോണത്. എന്നാൽ
പറഞ്ഞോടിക്കുട്ടി നമുക്ക് അത്യാവശ്യംതന്നെയാണ്.
അത് അല്ലല്ലൊ. വെള്ളക്കാരുടെ സ്ത്രീകൾ അതു മു
ഖ്യമായി പഠിക്കുന്നതിന്നു കാരണംഉണ്ട്. അവരുടെ
ഉടുപ്പുകൾ സമ്പ്രദായംകൊണ്ടു സാധുക്കളായവരുടെ
സമ്പാദ്യം മുഴുവനും തുന്നക്കാരന്ന കൂലികൊടുപ്പാനെ
തികയു. അപ്പോൾ അവരവരുടെ സ്ത്രീകൾക്ക് ത
ന്നെ തുന്നൽ വശമാണെങ്കിൽ ആ ഒരു ചിലവുകൂടാ
തെ കഴിക്കാം. അതുകൊണ്ടു സ്ത്രീകളെ തുന്നപ്പണി

പഠിപ്പിക്കുന്നത് വെള്ളക്കാൎക്കു അത്യാവശ്യമാണ്. നമ്മുടെ സ്ത്രീകൾക്ക് ഒന്നാമതും മുണ്ടും അല്ലെ ഉടുപ്പിന്റെ വട്ടം. അതിന്നു തുന്നൽപ്പണി എത്രത്തോളം ആവശ്യമുണ്ട്. ഏറി കവിഞ്ഞാൽ വക്ക് തിരിപ്പാനും അടയാളം കുത്താനും ആവശ്യമുണ്ടായിരിക്കാം. അതു ഇത്ര ഘോഷം കൂട്ടാതെകണ്ട് തന്നെ നമ്മുടെ കുട്ടികൾക്ക് മിക്കതും അറിയാമെന്നാണ് എനിക്കുതോന്നുന്നത്. അതുകൊണ്ടു പറങ്ങോടിക്കുട്ടിയുടെ ഭാഷാപരിജ്ഞാനവും കൈവേലജ്ഞാനവും നമ്മെ സംബന്ധിച്ചേടത്തോളം നിഷ്പ്രയോജനമാണ്. ഇനി ഇംഗ്ലീഷ് പഠിച്ചതുകൊണ്ടു ബുദ്ധിക്ക് അധികം പരിഷ്കാരം സിദ്ധിച്ചിട്ടുണ്ടെന്നാണോ അമ്മ സിദ്ധാന്തിക്കുന്നത്. അതും ഇല്ലെന്നു ഞാൻ ദൃഷ്ടാന്തമാക്കിത്തരാം: മനുഷ്യനു വിവേകജ്ഞാനം ലഭിക്കുന്നത് പ്രായേണ വിദ്യാഭ്യാസംകൊണ്ടു മാത്രമാണ്. എന്നാൽ ആ വിദ്യാഭ്യാസത്തിന്ന് ഭാഷാപരിജ്ഞാനം എന്നൎത്ഥമില്ല. വിദ്യാഭ്യാസം എന്നത് മനുഷ്യന്റെ ജീവദശയിൽ ആചരിക്കേണ്ടുന്നേയും നിഷേധിക്കേണ്ടുന്നേയും ഉള്ള വസ്തുക്കളെ വഴിപോലെ തിരിച്ചു അറിവാൻ ഉള്ള ജ്ഞാനലാഭപരിശ്രമം ആകുന്നു. ഇത് "ആചാര്യാൽപാദമാദത്തേ" എന്ന പ്രമാണംപോലെ ഏതാനും ഗുരുമുഖത്തിൽനിന്നും ഏതാനും സ്വന്ത പരിശ്രമംകൊണ്ടും ഏതാനും സബ്രഹ്മചാരികളിൽനിന്നും ബാക്കി കാലപരിചയത്തിൽനിന്നും സിദ്ധിക്കേ

ണ്ടതാണ്. എന്നാൽ ഭാഷാപരിജ്ഞാനം ഇതിലേ
ക്കു ഒരുവിധം കാരണമായത് എങ്ങിനെ എന്നാണ്
ഇനി ആലോചിക്കേണ്ടത്. അതിനു അതിൻെറ ഉ
ത്ഭവകാരണം മുതല്ക്കു് ഒന്നാമതു പരിശോധിക്കുക.
മനുഷ്യൻ തൻെറ മനസ്സിൽ വിചാരിക്കുന്നതിനെ
അന്യന് എളുപ്പത്തിൽ മനസ്സിലാക്കാൻവേണ്ടി ചി
ല ഉപായങ്ങൾ കണ്ടുപിടിച്ചു. അവയിൽ പ്രധാന
മായത് എല്ലാം സാധനങ്ങൾക്കും വെവ്വേറെ പേർവി
ളിച്ചു അവ ആവശ്യംപോലെ ഉച്ചരിക്കുകയാകുന്നു.
അതു ഓരോരൊ സംഘക്കാർ ഓരോരൊ സമ്പ്രദായ
ത്തിൽ ആയിവന്നതിനാൽ അവ വെവ്വേറെ ഭാഷകൾ
ആയിതീൎന്നു. ഇത് ദൂരത്തിരിക്കുന്നവൎക്കും മേലിൽ
വരാൻപോകുന്നവൎക്കും ഉപയോഗപ്പെടുത്തേണ്ടതിനു
വേണ്ടി ലിപികളും നിൎമ്മിച്ചു. പിന്നെ ഓരോരൊ വി
ദ്വാന്മാർ സ്വാനുഭവംകൊണ്ടും ആലോചനകൊ
ണ്ടും അറിയപ്പെട്ട സംഗതികളെ മററുള്ളവൎക്ക് അറി
വിന്നുവേണ്ടി ഓരോരൊ ഗ്രന്ഥങ്ങളായി എഴുതിവെ
പ്പാൻ തുടങ്ങി. ഇങ്ങിനെ അധിക വിദ്വാന്മാർ ഏതു
ഭാഷക്കാരായിരുന്നുവെങ്കിൽ ആ ഭാഷയിൽ അധികം
ജ്ഞാനഗ്രന്ഥങ്ങൾ ഉണ്ടാവുന്നതും സാധാരണ ആ
കയാൽ കാലക്രമംകൊണ്ടു ഭാഷകളിലും ഗുരുലഘു
ത്വം വന്നുഭവിച്ചു. ഏവനൊരുവനെങ്കിലും സജ്ജന
സംസൎഗ്ഗത്തിനുപുറമെ വേറെയുംഗ്രാഹ്യങ്ങൾ വേണ
മെന്നു വിചാരിക്കുമ്പോൾ അധിക പണ്ഡിതന്മാ

രാൽ അലങ്കരിക്കപ്പെട്ടു് എന്തെങ്കിലും ഒരു ഭാഷാപരി ജ്ഞാനം അവന് അത്യാവശ്യമായിതീൎന്നു. ഇംഗ്ലീഷുകാരുടെ ഇടയിൽ അതിയോഗ്യന്മാർ ഉണ്ടായിരുന്നതിനാൽ ആ ഭാഷക്ക് ശ്രേഷ്ഠത ഉണ്ടായിരിക്കണം. അതുപോലെതന്നെ പരിന്ത്രീസുഭാഷയും ശ്രേഷ്ഠത ഉള്ളതായിരിക്കാം. എനിക്ക് ഇതു രണ്ടിന്റെയും ഗന്ധംപോലും ഇല്ലാത്തതിനാൽ അവയുടെ ഗുണദോഷം പറവാൻ ഞാൻ അപ്രാപ്തനാണ്. സംസ്കൃതം ഞാൻ അല്പം പഠിച്ചിട്ടുള്ളതുകൊണ്ടു അതിന്റെ ഗുണദോഷം ഏതാണ്ട് പറയാം. ആ ഭാഷ ഒരു സമുദ്രംപോലെ ഗംഭീരമായിട്ടുള്ളതാകയാൽ എല്ലാം അറിയാമെന്ന് ആരാലും പറവാൻ പാടുള്ളതല്ല. ഹിന്തുക്കളുടെ മാതൃഭാഷ ഈ സംസ്കൃതമായിരുന്നതിനാലും അവരുടെ ഇടയിൽ അപാരബുദ്ധിശാലികളായി അനേകം വിദ്വാന്മാർ മറ്റുള്ള യാതൊരു ഭാഷക്കാരുടെ ഇടയിലും ഉണ്ടായതിലും അധികം ഉണ്ടായിരുന്നതിനാലും ആ ഭാഷയിൽ ഒരുത്തന്റെ ജീവകാലം മുഴുവനും ഒരുപോലെ ശ്രമപ്പെട്ട് പഠിച്ചാലും ഒടുങ്ങാതെകണ്ടുള്ള ജ്ഞാനഗ്രന്ഥങ്ങൾ ഉണ്ടെന്നു തീൎച്ചയായും എനിക്കു പറയാം".

ഇ — "ഇത്ര ശ്രേഷ്ഠതയുള്ള ഭാഷയെക്കൊണ്ടാണൊ ഇന്നാളൊരു ദിവസം പറങ്ങോടമാരാര് വക്കീല് അതിനിന്ദ്യമായി പറയുന്നത് കേട്ടത്. അതിലെല്ലാം അമ്മായി ശ്ലോകങ്ങൾ ആണെന്നും കുട്ടികൾ പഠി

ച്ചാൽ ബുദ്ധി വഷളാവുമെന്നും മററും അപ്പുക്കുട്ടൻ അച്ഛനോട് പറയുന്നതു കേട്ടു".

പ—"നമ്മുടെ കൃഷിക്കാരൻ ശങ്കരൻ ഇംഗ്ലീഷിനെ കുറിച്ചും ഈ വിധം തന്നെ പറയുന്നതു ഞാനും കേട്ടു. ഇങ്കിരീസ്സ് പഠിച്ചാൽ മേൽകീഴ് വിട്ടു എല്ലാം കുന്നത്താം കെട്ടു പോകുമത്രെ. അവനെ വലതുഭാഗം കൊപ്പാൻ ഒരാളെ കൂടി ഉണ്ട് എന്നുമാത്രം വെളിവായി".

ഇ—"എന്താ അപ്പുകുട്ടീ! തോന്നിയവാസം പറയുന്നത്. ഹൈക്കോടതി വക്കീൽ പറങ്ങോടമാരാരും കൃഷിക്കാരൻ ശങ്കരനും ഒരുപോലെയാണെന്നോ? വലിയവരെ നിന്ദിച്ചു പറഞ്ഞാൽ പാപമാണ്".

പ—"ഞാൻ ആരെയും നിന്ദിക്കയല്ല ചെയ്തത്. പറങ്ങോടമാരാര് ഹൈക്കോടതി വക്കീൽ ആകയാൽ സിവിൽ നടവടി നിയമം തെളിവ്ശാസ്ത്രം ഇതുകളിലെല്ലാം വല്ല സംശയവും ഉണ്ടെങ്കിൽ അതു അദ്ദേഹത്താൽ തീൎക്കാൻ കഴിയും. സംസ്കൃതത്തിന്റെ ഗന്ധം അദ്ദേഹത്തിന്നില്ല. ശങ്കരനു ഇംഗ്ലീഷും അറിഞ്ഞുകൂട. അപ്പോൾ അവർ രണ്ടാളുടെ അഭിപ്രായവും ഒരുപോലെ ആവാനല്ലെ തരമുള്ളു. അതല്ലാതെ പറങ്ങോടമാരാരെ നിന്ദിച്ചു പറഞ്ഞതല്ല. അദ്ദേഹത്തിന്നു യഥാൎത്ഥമായി ഉള്ള യോഗ്യതയെ മാത്രം പ്രശംസിച്ചാൽ മതി എന്നാണെ ഞാൻ സിദ്ധാന്തിക്കുന്നത്".

ഇ—"അപ്പുക്കുട്ടൻ പറയും പ്രകാരമാണെങ്കിൽ ഇപ്പോൾ നമ്മുടെ സ്വദേശ ഭാഷയായ മലയാളം പഠിച്ചാൽ പോരെ".

പ—"മലയാളഭാഷക്ക് ഒരു ഭ്രഷ്ട് ഉണ്ടെന്ന ആരാണു പറയുന്നത്. ആ ഭാഷയിൽ സംസ്കൃതംപോലെ മൂലഗ്രന്ഥങ്ങൾ ഉണ്ടായിരുന്നുവെങ്കിൽ ഒരു പോരായ്മയും എനിക്കു തോന്നുന്നില്ല. കേരളത്തിൽ അതിവിദ്വാന്മാരായി മുമ്പ് ചിലർ ഉണ്ടായിരുന്നു. എന്നാൽ അവരുടെ അറിവുകൾ എല്ലാം സംസ്കൃതഭാഷയിൽ ആണ് അവർ പ്രകടിപ്പിച്ചത്. അതുകൊണ്ടു നമ്മുടെ നിർഭാഗ്യവശാൽ മലയാളഭാഷക്കു സാന്നിദ്ധ്യം സിദ്ധിപ്പാൻ വഴി ഉണ്ടായില്ല. അതുകൊണ്ടു ശാസ്ത്രങ്ങൾ ഒന്നും ഉണ്ടാക്കേണ്ടതിന്നു മലയാളഭാഷ മതിയാവുന്നതല്ല".

ഇ—"അതൊക്കെ പോട്ടെ. അപ്പുക്കുട്ടൻതന്നെ ഇത്തിരി മുമ്പിൽ പറഞ്ഞു ഇംഗ്ലീഷുകാരുടെ ഇടയിലും വിദ്വാന്മാർ ഉണ്ടെന്നും അവർ പരോപകാരാർത്ഥമായി അനവധി മൂലഗ്രന്ഥങ്ങൾ എഴുതീട്ടുണ്ടെന്നും അല്ലെ. ഇംഗ്ലീഷുഭാഷാപരിജ്ഞാനം പറഞ്ഞോടിക്കുട്ടിക്കു ഉണ്ടെന്നു അപ്പുക്കുട്ടന് ബോദ്ധ്യമല്ലെ. എന്നാൽ അവളുടെ ഇംഗ്ലീഷ് വിദ്യാഭ്യാസം സംസ്കൃതവിദ്യാഭ്യാസം പോലെതന്നെ നന്മയെ ചെയ്യേണ്ടതല്ലെ. ഇതിന്നു സമാധാനം എന്താ പറയു".

പ—"അമ്മയുടെ ഈ ആക്ഷേപം യുക്തിയുക്തംതന്നെ ആണ്. എന്നാൽ ഈ ആക്ഷേപത്തിൽ കുറഞ്ഞൊന്നു അയുക്തി ഉള്ളതു 'വിദ്യാഭ്യാസം' എന്ന വാക്കിന്റെ അൎത്ഥകല്പനയിൽനിന്നു ജനിക്കുന്നതാണ്. വിദ്യാഭ്യാസം എന്ന വാക്കിന്നു ഞാൻ കൊടുത്തിട്ടുള്ള അൎത്ഥം ഭാഷാപരിജ്ഞാനം എന്നല്ല. ഇത് ഞാൻ മുമ്പുതന്നെ പറഞ്ഞിട്ടുള്ളത് അമ്മ അത്ര ശ്രദ്ധവെച്ചില്ലെന്നുണ്ടോ. പറങ്ങോടിക്കുട്ടി ഇംഗ്ലീഷുഭാഷ പഠിച്ചിട്ടുണ്ടെന്നല്ലാതെ ആ ഭാഷക്കാരായ വെള്ളക്കാൎക്കു സിദ്ധിക്കുന്ന വിദ്യാഭ്യാസം പറങ്ങോടിക്കുട്ടിക്കു സിദ്ധിച്ചിട്ടുണ്ടെന്നു എനിക്കു ബോദ്ധ്യം ഇല്ല".

ഇ—"അപ്പുക്കുട്ടൻ പറയുന്നതു ശരിയാണെങ്കിൽ നമ്മുടെ ആൺകുട്ടികളും സ്കൂളിൽപോയി പഠിക്കുന്നത് വെറും ഇംഗ്ലീഷുഭാഷ മാത്രം ആയിരിക്കണം. പറങ്ങോടിക്കുട്ടി സ്കൂളിൽപോയി പഠിച്ചവളാകയാൽ സ്കൂൾപാഠമെല്ലാം അവളും പഠിച്ചിട്ടുണ്ട്".

പ—"എന്താ അതിനിത്ര ആക്ഷേപം. സ്കൂളിൽപോയി അസെസം കസെസാ എന്ന നാലു ശബ്ദം പുറപ്പെടിക്കാറായതുകൊണ്ട് വളരെ ജ്ഞാനസ്ഥൻ ആയി എന്നു അമ്മ വിചാരിക്കുന്നുണ്ടെങ്കിൽ മഹാ ദോഷതരം തന്നെയാണ്. ഇപ്പോഴുള്ള സമ്പ്രദായത്തിൽ പഠിക്കുന്ന ഒരു സാധാരണ സ്കൂൾ കുട്ടിയുടെ ഒരു ചരുക്കചരിത്രം ഞാൻ അമ്മക്കു പറഞ്ഞുതരാം. അതു

കേട്ടതിന്നു ശേഷം ഉണ്ടാവുന്ന അഭിപ്രായം എന്നോട പറയണെ”.

ഇ—“(ചിരിച്ചുംകൊണ്ടു) എന്തിനൊക്ക്യാണു പറയു. ഞാനുംകേൾക്കട്ടെ”.

പ—“എന്നാൽ കേട്ടോളു. ആദ്യംമുതല്ക്കു തുടങ്ങാം. നമ്മുടെ കുട്ടികൾക്കു മൂന്നു നാലു വയസ്സു പ്രായമാകുമ്പോൾ വിശേഷവിധി ബാലപാഠം ഒന്നും ഉണ്ടായിരിക്കയില്ലെന്നു പ്രത്യേകിച്ചു പറയേണ്ടതില്ലല്ലോ. ആ കാലത്തു രക്ഷിതാക്കന്മാർ കോഴിക്കോട്ടോ മറ്റൊ കൊണ്ടുപോയി സ്കൂളിൽ ചേൎക്കും. ഭക്ഷണത്തിന്നും മറ്റും ഒരു പട്ടരുടെ മഠത്തിൽ ശട്ടംകെട്ടി മൂന്നു നാലു ഉറുപ്പികയും കൊടുത്തു അവർ മടങ്ങിപോരും. അതിന്നു ശേഷം ആ കുട്ടികൾ സ്വതന്ത്രന്മാരായി തീൎന്നു. പട്ടരുടെ മഠത്തിൽ ശിക്ഷിച്ചുവളൎത്താൻ അദ്ദേഹത്തിന്റെ സ്വന്തവൈതങ്ങൾ തന്നെ ഉള്ളതുകൊണ്ടു ആരാന്റെ കുട്ടികളെ അത്ര മനസ്സുവെച്ചു വളൎത്തുമൊ എന്നു സംശയമാണ്. സ്കൂളിൽ ചെന്നാൽ ഭൂമി താനെതന്നെ വട്ടത്തിൽ ചുറ്റുന്നു എന്നും ഹൈദരാലിയുടെ മകനാണ് ടിപ്പുസുൽത്താൻ എന്നും മറ്റും അല്ലാതെ മതസംബന്ധമായ യാതൊരു പഠിപ്പാകട്ടെ സദാചാരജ്ഞാനമാകട്ടെ ആ കുട്ടികൾക്കു അവിടെ നിന്നു സിദ്ധിക്കുന്നില്ലാ. മനുഷ്യരെ ദുർവൃത്തികളിൽനിന്നു കാത്തു രക്ഷിക്കേണ്ടതിന്നു മതം പ്രബലമായ ഒരു കോട്ടയാ

കുന്നു. ഏതൊരു ജാതിക്കാരും മതവിശ്വാസംകൂടാതെ നന്മയെ അടഞ്ഞപ്രകാരം കേട്ടിട്ടില്ല. അത്ര ശ്രേഷ്ഠതയുള്ള മതസിദ്ധാന്തം എന്തെന്നുകൂടി അറിയാതെ ഒരു വീട്- ഒരു കുറുക്കൻ- പൂച്ചക്കു നാലു കാലുണ്ട്, എന്നും മററും സഭാലി ഉരുക്കഴിച്ചുംകൊണ്ടു ബാല്യകാലം കഴിച്ചുകൂട്ടും. യൌവനാരംഭം മനുഷ്യനു ഒരു വൈതരണി കടക്കുംപോലെ ഭയങ്കരമായിട്ടുള്ളതെന്നു സർവ്വജനസമ്മതമാണല്ലൊ. ആ കാലത്തു തോണിക്കു അമരംപോലെ കൊണ്ടുനടക്കാൻ ആരും ഉണ്ടായില്ലെങ്കിൽ നൂററിൽ തൊണ്ണൂററൊമ്പതും അപകടത്തിൽ ചാടി താന്തോന്നികളാവാനാണ് എളുപ്പം. ബുദ്ധിക്കു കൂർമ്മതയും ധാരണാശക്തിയും ഉള്ളതുകൊണ്ടു സന്മാർഗ്ഗി ആവേണമെന്നില്ല. ബുദ്ധി ഉള്ളവൻ ഏതുവഴിക്കാണു തിരിഞ്ഞത് എങ്കിൽ അതിൽ നിപുണൻ ആയി തീരും എന്നു മാത്രമെ ഉള്ളൂ. സ്കൂൾക്കുട്ടികൾ പത്തുമണിക്കു സ്കൂളിൽ ഹാജരാവേണമെന്നു നിയമമാണ്. അതുവരക്കും അവർ എന്തു പ്രവൃത്തിച്ചു എന്ന ചോദ്യവുമില്ല. നാലുമണി അടിച്ചാൽ എപ്പോവക്കും പോവാം. അതിന്നുശേഷം അവർ എന്തു പ്രവൃത്തിക്കുന്നു എന്നും ചോദ്യമില്ല. സ്കൂൾപാഠങ്ങൾ പഠിച്ചാൽ ക്ലാസ്സുകയററവും സമ്മാനവും ഉള്ളതല്ലാതെ കുട്ടികളുടെ നല്ല നടപ്പിനെ കുറിച്ചൊ അവരുടെ സഹവാസത്തെപ്പററിയൊ യാതൊരു അന്വേഷണവും ഉപാദ്ധ്യാ

യന്മാക്കില്ല. ഒന്നാംപാഠപുസ്തകം കയ്യിൽ എടുക്കു മ്പോഴേക്കു പൊകലപ്പൊടി ഡപ്പി മടിയിൽ ആയി. ചുരുട്ട വായയിൽനിന്നു എടുക്കുന്നതുതന്നെ ഘനക്ഷയമായി തീരും. വിസ്കിയും സോഡയുംകൂട്ടി ഒരു കുട്ട അയിസ്സും അതിൽ ഇട്ടു കുടിക്കുന്നത് ഉഷ്ണകാലങ്ങളിൽ ദേഹത്തിന്നു ബഹു വിശേഷമെന്നു മനസ്സിലാകും. 'എന്തു അമ്പലം' 'എന്തു ഏകാദശി' കരിങ്കല്ലിനെ തൊഴുതിട്ടും ഭക്ഷണം ഉപേക്ഷിച്ചിട്ടും ഉള്ള സുകൃതം എനിക്കു വേണ്ടവേണ്ട എന്നായിരിക്കും. ഈശ്വരനൊ, അവനെ ആരെങ്കിലും കണ്ടിട്ടുണ്ടോ? ഈ വക പിട്ടുകളെല്ലാം നാട്ടുപുറത്തു കിടക്കുന്ന മൂഢന്മാരോടല്ലാതെ ഇംഗ്ലീഷുപഠിച്ച നാഗരീകത പ്രാപിച്ച അസ്മജ്ജനത്തോട് കൊണ്ടുവന്നാൽ പറവൂമൊ എന്നും മററും ധാരാളം പറയാറാവും. ഇങ്ങിനെ കുറെ കഴിയുമ്പോഴക്ക് ഹിന്തുവും അല്ല ക്രിസ്ത്യനും അല്ല. ഒന്നും അല്ലാതെകണ്ട് ഒരു കൂത്താങ്കിരിജാതിയായി തീരും. ടിപ്പുസുൽത്താൻ ആരാണെന്നു പഠിക്കുമ്പോഴക്കു താൻ ആരാണെന്നു മറക്കും. സംസർഗ്ഗം താന്തോന്നികളായിട്ടായിത്തീരും. അതിൽനിന്നു മനുഷ്യന്റെ ബുദ്ധികൊണ്ടു ആലോചിപ്പാൻ കൂടി വഹിയാതെകണ്ടുള്ള വഷളത്വങ്ങളും ദുസ്സ്വഭാവങ്ങളും പഠിച്ചു വശാവും. സ്വാതന്ത്ര്യം എന്നതും താന്തോന്നിത്വം എന്നതും തമ്മിൽ തെററിധരിച്ചു ശുദ്ധമെ അധികപ്രസംഗിയായി തീരും. ത

റവാട്ടിൽനിന്നു ഊററിപ്പാററി വല്ലതും ഉണ്ടാക്കി അയക്കുന്ന ദ്രവ്യവും വല്ലതും കടം കിട്ടിയാൽ അതും അമ്മഅപ്പന്മാരോട് തക്കിടി പറഞ്ഞു വല്ലതും പിടുങ്ങാൻ സാധിച്ചാൽ അതും പുളിശ്ശേരിവെച്ച മൂന്നേകാൽ വീതിയിൽ ഒരു മാതിരിപ്പാടുമുണ്ട് ഞൊത്തി നിലത്തിട്ടു ചവിട്ടി പൊടിപാററി ചുമലിൽ ഒരു ഏറാപ്പും വായയിൽ ഒരു ചുരുട്ടും മടിയിൽ ഒരു പൊടിഡപ്പിയും കയ്യിൽ ഒരു മുണ്ടൻവടിയും ആയി ഒരു മുറിക്കുപ്പായവും ഇട്ടു കുളവക്കുകളിലും നിരത്തുകളിലുംകൂടി ലാത്തിക്കൊണ്ടു നടക്കാറായാൽ സാമാന്യം പഠിപ്പായി എന്നുവെക്കാം. ബുദ്ധിയുള്ളവനാണെങ്കിൽ ക്ലാസ് പാഠങ്ങൾ അധികപരിശ്രമം കൂടാതെ പഠിക്കാൻ സാധിക്കുന്നതുകൊണ്ടു വഷളത്തത്തിൻെറ കയററം പോലെ ക്ലാസ് കയററവും കിട്ടും. ഒന്നുരണ്ടു പരീക്ഷയും ജയിക്കും. പിന്നെ മടിരാശിക്കുള്ള പുറപ്പാടായി- അവിടുന്നു വെള്ളക്കാരനാവാനായി വാസന- മലയാളം മറന്നുതുടങ്ങും. വാലിയക്കാരനോടുവല്ല പണിയുംപറയുന്നതിൽകൂടി മൂന്നുനാലു ഇംഗ്ലീഷ് വാക്കു ഇടയിൽ വെക്കാഞ്ഞാൽ സുഖമില്ലാത്തതുകൊണ്ടു ആ മാതിരി ശീലിച്ച് ഇംഗ്ലീഷുകാക്കും മലയാളികൾക്കും മനസ്സിലാവാൻ വൈഷമ്യമായി ഒരു ഇംഗ്ലീഷ് മലയാളഭാഷയിൽ ആവും സംസാരം. ഇങ്ങിനെ ബി. എ. ബി. എൽ. പരീക്ഷയും കൊടുത്ത് പുറത്തുവരുമ്പോഴക്കു തറവാട്ടി

ന്റെ മൂത്താനെല്ലു മുറിഞ്ഞിരിക്കും. എങ്കിലും എന്റെ കുട്ടി അല്ലെങ്കിൽ എന്റെ ജ്യേഷ്ഠൽ ഉദ്യോഗസ്ഥനായാൽ എല്ലാവരേയും കനകാഭിഷേകം ചെയ്യും എന്നു വിചാരിച്ചു കണ്ണും തുറിച്ച് ചിരി എച്ചിലാക്കിക്കൊണ്ടു കുഡുംബക്കാരും ഇരിക്കുന്നുണ്ടാവും. മൂപ്പരുടെ പുറപ്പാട് ആ വഴിക്കു ഒന്നും അല്ല. മൂപ്പർക്കു മലയാളത്തിൽ ചവിട്ടാൻ തന്നെ ദൈന്യതയാണ്. കാരണവരുടെ മേലദ്ധ്യക്ഷത ഏതു നാട്ടിലാണു നടപ്പുള്ളത്. സോദരിമാർക്കു മുതലവകാശം അമരിക്കായിൽ ഉള്ള മ്ലേച്ഛന്മാരുടെ ഇടയിൽ കൂടി നടപ്പുണ്ടോ. മരുമക്കത്തായ സമ്പ്രദായമെ സാരമില്ല. മക്കത്തായമാക്കണം. ആൾവീതം ഭാഗം വേണം. എന്നൊക്കെ പൊടിപാറും. മലയാളത്തിലെ ആഭരണങ്ങൾ കണ്ടാൽ ആഫ്രിക്കാരാജ്യത്തിൽ ഉള്ള കാട്ടാളന്മാർകൂടി നിന്ദിക്കും. സ്ത്രീകളുടെ ഉടുപ്പിനെ കുറിച്ചു യൂറോപ്യന്മാർ ഫസിക്കുന്നതു കേൾക്കുമ്പോൾ ഞാനും ഒരു മലയാളിയാണെന്നു പറവാൻ ദൈന്യതയാവുന്നു. മലയാളഭാഷ സംസാരിക്കുമ്പോൾ തന്നെ ഒരു ലജ്ജ താനെ തോന്നിപ്പോകും. മലയാളസസ്യങ്ങൾക്കു ബിലാത്തിയിലെ സസ്യങ്ങളെപ്പോലെ സ്വാദുണ്ടോ? എലയിൽ ഉണ്ണുന്നത് എന്തു വിഡ്ഢിത്വമാണ്. കത്തിയും മുള്ളും വേണം എന്നൊക്കെ ആവും. മലയാളത്തിലെ ദേശാവസ്ഥ ബിലാത്തിപോലെ സുഖമുണ്ടോ. ജനങ്ങളുടെ മൂഢതയും

സാധുത്വവും കണ്ടാൽ ആഡം, ഈവ, ഇവർ ജീവിച്ചകാലത്തു വേണ്ടവരെന്നു തോന്നും. ഇങ്ങിനെ മലയാളമെന്ന വാക്കുകൂടി മൂപ്പക്ക് ദുസ്സഹമാണ്. തനിക്കുള്ളതെല്ലാം ബിലാത്തി. ആകപ്പാടെ നിലകണ്ടാൽ ആ തിയ്യതിവരക്കും ബിലാത്തിയിലായിരുന്നു വളൎന്നത് എന്നു തോന്നും. ഇങ്ങിനെ ഒരു ലോകതയും പാകതയും അങ്ങാടിമരുന്നോ പറിമരുന്നോ എന്നുകൂടി അറിവില്ലാതെ കാട്ടിൽനിന്നു പിടിച്ചു കൊണ്ടുവന്ന ഒരു ജന്തുവിനെപ്പോലെ മദിരാശി പറിപ്പും കഴിച്ചു മടങ്ങിവരുന്നതു കണ്ടാൽ കഷ്ടം തോന്നും. ഈ മനുഷ്യനു ഇംഗ്ലീഷ് ഭാഷാ പരിജ്ഞാനംകൊണ്ടു ഉണ്ടായ ഗുണം എന്താണു. ഇംഗ്ലീഷു വെള്ളംപോലെ വശം. ബുദ്ധിക്കു പാകതയും ലോകപരിജ്ഞാനവും വേണമെങ്കിൽ ഇനി ആദ്യം വല്ലതും നോക്കണം. എല്ലാ ജാതിക്കാൎക്കും അവരുടെ സംഘത്തിൽ അനുഷ്ഠിക്കേണ്ടതായ അനേകമൎയ്യാദകളും മുറകളും ഉണ്ടായിരിക്കും. മൂപ്പക്ക് ഇംഗ്ലിഷുപഠിപ്പുനിമിത്തം രണ്ടുംകെട്ടതായി തീൎന്നു. ഇംഗ്ലീഷു സംസാരിപ്പാൻ അറിയാത്തവരെല്ലാം പാമരന്മാരാണെന്നു മൂപ്പരുണ്ണിമൻകുട്ടി ധരിച്ചതുകൊണ്ടു നാട്ടുനടപ്പും മൎയ്യാദയും വളരെ പുച്ഛമാണ്. ഇംഗ്ലീഷുകാരുടെ കൂട്ടത്തിൽ കൂടാൻ മൂപ്പക്ക് ബഹു മോഹമാണെങ്കിലും അവർ അടുപ്പിക്കാത്തതുകൊണ്ടു വെള്ളക്കാരുടെ ഇടയിൽ നടപ്പുള്ള മൎയ്യാദകൾ അറിവാൻ നിവൃത്തി

യും ഇല്ല. അപ്പോൾ കുറെ കഴിഞ്ഞാൽ തനിക്കു തോന്നുന്നതു എന്നായിത്തീരും. ഒരു വെള്ളക്കാരൻ താടിയും തലയും നീട്ടിക്കണ്ടപ്പോൾ മൂപ്പരും നീട്ടാൻ തുടങ്ങി. കുറച്ചു ദിവസം കഴിയുമ്പോൾ താടി കളഞ്ഞു തല നീട്ടുക എന്നായാലൊ എന്നു വിചാരിക്കുമ്പോഴെക്കു അങ്ങിനെ ഉറച്ചുകഴിഞ്ഞു. മൂന്നാമത്തെ ആലോചന മീശ മതി എന്നാണ്. ഊണു പകുതി കിടന്നിട്ടാണു നല്ലതു എന്നു തോന്നി. അന്നു മുതൽക്കു അങ്ങിനെ ആരംഭിച്ചു. പിറേറന്നു മേശപ്പുറത്തു എന്നു തോന്നുകയാൽ മേലിൽ അങ്ങിനെ എന്നും വെച്ചു. എന്നുവേണ്ട ഉദയംമുതൽ അസ്തമനം വരെ ആയിരത്തെട്ടു സമ്പ്രദായമാണു മനസ്സിൽ ഉദിച്ചതു എങ്കിൽ അതെല്ലാം മൂപ്പൎക്കു നിയമമാണ്. എന്നു മാത്രമല്ല ആകപ്പാടെ പരിഷ്കാരപ്രിയനാണെന്നു ഒരു അഭിമാനംകൂടി വേറെ ഉണ്ട്. വെള്ളക്കാൎക്കുള്ള വഷളത്വമെല്ലാം മൂപ്പൎക്കു ശിക്ഷവശമാണ്. അവൎക്കു എവനാലും മാന്യങ്ങളായ ചില ഗുണങ്ങൾ ഉള്ളതു കണ്ടു എത്തീട്ടുംകൂടി ഇല്ലേനും. ഇങ്ങിനെ അനവധി ദ്രവ്യം വ്യയം ചെയ്തു ഇംഗ്ലീഷുപഠിച്ചു മണ്ണും ചാണകവും അറിവില്ലാതെ കുംഭമാസത്തിലെ അമ്പാഴമായി തീരുന്ന പ്രമാണികളെ കാണുമ്പോൾ ഈ ഇംഗ്ലീഷുവലയിൽ പിണയാത്തവൻ ഭാഗ്യവാനെന്നു പറയേണ്ടിവരും. ഒന്നും അറിയാത്തവൻ ആ നിലയിൽ നില്ക്കും. അവനെക്കൊണ്ടു നാട്ടിന്നു

യാതൊരു ഗുണവും ചെയ്വാൻ കഴികയില്ലെങ്കിലും ദോഷത്തിന്നു അവൻ പ്രാണിയല്ല. ഈ കല്പ്പെച്ച ഇംഗ്ലീഷുകാരൻ ആ നിലയിൽ നില്ക്കുന്നതല്ല. അവൻ സൎവ്വജ്ഞനാകയാൽ സൎവ്വവും പൂൎണ്ണമാണ്. തനിക്ക അറിവില്ലാത്തതെല്ലാം നിസ്സാരം. തനിക്ക മനസ്സിലാവാത്തതെല്ലാം അബദ്ധം. ഇങ്ങിനെയാണു ധാരണ. ഇതോടുകൂടി വല്ല സൎക്കാരുദ്യോഗവും കിട്ടിപ്പോയാലത്തെ കഥ പറയേണ്ടതൊ. "മൎക്കട സ്യ സുരാപാനം" എന്നപോലെ ആയിത്തീരും. പ്രതാപലങ്കേശ്വരൻ ഈ മഹാൻ തന്നെ. താൻ ഇംഗ്ലീഷുപണ്ഡിതനായി ഉദ്യോഗപീഠം കയറുന്നതിന്നു മുമ്പു പരിചയം ഉണ്ടായിരുന്ന നാട്ടുകാരെല്ലാം ആയിരംകാതം ദൂരമായി അകന്നുപോയി. മൂപ്പരും അമ്മയും മാത്രം ഒരു ജാതി വേറെ. മററു സകലരും ഭ്രഷ്ടന്മാർ. ആകപ്പാടെ താൻ ഉദ്യോഗസ്ഥനമ്മപെററു ഉണ്ടായ ഒരു പ്രത്യേകവംശമോ എന്നു തോന്നിപ്പോകും. ഈ സാധുവിൻെറ തലതിരിച്ചിലിന്നു കാരണം എന്താണ്. ബാല്യത്തിൽ വേണ്ടതുപോലെ വിദ്യാഭ്യാസം ഉണ്ടായിരുന്നാൽ ഇയ്യാളുടെ കണ്ണിന്നു ഇത്ര തിമിരം ബാധിക്കുന്നതൊ. വെള്ളക്കാരുടെ നാട്ടിൽ പഠിപ്പിക്കുന്ന സമ്പ്രദായം എൻെറ സ്നേഹിതൻ സവിസ്തരമായി ഒരു ദിവസം എന്നോടു പറഞ്ഞു. അതുകേട്ടപ്പോൾ അവൎക്ക യോഗ്യത സിദ്ധിക്കുന്നതു കുററമല്ലെന്നു എനിക്കും തോന്നി".

ഇ—"അപ്പുക്കുട്ട ഞാൻ ഒന്നു ചോദിക്കട്ടെ. ഉള്ളത് എന്നോടു പറയൊ".

പ—"(വിസ്മയപ്പെട്ട്) അമ്മോടു ഞാൻ എന്താക്യാണ് കള്ളവുപറഞ്ഞിട്ടുള്ളത്".

ഇ—"നീയ്യും വക്കീൽ പറഞ്ഞോടമാരാരും തമ്മിൽ വല്ല നീരസവും ഉണ്ടൊ".

പ—"ഞാനും അദ്ദേഹവും തമ്മിൽ വളരെ ലോഗ്യമാണല്ലൊ. അമ്മക്ക് എന്തെ അങ്ങിനെ ഒരു ശങ്ക തോന്നിയത്".

ഇ—"നീയ്യ പുതിയ ഇംഗ്ലീഷുകാരന്റെ ഒരു പുറപ്പാടു സമ്പ്രദായം പറഞ്ഞില്ലെ? അപ്പോൾ പറഞ്ഞോടമാരാരെ മുന്നിൽ നിർത്തി ഓരോന്നായി നോക്കി പറയും പോലെ എനിക്കു തോന്നി. അതുപോട്ടെ. വെള്ളക്കാരക്കുട്ടികളുടെ വിദ്യാഭ്യാസസമ്പ്രദായം നിന്റെ സ്നേഹിതൻ പറഞ്ഞു എന്നല്ലെ പറഞ്ഞത്. ആ സമ്പ്രദായം എങ്ങിനേയൊക്കെയാണ് കേൾക്കട്ടെ"

പ—"വെള്ളക്കാരുടെ നാട്ടിൽ ഉള്ള സ്കൂൾസമ്പ്രദായംതന്നെ ഇതുപോലെയല്ലപോൽ. കുട്ടികളുടെ സംരക്ഷണയും ശിക്ഷാരക്ഷകളും എല്ലാം അതാതു സ്കൂളിലെ പ്രധാനോപാദ്ധ്യായൻ വക്കലായിരിക്കും. ഈ സ്കൂളുകൾക്കു ബോർഡിംഗ് സ്കൂൾ എന്നൊ മറ്റൊ ആണത്രെ പേർ. ഒരു കുട്ടിയെ ആ സ്കൂളിൽ കൊണ്ടാക്കിയാൽ ആ കുട്ടിയുടെ രക്ഷിതാവായിട്ടു സകല അററകുററങ്ങളും അവിടെ നോക്കിക്കോളും. പണം നേരിട്ടു

കുഡുംബക്കാർ അവക്ക് അയച്ചുകൊടുക്കും. കുട്ടികൾ
ക്കു അവരവരുടെ വീടുകളിൽ എത്ര സുഖമുണ്ടൊ അ
പ്രകാരമെല്ലാം ഇവിടേയും ഉണ്ടായിരിക്കും. ഒന്നിനും
സ്വാതന്ത്ര്യമായി തോന്നിയവാസം കാണിപ്പാൻ പാടി
ല്ല. ഇന്നിന്ന മണിക്കൂറുകളിൽ ഇന്നിന്ന പ്രവൃത്തികൾ
ചെയ്യേണമെന്ന് ഒരു നിശ്ചയമുണ്ടായിരിക്കും. ആ
ക്കൂട്ടത്തിൽ കുറച്ചുനേരം കളിക്കാനും അവസരം കൊടു
ക്കും. ദേഹം നന്നായി ദൃഢഗാത്രനാക്കിത്തീൎപ്പാൻ പ
ലേവിധമായ വ്യായാമങ്ങളും ചെയ്യിപ്പിക്കും. ഈശ്വ
രവിശ്വാസം വരുത്തേണ്ടതിന്നു മതസംബന്ധമായ പ്ര
സംഗം ദിവസേന ഉണ്ടായിരിക്കും. രാത്രി കിടക്കു
മ്പോഴും പുലൎച്ചക്ക് എഴുനീല്ക്കുമ്പോഴും ദൈവത്തെ പ്രാ
ൎത്ഥിക്കണം. സത്യം വിട്ടു നടക്കയൊ വല്ല വഷള
ത്വങ്ങളിലും മനസ്സുവെക്കയൊ ചെയ്താൽ അതിന്നു ക
ഠിനമായി ശിക്ഷയുണ്ട്. ഇങ്ങിനെ മൂന്നുനാലു വയസ്സു
മുതൽക്കു അതാതു ദിവസങ്ങളിലെ പ്രവൃത്തികൾ നി
ശ്ചയപ്രകാരം ഉള്ള സമയങ്ങളിൽ ചെയ്യിപ്പിച്ചു ശീ
ലിപ്പിക്കുന്നതുകൊണ്ടു പ്രായംമതിരുമ്പോഴെക്കു എല്ലാ
റ്റിനും ഒരു കൃത്യവും വെടിപ്പും സഹജമായിത്തീരും.
എത്ര മന്ദബുദ്ധിക്കും ദിവസേനാൽ തന്റെ ജീവദശ
യിൽ ആചരിക്കേണ്ടുന്ന സന്മാൎഗ്ഗോപദേശങ്ങളെ മേൽ
ക്കുമേലായി ഉപദേശിച്ചു ശീലിപ്പിക്കുന്നതുകൊണ്ടു കുറ
ച്ചെങ്കിലും ഒരു ഗുണം സിദ്ധിക്കാതെ പോകുന്നതല്ല.
അധികകാലം ഒരു മകുടം കരിങ്കല്ലിന്മേൽ വെച്ചാൽ

അവിടെ കഴിഞ്ഞുപോകുന്നതു നമുക്കു ദൃഷ്ടാന്തമാണല്ലൊ. ഞായറാഴ്ചദിവസം എത്ര മുഠാളനും പള്ളിക്കു പോകാതിരിക്കയില്ല. അവിടെവെച്ചു അതിവിദ്വാന്മാരായ പാതിരിമാർ മനുഷ്യൻ തന്റെ ജീവകാലം ഉപയോഗപ്പെടുത്തേണ്ടുന്ന സമ്പ്രദായങ്ങളും ദൈവവിശ്വാസത്തിന്നുള്ള ഗുണങ്ങളും മററു സാരമായ അനേക ഉപദേശങ്ങളും അതിഭംഗിയായി പ്രസംഗിക്കുന്നതു എല്ലാം ഞായറാഴ്ചകളിലും കേൾമ്പോൾ എത്ര ദുഷ്ടന്റെയും മനസ്സ് അലിയാതെ ഇരിക്കയില്ല. ബിലാത്തിയിൽ ന്യൂമാൻ എന്നോ മറേറാ പേരായി ഒരു പാതിരി ഉണ്ടായിരുന്നുപോൽ. അദ്ദേഹം മരിച്ചിട്ട് അധികം കാലമായിട്ടില്ല. അദ്ദേഹത്തിന്റെ പ്രസംഗം കേട്ടാൽ കല്ലുകൂടി അലിയുമെന്നാണ് ആ സ്നേഹിതൻ പറഞ്ഞത്. ആ വക പ്രസംഗങ്ങൾ കേൾക്കയും സ്കൂളുകളിൽ പഠിച്ചും എല്ലാംകൂടി ഒരുത്തന്റെ ബുദ്ധിക്കു പാകതയും ജ്ഞാനവും ഉണ്ടാക്കാൻ കഴിഞ്ഞില്ലെങ്കിൽ അതവന്റെ ജന്മദോഷമെന്നു മാത്രമേ പറവാൻ ഉള്ളൂ. കുറച്ചുകഴിച്ചിലുള്ളവരുടെ കുട്ടികൾ സ്കൂൾ വിട്ടാൽ ലോകപരിജ്ഞാനം വരുത്തേണ്ടതിന്നു തക്കതായ സഖികളോടുകൂടി ദേശാടനത്തിന്നു അയക്കാറുണ്ടത്രെ. ഇങ്ങിനെ ഒരു ബാലന്റെ വിദ്യാഭ്യാസമെല്ലാം കഴിഞ്ഞു ലോകത്തിൽ പ്രവേശിക്കുമ്പോൾ കുറഞ്ഞൊന്നു പൂർവ്വസുകൃതം ഉള്ളവർ എല്ലാം സൽസ്വഭാവികളായും ജ്ഞാനസ്ഥന്മാരായും ഇരിപ്പാൻ അധിക കാരണം ഉള്ളതാണ്.

മതാമമാരേയും ഈ സമ്പ്രദായത്തിൽ വളരെ നിഷ്കൎഷ
യോടെ വിദ്യാഭ്യാസം ചെയ്യിക്കുന്നതിന്നുപുറമെ അവ
ൎക്ക വിവാഹാനന്തരം ഭൎത്തൃശുശ്രൂഷ ചെയ്യേണ്ടതിന്നു
വേണ്ടതായതും ബാലപരിപാലനത്തിന്നു വേണ്ടതാക
തും ആയ എല്ലാ അറിവുകളും ഉണ്ടാക്കിക്കൊടുക്കും.
ഒരു വെള്ളക്കാരന്നു വിവാഹാനന്തരം ഗൃഹകൃത്യങ്ങൾ
ഇന്നതാണെന്നു നോക്കേണ്ടുന്ന ആവശ്യംകൂടി ഉണ്ടാക
യില്ല. സകലം തന്റെ ഭാൎയ്യ കഴിക്കും. ദ്രവ്യമുള്ളവ
രാണെങ്കിൽ എല്ലാ പ്രവൃത്തികളും ഭൃത്യന്മാരെക്കൊണ്ടു
ചെയ്യിച്ച് അററകുററം നോക്കിക്കൊള്ളും. ഉപായക്കാ
രനാണെങ്കിൽ സൎവ്വവും ഭാൎയ്യക്കു വശം. ഈവക ഗുണ
ങ്ങളാണ് ഇംഗ്ലീഷുകാരുടെ സമ്പ്രദായത്തിലുള്ള വിദ്യാ
ഭ്യാസംകൊണ്ടു അവരുടെ സ്ത്രീകൾക്കു സിദ്ധിക്കുന്നത്.
ഇതുകൊണ്ട് ഇംഗ്ലീഷുഭാഷക്ക് ഒരു വിശേഷവിധിയും
കണ്ടില്ല. ഇംഗ്ലീഷുസമ്പ്രദായങ്ങൾ അതിശയംതന്നെ
യാണ്. അതു നമ്മുടെ കൂട്ടൎക്ക് അത്ര ആവശ്യമായി
ട്ടു തോന്നീട്ടും ഇല്ല. നമ്മുടെ ഇടയിൽ അനവധി പു
രുഷന്മാർ ഇപ്പോൾ ഇംഗ്ലീഷു പഠിച്ചിട്ടുണ്ടല്ലൊ. അ
വർ എന്തുദ്ദേശത്തിന്മേലാണ് അതിന്നു പരിശ്രമിച്ച
ത്. ഇംഗ്ലീഷുഭാഷ പഠിച്ച് അതിലുള്ള വിശേഷഗ്ര
ന്ഥങ്ങൾ വായിച്ചു ജ്ഞാനസ്ഥനാകേണ്ടതിന്നോ അ
തോ സൎക്കാരുദ്യോഗം കിട്ടേണ്ടതിന്നോ. പുരുഷന്മാരു
ടെ സ്ഥിതിതന്നെ ഇത്ര കമ്പിളി ആയിരിക്കേ സ്ത്രീകളു
ടെ ഇംഗ്ലീഷുഭാഷാപരിജ്ഞാനത്തിന്നുള്ള ശ്രമം അതി

ലും ചിപ്പമാവാനല്ലെ പാടുള്ളു. നമ്മുടെ പറങ്ങോടി
ക്കുട്ടിക്ക് ഉണ്ടായിട്ടുള്ള വിദ്യാഭ്യാസംതന്നെ എന്താണ്.
നമ്മുടെ ആൺകുട്ടികളെപ്പോലെ നായ, പൂച്ച, കുറു
ക്കൻ എന്നിങ്ങിനെ ആദ്യപാഠപുസ്തകം നോക്കി പഠി
പ്പാൻ തുടങ്ങി ഭാഷാപരിജ്ഞാനം സാമാന്യം വരുത്തി
എന്നല്ലാതെ മതാമ്മമാൎക്ക സിദ്ധിച്ചുവരുന്ന സദ്വിഷയാ
ഭ്യാസങ്ങൾ ഒന്നുംതന്നെ സിദ്ധിക്കേണ്ടതിന്നു തരംകിട്ടി
ല്ല. വൎത്തമാനക്കടലാസ്സുകൾ ധാരാളം വായിച്ചു ഇ
പ്പോഴത്തെ പ്രധാനമന്ത്രി ആരാണെന്നും ബിലാത്തി
യിലുള്ള യോഗ്യന്മാർ ആരെല്ലാമാണെന്നും മറ്റും അ
റിയുണ്ട്. ആവിയന്ത്രം ഇന്നപ്രകാരമാണ് ഉണ്ടാ
ക്കേണ്ടത് എന്നും അറിയുമായിരിക്കാം. ഇംഗ്ലീഷുപു
സ്തകങ്ങൾ വായിച്ചു വെള്ളക്കാരുടെ സമ്പ്രദായങ്ങളിൽ
താല്പൎയ്യവും ജനിച്ചിട്ടുണ്ടായിരിക്കാം. നമ്മുടെ തറവാ
ട്ടുസമ്പ്രദായങ്ങൾക്ക് ഇവയെല്ലാംകൊണ്ടു യാതൊരു
പ്രയോജനവും ഞാൻ നോക്കീട്ടു കാണുന്നില്ല. രാവി
ലെ ചായയും റൊട്ടിയും അവൾക്കു കൂടാതെ കഴികയി
ല്ല. നമുക്കു വെള്ളക്കഞ്ഞിയും നെയ്യും അല്ലെ നടപ്പ്.
കുപ്പിപ്പാത്രങ്ങളല്ലാതെ അവൾക്കു പിടിക്കയില്ല. ന
മുക്കു കിണ്ണവും കിണ്ടിയുമല്ലെ പരിമാററത്തിന്നുള്ളത്.
അവൾക്ക് നേരം വെളിച്ചമാവുന്നതു രാവിലെ പത്തു
മണിക്കായിരിക്കും. നമ്മുടെ മട്ടിന്ന് അതികാലത്ത് അ
ടിച്ചുതളി മുതലായ ഗൃഹകൃത്യങ്ങൾ എല്ലാം കഴിയണം.
ചാണകം കൈകൊണ്ടു തൊടാൻപോലും അവൾ മടി

ക്കും. നമുക്ക് നിലം മെഴുകാൻ അത്ര കൂടാതെ കഴികയുമില്ല. സോപ്പുകൂടാതെ അവൾക്ക് കുളിപ്പാൻ പ്രയാസമായിരിക്കും. നമുക്ക് ഈഞ്ചയും വാകയും മാത്രമെ സാധിക്കൂ. പാറങ്ങോടിക്കുട്ടിയുടെ ഹിതംപോലെയാവേണമെങ്കിൽ കിടപ്പിന്ന് അറ ഒന്നു വേറെ വേണം. എഴുതാൻ ഒരു അറ. പിന്നെ വായിപ്പാൻ ഒരു അറ. സംസാരിപ്പാൻ ഒരു അറ. ഉടുപ്പുകൾ വെപ്പാൻ ഒരു അറ. ഇങ്ങിനെ അനവധി അറകൾ അവൾ ഒരുത്തിയുടെ ഉപയോഗത്തിന്നുതന്നെ വേണ്ടിവരും. അപ്പോൾ ഇനി ഒന്നാമത് ശ്രമിക്കേണ്ടത് പുരപ്പണിക്ക് കുററി തറക്കാനാണല്ലൊ. ഇങ്ങിനെ ഓരോന്നായി എണ്ണിനോക്കാൻ തുടങ്ങിയാൽ പല ദുർഘടങ്ങളും നിവൃത്തിക്കേണ്ടതുണ്ടാവും. ഇതെല്ലാം നിവൃത്തിച്ചു കൊണ്ടുവന്ന് കുടിവെച്ചു പൂജിച്ചു സന്തോഷപ്പെടുത്താൻ എന്നാൽ അസാദ്ധ്യമാണ്. ഞാൻ ഈ പറഞ്ഞതെല്ലാം പാറങ്ങോടിക്കുട്ടിയെ കുത്തുവാക്കുകൊണ്ടു ശകാരിക്കുകയാണെന്ന് അമ്മക്കു തോന്നരുത്. അവൾ കുട്ടിയിൽ എത്ര അറികലം ഉള്ള ഒരു കുട്ടിയായിരുന്നു. വെളുക്കാൻ തേച്ചു പാണ്ടുപിടിക്കുക എന്ന പഴഞ്ചൊല്ലുപോലെ ഒരു ഇംഗ്ലീഷുഭ്രാന്തിനിമിത്തം ഇത്ര വഷളാക്കിത്തീർത്തു വിചാരിക്കുമ്പോൾ കഷ്ടം തോന്നുന്നു. എന്റെ കാൎയ്യം ഇരിക്കട്ടെ. അവൾക്ക് ഈ ജന്മത്തിൽ ഭർത്തൃസുഖത്തോടുകൂടി ഇരിപ്പാൻ സാധിക്കുമെന്നു അമ്മ വിചാരിക്കുന്നുണ്ടോ. അവൾക്ക് ഇതേവരെ ഉണ്ടായ പഠിപ്പുകളെ

ല്ലാം വെള്ളക്കാരെ പുകഴ്ത്തീട്ടും മററും ഉള്ള പുസ്തകങ്ങളിൽനിന്നാകകൊണ്ടു തന്റെ ഭൎത്താവ് ആവക പുസ്തകങ്ങളിൽ വൎണ്ണിച്ചിട്ടുള്ള ഗുണങ്ങളോടുകൂടിയ ഒരു ഒരു വെള്ളക്കാരൻ ആയാൽ മാത്രമേ ഹിതംപോലെ ആകയുള്ളൂ. ഇംഗ്ലീഷുപുസ്തകങ്ങൾ വായിച്ച് എല്ലാം സുഖങ്ങളും രസങ്ങളും ഇംഗ്ലീഷുസമ്പ്രദായത്തിലാണ് അവൾ മനസ്സിലാക്കീട്ടുള്ളത്. നമ്മുടെ സംഘം വിട്ടു വെള്ളക്കാരുടെ സംഘത്തിൽ ചേരാൻ ഒന്നാമതു ഞാം സമ്മതിക്കയില്ല. ഇനി അത് കേൾക്കാതെ ചെന്നാൽ അവർ ചേൎക്കാനും പ്രയാസമാണ്. അവളുടെ സമവയസ്സുകളോടുകൂടി വിനോദിപ്പാൻ അവൾക്കു അസാദ്ധ്യമായിത്തീൎന്നു. ഇങ്ങിനെ മനോരാജ്യം ഒന്ന്, അനുഭവം മറെറാന്നു എന്നായിവന്നാൽ മനസ്സിന്നു സുഖം എന്താണ്. പാവം നല്ലൊരു കുട്ടി! ഒരു പ്രയോജനവും ഇല്ലാതെ ആയിത്തീൎന്നു. അതെല്ലാം അവളുടെ യോഗംപോലെ വരട്ടെ. എന്നെ തുമ്പില്ലാതെ ആക്കാൻ അമ്മക്കു മോഹം ഒരുനാളും ഇല്ലല്ലൊ. അച്ഛനോടു തരംപോലെ പറഞ്ഞ് ഈ ആലോചന വേണ്ടാത്തതാണെന്നു മനസ്സിലാക്കണെ. ഇനി എല്ലാം അമ്മയുടെ മനസ്സുപോലെ. ഞാൻ നിങ്ങൾ രണ്ടാളും എന്തു പറഞ്ഞാലും അതുപ്രകാരം നടക്കുന്നതല്ലാതെ തട്ടിനടക്കുക ഈ ജന്മത്തിൽ ഉണ്ടാവുന്നതല്ല".

പങ്ങശ്ശുമേനോന്റെ മേൽപറഞ്ഞ ആക്ഷേപങ്ങൾ കേട്ട മാതാവ് അല്പനേരം സ്വസ്ഥയായി ഇരു

ന്നു. പിന്നെ പടിഞ്ഞാട്ട തിരിഞ്ഞു നോക്കുമ്പോൾ ചാരുപടിയുടെ അഴിക്കൂട്ടിൽ കൂടി ചന്ദ്രകിരണം അകത്തേക്കു വന്നതായി കണ്ടു. ഇട്ടിച്ചിരിഅമ്മ — "അല്പ നേരം പാതിരകഴിഞ്ഞുവോ.

അപ്പുക്കുട്ടന്റെ മന്നത്തങ്ങൾ കേട്ടിരുന്നിട്ട നേരം പോയ്ത് അറിഞ്ഞില്ല. എന്റെ മകൻ ഇങ്ങിനെ ഉറക്കൊഴിച്ചാൽ എന്തെങ്കിലും ദീനം പിടിക്കും. വേഗം പോയി കിടന്നുറങ്ങിക്കൊള്ളു."

അമ്മ പറഞ്ഞതു കേട്ട് പഞ്ചുമേനാൻ ചാരുപടിയിൽ നിന്നു എഴുനീറ്റു വാലിയക്കാരനെ വിളിച്ച് വെളിച്ചം കൊണ്ടുവരുവാൻ പറഞ്ഞു. അവൻ വന്നു ലാന്തർ കത്തിച്ചു മുന്നിൽപിടിച്ചു നടന്നുതുടങ്ങി. താനും പിന്നാലെ പോയി. പത്തായപ്പുരയുടെ മുകളിൽ കയറി കിടന്നു. ഇട്ടിച്ചിരിഅമ്മക്കു ആദ്യത്തിൽ തന്റെ മകനെക്കൊണ്ടു പറഞ്ഞോടിക്കുട്ടിക്കു സംബന്ധം തുടങ്ങിക്കേണം എന്നു തന്നെ ആയിരുന്നു മനോരാജ്യം. മകൻ പറഞ്ഞതു എല്ലാം കേട്ടതിന്നു ശേഷം മുമ്പു ഉണ്ടായിരുന്ന മോഹം തീരെ നശിച്ചുപോയി. താനും ഉടനെ അറയിൽ പോയി വാതിൽ അടച്ചു കിടന്നു.

——ഃഃ——

# പതിനൊന്നാം അദ്ധ്യായം.

## പറങ്ങോടിക്കുട്ടിയുടെ പശ്ചാത്താപം

മുമ്പെത്തെ അദ്ധ്യായത്തിൽ പ്രസ്താവിച്ചപ്രകാരം പഞ്ചുമേനവനും അമ്മയും കൂടി പുറത്തളത്തിൽ ചാരുപടിയിൽ ഇരുന്നു സംസാരിക്കുന്ന സമയം അമ്മാളു അറയുടെ വാതിലിന്റെ പിന്നിൽ നിന്നിരുന്നു. എന്തോ വല്ല സ്വകാൎയ്യകാൎയ്യം ആലോചിക്കുന്നതായിരിക്കും എന്നു വിചാരിച്ച് ആദ്യം അമ്മാളു പോയി കിടന്നു. പിന്നെ കല്യാണം എന്നും മറ്റും ചിലതു കേട്ടപ്പോൾ തനിക്കു കേൾപ്പാൻ പാടില്ലാത്ത കാൎയ്യാലോചന ഒന്നും ഇല്ലെന്നു മനസ്സിലായി. മെല്ലെ വന്നു വാതിലിന്റെ പിന്നിൽ തന്നെ നിന്നു. പറങ്ങോടിക്കുട്ടിയെക്കുറിച്ച് ജ്യേഷ്ഠൻ പറഞ്ഞതെല്ലാം തനിക്കു ബഹുരസമായി. അതിന്നു തക്കതായ കാരണവും ഉണ്ടായിട്ടുണ്ട്. കഴിഞ്ഞ തിരുവോണദിവസം ഉച്ചതിരിഞ്ഞ് അമ്മാളുവും അമ്മുക്കുട്ടിയും വേറെ ഒന്നുരണ്ടു സഖികളും കൂടി പറങ്ങോടികുട്ടിയുടെ വീട്ടിൽ ചെന്നു. അപ്പോൾ മൂങ്ങാണ്ടി അമ്മ തെക്കിനിത്തളത്തിൽ ഉണ്ടായിരുന്നതിനാൽ എല്ലാവരും കൂടി അവിടെ ഇരുന്നു മുറുക്കി കുറെ നേരം ഓരോ നേരംപോക്കു പറഞ്ഞിരുന്നു. പിന്നെ അമ്മാളുവിന്റെ കൈകൊട്ടിക്കളി കാണേണമെന്നു മൂക്കാണ്ടി അ

മ്മ ആവശ്യപ്പെട്ടു. ഓണനാൾദിവസം ആകകൊണ്ടു എല്ലാവക്കും ഒരു ഉത്സാഹം തോന്നി. അമ്മാളുവിന്റെ കൈകൊട്ടിക്കളിയും പാട്ടും കാണ്മാനും കേൾക്കാനും ബഹുസുഖമുള്ള സമ്പ്രദായമാണ്. കളിക്കാവട്ടേ പാട്ടിന്നാവട്ടേ ഗോഷ്ടികൾ യാതൊന്നും ഇല്ല. ശബ്ദം കുയിൽനാദം പോലെ ബഹുകൎണ്ണാനന്ദം ഉള്ളതാണ്. രണ്ടുനാഴികനേരം എല്ലാവരും തെക്കിനിത്തളത്തിൽ നിന്നു കൈകൊട്ടി പാടികളിച്ചു. അതെല്ലാം കഴിഞ്ഞ് പുറപ്പാടായപ്പോൾ പറങ്ങോടിക്കുട്ടിയെ അന്വേഷിച്ചു. മാളികമുകളിൽ ആണെന്നു അറികയാൽ കുട്ടികൾ എല്ലാവരും കൂടി ഒന്നായി അഹങ്കരിച്ചുംകൊണ്ടു മുകളിലേക്കു ചെന്നു. അറയുടെ വാതിൽ ചാരീട്ടുണ്ട്. അകത്തു നിന്നു ശബ്ദം ഒന്നും കേൾക്കാനും ഇല്ല. അപ്പോൾ "എന്താണ് അകത്തു ആരും ഇല്ലേ" എന്നു ചോദിച്ചുകൊണ്ട് അമ്മാളു അകത്തേക്കു കടന്നു. ആ സമയം പറങ്ങോടിക്കുട്ടി ഒരു കോച്ചിന്മേൽ ചാരിക്കിടന്ന് ലണ്ടൻ ടൈംസ് എന്ന വൎത്തമാനക്കടലാസ്സ് ബഹുരസമായി വായിക്ക ആയിരുന്നു. ഹോംറൂൾ സംഗതിയെപ്പറ്റി ഗ്ലാഡ്സ്റ്റൻ പ്രസംഗിച്ച പ്രസംഗമായിരുന്നു. ഈ രസഘട്ടത്തിലാണ് കൂട്ടര് അകത്തേക്കു കടന്നു ശബ്ദമുണ്ടാക്കിയത്. കിടന്നിരുന്ന നിലയിൽ തലമാത്രം ഒന്നു തിരിച്ചുനോക്കി. കൂട്ടരുടെ വരവു പറങ്ങോടിക്കുട്ടിക്കു അത്ര രസമായില്ല ഒന്നാമതു മുൻകൂട്ടി അറിവുകൊടുക്കാതേയും താൻ ക്ഷണിക്കാതേയും ആരും മുകളിലേക്കു ചെല്ലുന്ന

ളു തനിക്കു രസമല്ല. പിന്നെ വലിച്ച് പൊട്ടിച്ചിരിക്കുന്നതു കേൾക്കക്കൂടി വയ്യ; തനിക്കു വളരെ രസമായി ചിരിവരാൻ തന്നെ പ്രയാസമാണ്. അഥവാ അങ്ങിനെ അപൂർവ്വമായി വന്നാൽ പതുക്കെ ഒന്നു പുഞ്ചിരിക്കൊണ്ടു കൈഉറുമാൽകൊണ്ടു മുഖം ഒന്നു തുടക്കും. അതുകൊണ്ടു നില്ക്കാതെ ചിറിവന്നാൽ വലത്തെ കയ്യിന്റെ ചൂണ്ടാണിവിരലിന്റെ വലത്തു ഭാഗത്തു പതുക്കെ ഒന്നു കടിച്ചു കുറഞ്ഞൊരുനേരം കീഴ്പോട്ടുനോക്കി ഇരിക്കും. ഇതിൽ അമരാത്ത ചിറി പറങ്ങോടിക്കുട്ടിക്കു ഉണ്ടായിട്ടില്ല. താഴത്തെ തെക്കിനിത്തളത്തിൽ നിന്നുണ്ടായിരുന്ന പാട്ടും കളിയും കേട്ട് ബുദ്ധിമുട്ടിട്ടാണ് ആ പുറത്തേക്കുള്ള വാതിൽ എല്ലാം അടച്ചിരുന്നത്. പറങ്ങോടിക്കുട്ടിയുടെ നാട്യവും നിലയും കണ്ട് അമ്മാളുവിന്നു സാമാന്യത്തിലധികം ദേഷ്യം വന്നു. എങ്കിലും മര്യാദ വിചാരിച്ച് ആ വക ഒന്നും പുറത്തുകാണിക്കാതെ "എന്താണഥോ-താഴത്തേക്കു ഒന്നും കണ്ടില്ല. കൈകൊട്ടിക്കളിയും പാട്ടും അത്ര ചിട്ടത്തമില്ലെന്നുണ്ടോ" എന്നു ലോഗ്യമായി ചോദിച്ചു. "താഴത്തുനിന്നു കേട്ടിരുന്ന ആർപ്പും വിളിയും കൊണ്ടാണോ ചോദിച്ചത്. ഞാൻ അതു * ആഫ്രിക്കയിൽ നിഗ്രോസ്സിന്റെ ഡവിൾഡാൻസ് ആണൊ എന്നു ഡൌട്ടു ചെയ്തു." ഈ മറുപടി കേട്ടപ്പോൾ അമ്മാളുവിന്റെ ക്ഷമ നിൽക്കാതെകണ്ടായി. "വെള്ളക്കാരു

* ആഫ്രിക്കാരാജ്യത്തിലുള്ള ഒരു ദുഷ്ടജാതിക്കാരുടെ കളിയാണെന്നു ശങ്കിച്ചു.

ടെ മാതിരി ഏതെങ്കിലും ഒരാണും പെണ്ണും കൂടി കോൎത്തുപിടിച്ച് കുതിച്ച് ചാടിക്കൊണ്ടു ഒരുമാതിരി പാട്ടും കളിയും ഇല്ലേ. അതായാലോ" എന്നു അമ്മാളു ചോദിച്ചു. ഈ ചോദ്യം പരിഹാസമായിട്ടാണെന്നു പാറങ്ങോടിക്കുട്ടിക്കു അത്ര മനസ്സിലായില്ല. "അതുഎവിടെ കിടക്കുന്നു. ഇതു എവിടെ കിടക്കുന്നു" എന്നു മറുവടി പറഞ്ഞു. "കുറെ ഉമ്മത്തുംകള്ളുംകൂടി കുടിച്ചിട്ടാണെങ്കിൽ അധികം നന്നാവും ഇല്ലേ" എന്നും പറഞ്ഞു പുറത്തോട്ടു കടന്നു വാതിലും ചാരി അമ്മാളുവും കൂട്ടരും താഴത്തോട്ടു പോന്നു. അന്നു മുതല്ക്കു പാറങ്ങോടിക്കുട്ടി എന്നു കേട്ടാൽ അമ്മാളുവിന്നു ദ്വേഷ്യം വരും. അമ്മാളുവിന്റെ സാധാരണസ്വഭാവം വളരെ വിശേഷമാണ്. ആരോടും കയക്കാൻ പോക ഇല്ല. എന്നുതന്നെ അല്ല വാക്കിൽ വളരെ ആദരവും വണക്കവും ഉള്ള മാതിരിയാണ്. വളരെ മധുരമായിട്ടേ സംസാരിക്കു. എന്നാൽ കുറച്ചൊരു ദുസ്വഭാവം ഉണ്ട്. പത്രാസുകാരോടു വണക്കം കുറവും. തന്നെ പുച്ഛിക്കുന്നുണ്ടെന്നു ലേശമെങ്കിലും വിശ്വാസം വന്നാൽ അവരെ കാററാക്കാൻ ബഹുസാമത്ഥ്യമുണ്ട്. പാറങ്ങോടിക്കുട്ടിയെ വേണമെങ്കിൽ കാററാക്കി കിളിവാതിലിൽകൂടി പറപ്പിപ്പാൻ അമ്മാളുവിന്നു ലേശം പ്രയാസമില്ല. എന്നാൽ ഇത്രമാത്രം മറുവടിയും പറഞ്ഞ് വേഗത്തിൽ പോന്നതു മറെറാന്നും അല്ല. ഒന്നാമതു അച്ഛന്റെ മരുമകളാണെ
ം സഹജമായുണ്ട്. രണ്ടാമതു തന്റെ

MUL
034847

ജ്യേഷ്ഠൻ സംബന്ധം തുടങ്ങാൻ ഭാവമുണ്ടെന്നു സ്പഷ്ടമായി താൻ അറിഞ്ഞിട്ടുണ്ട്. അമ്മാളുവിന്നു പങ്ങശ്ശമേനവൻ എന്നു വെച്ചാൽ ജീവനിൽ മീതെയാണ്. ജ്യേഷ്ഠന്നു വേണ്ടി സംശയം കൂടാതെ ജീവനെക്കൂടി ഉപേക്ഷിപ്പാൻ ഒരുക്കമുള്ളവളാകയാൽ — ജീവനിൽ മീതെ എന്നുതന്നെ പറയണം — പങ്ങശ്ശമേനോന്റെ അഭിപ്രായം കേട്ടപ്പോൾ അമ്മാളുവിന്നു മനസ്സിന്നു ബഹുസുഖം തോന്നി. പിറ്റേ ദിവസം രാവിലെ എഴുനീറ്റു കുളിയും ഭക്ഷണവും കഴിച്ചു. താനും അനുജത്തിയും കൂടി അടുത്ത വീട്ടിൽ പോയി വിവരങ്ങളെല്ലാം തന്റെ സഖികളായ പാറുക്കുട്ടി മുതലായവരോടു പറഞ്ഞു. ഇങ്ങിനെ രണ്ടുദിവസത്തിന്നുള്ളിൽ ഈ വർത്തമാനം നാട്ടിലെല്ലാം പ്രസ്താവമായി.

ഒരു ദിവസം പറങ്ങോടിക്കുട്ടിയും മാതാവും കൂടി പൂമുഖത്തു കാററുകൊണ്ടിരിക്കുമ്പോൾ പറങ്ങോടിക്കുട്ടിയുടെ ദാസിയും കൂട്ടത്തിൽ വന്നുകൂടി ഓരോ നാട്ടുവർത്തമാനങ്ങൾ പറയുന്ന ഇടയിൽ ഉണ്ടായ സംഭാഷണമാണിത്:—

ദാസി—"കേട്ടില്ലേ വർത്തമാനം. മററന്നാൾ പങ്ങശ്ശമേനോന്റെ പുറമുറി അടിയന്തിരം ആണുപോൽ."

പറങ്ങോടിക്കുട്ടി—"ഏതു പങ്ങശ്ശമേനോൻ."

ദാസി—"വലിയ എജമാനന്റെ മകൻ ഇല്ലേ? പങ്ങശ്ശമേനോൻ അദ്ദേഹത്തിന്റെ"

ഇതു കേട്ട സമയം പറങ്ങോടിക്കുട്ടിക്കു എന്തോ ന്നില്ലാത്ത ഒരു മനസ്സ്താപം ഉണ്ടായി. പഞ്ചുമേനോ വൻ തന്നെ കണ്ടു് ഭ്രമിച്ചു് മുങ്ങിപ്പൊങ്ങി വശായിരിക്കുന്നു എന്നും മററും ആണു് താൻ മുമ്പെ ധരിച്ചിട്ടുള്ളതു്: ഈ വൎത്തമാനം കേട്ടതിന്നു ശേഷം ഒരു ഭാവപ്പകൎച്ച ഉണ്ടായി. എങ്കിലും അതിനെ മറച്ചുവെച്ചു ഈ വിധം പിന്നെയും ചോദിച്ചു.

പ—"എവിടെ എന്നാണു് കേട്ടതു്."

ദാസി—'മേലെ പോയിൽ അമ്മുക്കുട്ടിഅമ്മയാണത്രെ.'

ഈ സ്ത്രീയെ പറങ്ങോടിക്കുട്ടി നല്ലവണ്ണം അറിയും. കണ്ടാൽ അതിസുന്ദരിയും ബുദ്ധിഗുണം ഉള്ളവളും ആണു്. ഇംഗ്ലീഷുകാരി അല്ലാത്തതിനാൽ പറങ്ങോടിക്കുട്ടിക്കു പുച്ഛമുണ്ടെങ്കിലും നാട്ടുകാരുടെ അഭിപ്രായത്തിൽ ഒരു സ്ത്രീരത്നം തന്നെയാണു്.

പഞ്ചുമേനോൻ അമ്മുക്കുട്ടിയോടു സംബന്ധം തുടങ്ങുന്നു എന്നു കേട്ടപ്പോൾ അകാരണമായി ഒരു സുഖക്കേടു പറങ്ങോടിക്കുട്ടിക്കു തോന്നി. അതുവരെയും തന്റെ വിശ്വാസം വേറെ ഒരു വിധത്തിലായിരുന്നു. താൻ ഒരു ഇംഗ്ലീഷുകാരി ആകയാൽ ആ നാട്ടിലുള്ള യുവാക്കന്മാരെല്ലാം തന്റെ ഭൃത്യന്മാരാവാൻ സദാപി കാത്തുനില്ക്കുന്നവരാണു്. പഞ്ചുമേനോൻ കുലശലായി ഭ്രമിച്ചു് അച്ഛനോടു സങ്കടം പറകയാലാണു് കണ്ടപ്പമേനോൻ അമ്മയോടു ചില കാൎയ്യങ്ങൾ ആലോചിച്ചുവെച്ചിരിക്കുന്നതു്. ഇവിറ്റുങ്ങളെ എല്ലാം ആക്ക

വേണം. ഇവരുടെ ചിറിയിൽ കൂടി പറഞ്ഞോടമാരാരൊ രുമിച്ച് താൻ മദിരാശിക്കു പോകും. അപ്പോൾ കണ്ണു ഒമക്കാതെ കണ്ട് എല്ലാവരും മിഴിച്ച് തുറിച്ചുനോക്കി ക്കൊണ്ടു നില്ക്കും. ‡പങ്ങശ്ശുമേനോനു അന്നുമുതല്ക്കു കാമഭ്രാന്തു പിടിച്ച് ആരോടും മിണ്ടാതെ കാശിക്കു ചാടിപ്പോകും. വേറെ ചിലർ താൻ നടന്ന വഴിയിലെ മണ്ണെല്ലാം വാരി എടുത്തു മേൽ പൂശിത്തുടങ്ങും. പിന്നെ തൻ്റെ പേരു വിളിച്ച് പാടി ചാടിക്കളിച്ചുതുടങ്ങും. എന്നുവേണ്ട താൻ ഈ നാടുവിട്ടു മദിരാശിക്കു പോയാൽ പിന്നെ ഈ നാടു നിദ്ധ്രൂളിപട്ടണമായി തീരും. ഈവക മനോരാജ്യങ്ങളെക്കൊണ്ടു തന്നെത്താൻ പുകഴ്ത്തി കാലക്ഷേപം ചെയ്തിരുന്നതിനാൽ നാട്ടുകാരുടെ യഥാർത്ഥമായ അഭിപ്രായം പറഞ്ഞോടിക്കുട്ടിക്കു നിശ്ചയം ഉണ്ടായിരുന്നില്ല. പരമാർത്ഥത്തിൽ ആ ദിക്കുകാർക്കെല്ലാം പറഞ്ഞോടിക്കുട്ടിയെ ഒരു പുച്ഛമാണ് ഉണ്ടായിരുന്നത്. അവർ തമ്മിൽ പറയുമ്പോൾ "മതാമ സാക്ഷ്" എന്നേ അവളെ വിളിച്ചുവരുമാറുള്ളു. ദാസിയുടെ വാക്കു കേട്ടു മൂക്കാണ്ടിഅമ്മയ്ക്കും ആശ്ചര്യം തോന്നി.

മൂക്കാണ്ടി അമ്മ— "ചെങ്ങശ്ശുമേനവൻ്റെ സംബന്ധം കണ്ടപ്പെട്ടൻ്റെ സമ്മതത്തോടുകൂടിയൊ, അതൊ സ്വകാര്യാലോചനയോ- എങ്ങിനെ എന്നാണ് കേട്ടത്".

ദാസി— "നാട്ടുകാര് പറയുന്നത് ഒരിക്കലും വിശ്വസിപ്പാൻ പാടില്ല. ഞാൻ ഇന്നലെ കുളിപ്പാൻ അന്ന

ലക്കുളത്തിൽ പോയിരുന്നു. അവിടെവെച്ചു പെണ്ണുങ്ങൾ തമ്മിൽ പറഞ്ഞു പരിഹസിക്കുന്നതാണ് ഞാൻ കേട്ടത്. അതൊക്കെ എനിക്ക് പറയവയ്യ എന്റെ ഈശ്വരാ".

മൂ— "എങ്കിലും കേൾക്കട്ടെ"

ദാസി— "ആളുകൾക്ക് ഇന്നതെപറയാവു എന്നുണ്ടോ? നോക്കിൻ. പെണ്ണുങ്ങൾക്കു ഇത്തിരി ഭേദായിട്ടു ഒരുത്തിയെ കണ്ടാൽ അവളെക്കൊണ്ട് ഇന്നതെ പൊല്ലും പുലയാട്ടും പറയാവു എന്നുണ്ടോ. ഈ നാട്ടിൽ പറങ്ങോടികുട്ടി അമ്മയെക്കൊണ്ട് പറയുന്നതു കേട്ടാൽ ചിരിക്കു കത്താൻ തോന്നും. എനിക്കു ഇതെല്ലാം കേട്ടപ്പൊഴക്കു ദേഷ്യം വന്നു. ഒന്നും മിണ്ടാതെ കുളിച്ചു ഞാൻ മുമ്പിൽ പോന്നു".

മൂ— "നീ ചോദിച്ചതിനല്ല മറുവടി പറയേണ്ടത്. അവരു എന്തെല്ലാമാണ് പറഞ്ഞത് അതു പറ"

ദാസി— "എന്താമോക്കിൻ. തോന്ന്യാസം പറയ എന്നല്ലാതെ മറ്റു വല്ലതും ഉണ്ടോ. പറങ്ങോടികുട്ടിഅമ്മ മതാമ സായ്വാണത്രെ. ബിലാത്തിയിൽനിന്നു ഒരു സായ്വ് കെട്ടാൻ നിശ്ചയിച്ചിട്ടുണ്ടുപോൽ. പഞ്ചുമേനവന് പറങ്ങോടികുട്ടി അമ്മ എന്നു കേട്ടാൽ അത്തംചതുർത്ഥി ആണെമ്പോൾ. അതുകൊണ്ടാണത്രെ വേറെ സംബന്ധം നിശ്ചയിച്ചത്".

മൂ— "പഞ്ചുമേനോൻ ആരോടാണ് പറഞ്ഞത്.

എന്തൊക്ക്യാണ് പറഞ്ഞത്. അതു വല്ലതും പറയുന്നതു കേട്ടുവോ”.

ദാസി— “എനിക്ക് ശ്ശി ഒക്കെ മറന്നുതുടങ്ങി. അവരൊക്കെക്കൂടി നാലുനാഴികനേരം വിസ്തരിച്ചു പറഞ്ഞിരുന്നു. പങ്ങുമേനവനോടു സംബന്ധം തുടങ്ങാൻ അവരുടെ അമ്മ പറഞ്ഞപ്പോൾ എനിക്കു അവളെ വേണ്ട വേണ്ട എന്നു പറഞ്ഞുപോൽ. പിന്നെ എന്തൊക്ക്യാണ്. ദുന്നാക്കാരത്തിയാണ്. അധികപ്രസംഗിയാണ്. ചേട്ടയാണ്, തറവാട്ടിൽ വെച്ചേക്കാൻ നന്നല്ല. ഇങ്ങിനെയൊക്കെ വളരെ ചീത്തയും പറഞ്ഞുവത്രെ. വലിയ മൂപ്പരോടു ഇതൊക്കെ പറഞ്ഞിട്ടാണത്രെ ഇപ്പൊഴത്തെ സംബന്ധം ഉറച്ചത്. അയമ്മേടെ ഭാഗ്യം എന്നേ പറവാനുള്ളു. പെണ്ണുങ്ങടെ ഭാഗ്യം പെരുവഴിയിൽ - എന്നല്ലേ പഴഞ്ചൊല്ല്. ഞാൻ അ യമ്മേ മുമ്പ് കണ്ടിട്ടില്ല. നല്ല അനികലമുള്ള ഒരു കുട്ടിയാണത്രെ. അതും ഈ കൂട്ടത്തിൽ പറയുന്നതു കേട്ടു”.

പറങ്ങോടിക്കുട്ടി ഇത്രത്തോളം ശ്രദ്ധവെച്ചു കേട്ടു. ദാസിയുടെ വാക്കു അന്ന്യോന്ന്യം ഘടിക്കാതേയും വാലും തലയും ഇല്ലാതെയും ആയിരുന്നതിനാൽ കുളത്തിൻകരയിൽ വെച്ചുണ്ടായ സംവാദം മുഴുവനും ഗ്രഹിപ്പാൻ സാധിച്ചില്ല എങ്കിലും തന്നെക്കുറിച്ചു താൻ വിചാരിച്ചിരുന്നപ്രകാരം ഒരു ബഹുമാനം നാട്ടുകാർക്കു ഇല്ല എന്നും തന്റെ അമ്മാമൻ മകനെക്കൊണ്ട് തനിക്കു സംബ

ഡം തുടങ്ങിക്കേണമെന്നുണ്ടായിരുന്ന ആലോചന അദ്ദേഹത്തിൻെറ സ്വന്താലോചന മാത്രമല്ലാതെ പങ്ങശ്ശമേനവൻെറ ആവശ്യപ്രകാരം അല്ലായിരുന്നുവെന്നും വ്യക്തമായി മനസ്സിലായി. ആ ഒരു ജ്ഞാനം തൻെറ മമ്മങ്ങളെല്ലാം ഭേദിക്കുന്ന ഒരു ശരം എന്നപോലെ മാറിൽ തറച്ചു. അതിയായ ഈർഷ്യതയും വ്യസനവും അസൂയയും എടകലൎന്ന് മനസ്സിൽ കിടന്നു തിങ്ങിവിങ്ങാൻതുടങ്ങി. പെട്ടന്ന് എഴുനീററ് ഒന്നും മിണ്ടാതെ കുണ്ട് മാളികമുകളിലേക്കു വേഗംപോയി ഒരു കോച്ചുകട്ടിളിന്മേൽകിടന്നു. അതുവരെക്കും തന്നോളം ഭാഗ്യവതിയായി ഈ തറവാട്ടിൽ ആരാണ് ഉള്ളത് എന്നുണ്ടായിരുന്ന ഗവ് തീരെ നശിച്ചു തന്നോളം നിർഭാഗ്യവതിയായി ആരും ഇല്ലെന്നു ശങ്കിപ്പാൻ തുടങ്ങി. നാട്ടുകാൎക്കു എല്ലാം പരിഹാസപാത്രമായി ജീവിച്ചിരുന്നിട്ടു പ്രയോജനം എന്തെന്നുകൂടി വിചാരം തുടങ്ങി. ഇങ്ങിനെ നഷ്ടമനോരഥയായി ഖിന്നചേതസയായി അസ്വസ്ഥഹൃദയയായി കിടന്നു പശ്ചാത്തപിക്കുമ്പോൾ കണ്ടപ്പമേനോൻ തൻെറ അമ്മയെ പൂമുഖത്തേക്കു വിളിക്കുന്നതു കേട്ടു. തൻെറ കാൎയ്യത്തെപ്പററി വല്ലതും പറവാൻ ആയിരിക്കുമെന്നുവിചാരിച്ചു കോണിക്കലോളം വന്നു അവിടെ നിന്നു. അല്പസമയം കഴിഞ്ഞ് മൂക്കാണ്ടിഅമ്മ മുകളിലേക്കു വരുന്നതു കണ്ടു.

പറങ്ങോടികുട്ടി— "അമ്മാമൻ എന്തിനാണ് അമ്മയെ വിളിച്ചത്".

മൂക്കാണ്ടിഅമ്മ--"വിശേഷിച്ച് ഒന്നും ഇല്ല. ഇന്നാള ത്തെ കാൎയ്യം പറവാനാണ് വിളിച്ചത്".

പ-- "എന്തെല്ലാമാണ് പറഞ്ഞത്".

മൂ-- "ദാസി കാളി പറഞ്ഞതെല്ലാം നേരാണെന്നു തോന്നുന്നു. ജ്യേഷ്ഠൻ അത്രക്ക് ഒന്നും പറഞ്ഞില്ല. അപ്പുക്കുട്ടന് അവൻെറ തറവാട്ടുകാർ വേറെ സംബന്ധം ഉറച്ചു എന്നുമാത്രമെ പറഞ്ഞൊള്ളൂ".

പ--"നിങ്ങൾ അപ്പോൾ വല്ലതും മറുവടി പറഞ്ഞുവൊ".

മൂ--"അതെന്തെ ഇപ്പോൾ ഇങ്ങിനെ ഉറച്ചത്. മുമ്പ് ജ്യേഷ്ഠൻ പറഞ്ഞത് വേണ്ടെന്നുവെക്കാൻ വിശേഷ കാരണം വല്ലതും ഉണ്ടായൊ എന്നു ഞാൻ ചോദിച്ചപ്പോൾ അപ്പുക്കുട്ടനു അതിന്മേൽ അത്ര സമ്മതം കണ്ടില്ല. പിന്നെ ഷേമിച്ചുപറഞ്ഞാൽ കേൾക്കുമായിരിക്കും. അത് അവസാനം തുമ്പില്ലാതെ ആവുമെന്നുവെച്ചു ഞാൻ തടസ്ഥം ഒന്നും പറഞ്ഞില്ല. എന്നാണ് മറുവടിപറഞ്ഞത്. പിന്നെ ആ കാൎയ്യത്തെ പററി ജ്യേഷ്ഠൻ ഒന്നുംതന്നെ പ്രസ്താവിച്ചിട്ടില്ല".

പാ—"അമ്മെ എനിക്കു ഇന്ന് അത്താഴം ആവശ്യമില്ല. നിങ്ങൾ പോയി ഊണ്‍കഴിക്കു. എനിക്ക് ഒരു കോപ്പ ടീ മാത്രം ദാസിപക്കൽ അയച്ചേക്കിൻ".

എന്നു പറഞ്ഞു പറഞ്ഞോടിക്കുട്ടി അറയിലേക്കു പോയി. പറഞ്ഞോടിക്കുട്ടി എന്തെങ്കിലും പറഞ്ഞാൽ അതിന്നു മറുത്തുപറയുന്നത് അവൾക്ക് രസമില്ലെന്നു

മൂക്കാണ്ടി അമ്മക്ക പരിചയജ്ഞാനം ഉള്ളതുകൊണ്ടു ഭക്ഷണം വേണ്ടന്നു വെച്ചതിനുള്ള കാരണം അറിവാൻ മോഹം ഉണ്ടായിരുന്നു എങ്കിലും മകളെ ഉള്ള ഭയത്താൽ ഒന്നും ചോദിക്കാതെ ഏല്പിച്ചയച്ചപ്രകാരമെല്ലാം നടന്നു.

## പന്ത്രണ്ടാം അദ്ധ്യായം.

### അവസാനം.

ഒമ്പതാം അദ്ധ്യായത്തിൽ പ്രസ്താവിച്ചപ്രകാരം നമ്മുടെ മാരാരുവക്കീൽ തീവണ്ടിസ്റ്റേഷനിൽ വന്ന് ഒരു ഒന്നാംക്ലാസ്സ് ടിക്കററ് വാങ്ങി വണ്ടിയിൽകയറി. താൻ നാട്ടിൽ എത്തുന്നതിന്നു മുമ്പായി കണ്ടപ്പമേനവനും കൂട്ടരും തന്റെ പ്രാണപ്രിയയെ ബുദ്ധിമുട്ടിച്ച എന്തെല്ലാം കരിമാലികളാണ് ഉണ്ടാക്കിത്തീക്കുന്നത് എന്നു ആലോചിച്ച മനസ്സെല്ലാം പുണ്ണായി തീൎന്നതിനാൽ ചിന്താഗ്രസ്തനായിത്തന്നെ വസിച്ചു. പിന്നെമനസ്സിനെ വിനോദിപ്പിക്കേണ്ടതിന്നു മെല്ലമെല്ലെ മൂളിപ്പാട്ടു പാടാൻ തുടങ്ങി. പറങ്ങോടമാരാര് വക്കീൽ സംഗീതത്തിൽ അതി വാസനയുള്ള ഒരു ദേഹമാണ്. സംഗീതത്തിലുള്ള ലയംകൊണ്ടു കാലദേശാവസ്ഥ മറന്നു അതിൽതന്നെ ഏകാഗ്രചിത്തനായി ലയിച്ചിരുന്നുപോയി. താൻ കയറീട്ടുള്ള വണ്ടി ബങ്കളൂക്ക് നേരെ പോകുന്നതാകയാൽ വഴി രണ്ടായി പിരിയുന്ന സ്റ്റേഷനിൽനിന്നു

അതു മാററി കൂട്ടിക്കെട്ടി എങ്കിലും നമ്മുടെ വക്കില് സംഗീതരസംകൊണ്ടു ഒന്നും അറിഞ്ഞില്ല. നേരം അദ്ധ്യാവായപ്പോൾ ഉറക്കാവന്നു കിടന്നുറങ്ങി. പിറേറ ദിവസം രാവിലെ ഉണൎന്നു പുറത്തോട്ടു നോക്കുന്നേരം ഒരു പരിചയം ഇല്ലാത്ത നാട്ടുപോലെ തോന്നി. ചില സ്റ്റേഷനിൽ വണ്ടിനിന്നു പേർവിളിച്ചുപറയുന്നതെല്ലാം പുതുപേരായി തോന്നി. സംശയം തീൎക്കേണ്ടതിന്നു വല്ലവരോടും ചോദിച്ചുകളയാമെന്നുവെച്ചാൽ പരിചയക്കാരെ ആരേയും കാണ്മാനും ഇല്ല. പരിചയമില്ലാത്തപരോടു ഒരു സ്നേഹിതൻമുഖേന അല്ലാതെ ബീ. എൽ. പരീക്ഷ ജയിച്ചതിന്നുശേഷം താൻ സംസാരിക്കാറുമില്ല. അതുകൊണ്ട് ആരോടു ചോദിപ്പാനും തരമാവാത്തതിനാൽ വരുന്നത് വരട്ടെ എന്നു നിശ്ചയിച്ചു ധൈൎയ്യത്തോടെ ഇരുന്നു. അവസാനം ഒരു വലിയ സ്റ്റേഷനിൽ വണ്ടി നിന്നു. ബങ്കളൂർ, ബങ്കളൂർ, എന്നുവിളിച്ചുപറയുന്നതു കേട്ടു. കാൎയ്യമെല്ലാം മനസ്സിലായി. പരുങ്ങാടമാരാര് ഒരു ധനവാനാകയാൽ തനിക്കു വന്ന അബദ്ധം പുറത്താക്കാതെ സ്റ്റേഷൻമാസ്റ്റരെ വിളിച്ചു നിരക്കുപ്രകാരമുള്ള കൂലി മുഴുവനും കൊടുത്തു പുറത്തിറങ്ങി ഒരു കോച്ചുവണ്ടിപിടിച്ചു നഗരം കാണേണ്ടതിന്നു പോയി. പലെ ദിക്കുകളിലും സഞ്ചരിച്ചു അവസാനത്തിൽ മൃഗശാലയിൽചെന്നു. ആ സമയത്തു അവിടെ കൂട്ടിൽ ഇട്ടിരുന്ന രണ്ടു സിംഹങ്ങൾ കടിപിണഞ്ഞത് കൂടുപൊളിച്ചു പുറത്തേക്കു ചാടിയിരുന്നതിനാൽ നാട്ടുകാരായ കാണി

ജനങ്ങൾ ഭയപ്പെട്ടു അങ്ങുമിങ്ങും ഓടിക്കളിക്കുക ആയി
രുന്നു. മാരാൎ വക്കീൽ യാതൊരു ഭയവുംകൂടാതെ നേരി
ട്ടുചെന്നു തന്റെ കോട്ടുകുപ്പായക്കീശയിൽ ഉണ്ടായി
രുന്ന റിവാൾവർതോക്ക് എടുത്തു രണ്ടു സിംഹങ്ങളേ
യും ഓരോ വെടിവെച്ചു കൊന്നുകളഞ്ഞു. അതുനിമി
ത്തം മൈസൂർ രാജാവായി സ്നേഹം സംഭവിക്കയാൽ
രാജാവിന്റെ അരമനയിൽ രണ്ടുമൂന്നു ദിവസം സുഖമാ
യി താമസിച്ചു മടങ്ങിപ്പോന്നു. പിറ്റെദിവസം വയി
ന്നേരം നാട്ടിൽ എത്തി. നേരം അസമയമായി എങ്കി
ലും കാണിനേരം താമസിയാതെ പരിഷൻപാച്ചലിൽ
ഭവനത്തിലേക്കു നേരെ പോയി. വഴിയിൽവെച്ചു് ആ
ടിക്കിലെ പോലീസ് ഇൻസ്പെക്ടർ ചാത്തുനായരായി
കണ്ടുമുട്ടി അദ്ദേഹത്തെയും ഒരുമിച്ചുകൂട്ടി. അൎദ്ധരാത്രിക്കു
തന്റെ പ്രിയയായ പാറേങ്ങാടിക്കുട്ടിയുടെ ഭവനത്തിൽ
എത്തി. പടിവാതൽ കടന്നുചെല്ലുമ്പോൾ തെക്കെ
ചുമരുചാരി നാലു ആളുകൾ പാറിനില്ക്കുന്നതുപോലെ
തോന്നി. കൂട്ടരുടെ വരവുകണ്ടു അവർ ഓടിപ്പോവാൻ
ശ്രമിക്കുന്നതിനെ അറിഞ്ഞു് വക്കീലും ഇൻസ്പെക്ടരും
പോലീസുകാരുംകൂടി പിന്നാലെ ഓടിച്ചെന്നു എല്ലാവ
രേയും പിടിച്ചു. പോലീസുകാരുടെ കയ്യിൽ ഹാജരുണ്ടാ
യിരുന്ന കയ്യാമങ്ങളെക്കൊണ്ടു് ബന്തോവസ്തു് ചെയ്തു
എല്ലാവരേയും മുറ്റത്തുകൊണ്ടുവന്നു് നിൎത്തി. മാരാൎ
വക്കീൽ അകത്തേക്കു വിളിച്ചു. ഒച്ചകേട്ടു് ആളെ അറി
ഞ്ഞു മൂക്കാണ്ടി അമ്മ ഒരു വിളക്കു എടുത്തു താഴത്തിറ

ങ്ങിവന്നു വാതിൽതുറന്നു മിററത്തേക്കു നോക്കുമ്പോൾ അധികജനം നില്ക്കുന്നതുകണ്ടു് ഭയത്തോടെ വാതിൽ അടപ്പാൻ തുടങ്ങി. മൂക്കാണ്ടി അമ്മയുടെ ഭയം മാറാക്ക മനസ്സിലായി. താൻ വേഗം വെളിച്ചത്തേക്കുവന്നു വിവരങ്ങളെല്ലാം പറഞ്ഞു. അതിനാൽ മനസ്സമാധാനവും വന്നു. കള്ളന്മാർ അന്നത്തെദിവസം ജലപാനംപോലും ചെയ്യിട്ടില്ലെന്നു അറികയാൽ മൂക്കാണ്ടി അമ്മക്കു അതിയായ സങ്കടം തോന്നുകകൊണ്ടു് ഉടനെ അകത്തു പോയി ഒരുപെട്ടി ബിസ്കോത്തും എല്ലാവൎക്കും വെവ്വേറെ ഓരോ കോപ്പ ചായയും കൊണ്ടന്നു കൊടുത്തു. ഇൻസ്പെക്ടരും കനിഷ്ടബേൾമാരും പോയതിന്നുശേഷം മാരാര് വക്കീൽ ബദ്ധപ്പെട്ടു കുളിയും ഭക്ഷണവും കഴിച്ചു മാളികമുകളിലേക്കു ചെന്നു. നേരം അസമയമായതിനാൽ പറങ്ങോടിക്കുട്ടിയെ കണ്ടു് സംസാരിപ്പാൻ തരമാവാതെ മടങ്ങിപ്പോന്നു. പൂമുഖത്തുവന്നു് മന്ദബുദ്ധിയായി നില്ക്കുമ്പോൾ പത്തായപ്പുരമാളികയിൽ കിടപ്പാൻ വിരിച്ചിട്ടുണ്ടെന്നു വാലിയക്കാരൻ വന്നു അറിയിച്ചു. പറങ്ങോടിക്കുട്ടിയുടെ വൎത്തമാനം അറിയാഞ്ഞിട്ടു എല്ലാം കൂടി ഒരു സഞ്ചാരമായിരുന്നതിനാൽ ഉറങ്ങേണ്ടതിന്നു അപ്പോൾ തനിക്കു ലേശമെങ്കിലും മനസ്സ് ഉണ്ടായിരുന്നില്ല. വാലിയക്കാരനോടു വൎത്തമാനം ചോദിച്ചാലോ എന്നു ഒരിക്കൽ തോന്നി. അതുനിമിത്തം ഉണ്ടാവുന്ന ഘനക്ഷയം വിചാരിച്ചു് അപ്പോൾതന്നെ വേണ്ട എന്നും വെച്ചു. മനസ്സിന്നു് സമാധാനം വരാതെ

തിനാൽ പിന്നെയും മോഹം ആവൎത്തിച്ചു തുടങ്ങി. ഒടുവിൽ "ഇവിടെ പുറമെ വല്ലവരും ഉണ്ടോ" എന്നുമാത്രം അവനോടു ചോദിച്ചു. "പുറമെ എന്നു പറവാൻ തക്കവണ്ണം ആരും ഇല്ലെങ്കിലും എജമാനന്റെ മകൻ പഞ്ചുമേനോനെജമാനൻ വന്നിട്ടുണ്ട്" എന്നുമറുവടി പറഞ്ഞു. ആ വാക്കു പറങ്ങോടമാരാരുടെ മനസ്സിനെ ഒരു ശല്യമായിട്ട് ഭേദിപ്പാൻ തുടങ്ങി. ഉടനെ പോയി തനിക്കു വിരിച്ചു തെയ്യാറാക്കിയ കട്ടിന്മേൽചെന്നു കിടന്നു ഈ വിധം വിചാരം തുടങ്ങി.

ഞാൻ ചോദിച്ച വാക്കിന്റെ അൎത്ഥം മുഴവനും മനസ്സിലാക്കീട്ടോ അവൻ മറുവടി പറഞ്ഞത്. അതോ എന്തോ ചിലത് പറഞ്ഞു എന്നു മാത്രമേ ഉള്ളു എന്നുണ്ടോ. അങ്ങിനെ ആവാൻ പാടില്ല. ചോദ്യത്തിന്നു ശരിയായ മറുവടിയാണല്ലോ പറഞ്ഞത്. എന്റെ ചോദ്യം പുറമെ വല്ലവരും ഉണ്ടോ എന്നാണ. പഞ്ചുമേനോൻ ഉണ്ടു എന്നല്ലേ മറുവടി പറയേണ്ടത്. അങ്ങിനെയല്ലല്ലൊ പറഞ്ഞത്. "പുറമെ എന്നു പറവാൻ തക്കവണ്ണം ആരും ഇല്ലെങ്കിലും" എന്നുകൂടി ചേൎത്തതിന്നു എന്തെങ്കിലും ഒരു വിശേഷവിധി അൎത്ഥം ഉണ്ടായിരിക്കണം. പറങ്ങോടിക്കുട്ടിയുടെ പുടമുറി കേട്ടതുപോലെ എല്ലാം നടന്നിരിക്കും എന്നുണ്ടോ. എന്നാൽ പിന്നെ പഞ്ചുമേനോൻ പുറമെ ഒരുത്തനാവാൻ പാടില്ലല്ലോ. ഛെ. അതാവാൻ പാടില്ല. മലയാളികളുടെ സംബന്ധം വിവാഹരീതിയിൽ അല്ലേ

നും അതു ഒരുവിധം വ്യഭിചാരസമ്പ്രദായമാണെന്നും മെയിൻ സായ്പിന്റെ പുസ്തകത്തിൽ വെളിവായി പറഞ്ഞിട്ടുണ്ട്. അപ്പോൾ പഞ്ചുമേനവനെ പുറമെ ഉള്ളവൻ എന്നു മാത്രമേ വിചാരിപ്പാൻ പാടുള്ളൂ. പിന്നെ അവൻ പറഞ്ഞതിന്റെ അർത്ഥം എന്തായിരിക്കും ഇല്ല. ഇല്ല. ഞാൻ വിചാരിച്ച അർത്ഥം ശുദ്ധമേ അബദ്ധമാണ്. എടയിൽ ഒന്നു രണ്ടു അക്ഷരം വിട്ടുപോയതിനാൽ അർത്ഥത്തിന്നു ബഹു അന്തരം വന്നുപോയി. പുറമെ എന്നു പറവാൻ തക്കവണ്ണം ആരും ഇല്ലെങ്കിലും എന്നതിൽ ആരും ഇല്ല എന്നുള്ളടത്തോളമെ അർത്ഥം ആലോചിച്ചുള്ളൂ. എങ്കിലും 'എന്ന' രണ്ടു അക്ഷരത്തിന്റെ അർത്ഥം തീരെ വിട്ടുപോയി. ആ രണ്ടു അക്ഷരം കൂട്ടുമ്പോൾ പഞ്ചുമേനോൻ പുറമെ ഉള്ളവനാണെന്നു അർത്ഥം ജനിക്കുന്നുണ്ട്. പഞ്ചുമേനോൻ സംബന്ധം തുടങ്ങീട്ടില്ല തീർച്ച തന്നെ. ഞാൻ വെറുതെ തെറ്റിദ്ധരിച്ചു ഓരോരോ ദുരാലോചന ചെയ്തുപോയതു കഷ്ടംതന്നെ. പാറങ്ങോടിക്കുട്ടി സാധാരണ സ്ത്രീകളെപ്പോലെ അത്ര കഥയില്ലാത്തവളോ. അവളുടെ മനോധൈര്യവും ബുദ്ധിഗാംഭീര്യവും എവിടെ. എന്റെ ഈ കുത്സിതാലോചന എവിടെ. അവൾ 'ടോംജോൺസ്' എന്ന ഇംഗ്ലീഷ് നോവൽ പുസ്തകം വായിച്ചു കഴിഞ്ഞ ഉടനെ ഒരു ദിവസം ഞാനായി ഓരോന്നു സംസാരിക്കുമ്പോൾ ആ പുസ്തകത്തിലെ നായികയായ "സോഫിയവെസ്റ്റേൺ" അവളുടെ പിതാവിന്റെ

ന്യായമായ ശാസനയെ അഗണ്യമാക്കി താൻ സ്നേഹിച്ച പുരുഷൻ ഒരു നിസ്സാരനാണെങ്കിലും അവനെ കാമിച്ചു നാട്ടും വീട്ടും ധനവും മററു സൎവ്വസ്വവും ഉപേക്ഷിച്ചു അവന്റെ പിന്നാലെ ചാടി പോയത് വളരെ ഉചിതമായി എന്നു പിന്നേയും പിന്നേയും ആവൎത്തിച്ചു എന്നോടു പറഞ്ഞത് ഞാൻ മറന്നിട്ടില്ല. അതുകൊണ്ടു കണ്ടപ്പമേനോൻ ഒരു സമയം നിൎബ്ബന്ധിച്ചിരുന്നാൽ തന്നെ അവൾ ഞാനുള്ളേടത്തേക്കു ചാടിപ്പോകുന്നതല്ലാതെ ഒരിക്കലും വഴിപ്പെടുന്നവൾ അല്ല.

വാലിയക്കാരൻ പറഞ്ഞതു ഒന്നുകൂടി ഓൎത്തുനോക്കട്ടെ. പുറമെ എന്നു പറവാൻ തക്കവണ്ണം ആരും ഇല്ലെങ്കിലും പഞ്ചുമേനോൻ ഉണ്ട്. ആരും ഇല്ലെങ്കിലും പഞ്ചുമേനോൻ. ആ ഷി. അൎത്ഥം വിചാരിച്ചതുപോലെ അല്ല. പഞ്ചുമേനോൻ പുറമെ ഉള്ളവനാണെന്നു തീൎച്ചപ്പെടുത്തിട്ടല്ല പറഞ്ഞത്. അങ്ങിനെ ആണെങ്കിൽ പുറമെ പഞ്ചുമേനോൻ ഉണ്ടു എന്നു സ്പഷ്ടമായി പറയരുതെ. എന്നാൽ പഞ്ചുമേനോൻ പുറമെ ഉള്ളവൻ അല്ല എന്നു വ്യക്തമായോ. 'ഇല്ലെങ്കിലും' എന്ന പ്രയോഗംകൊണ്ടു അതും സ്പഷ്ടമായില്ല. ഒരു സന്ദിഗ്ദ്ധസ്ഥിതിയിലാണു പ്രയോഗം. ആ ശരി. ശരി. അൎത്ഥം മനസ്സിലായി. മലയാളി വിവാഹത്തിൽ പ്രസിദ്ധം ചെയ്തതിന്നു ശേഷം രണ്ടുകക്ഷികളായി തീൎന്നിട്ടുണ്ടല്ലൊ. ചിലർ നായന്മാൎക്കു വിവാഹം ഉണ്ടെന്നും ചിലർ ഇല്ലെന്നും ഉള്ള തൎക്കംനിമിത്തം ഒരു കമീഷൻ

പുറപ്പെട്ട തെളിവ് എടുത്തു പോയതല്ലാതെ ഒന്നും ഇതുവരക്കും തീൎച്ചയായിട്ടില്ല. വിവാഹം ഉണ്ടെന്നു തീൎച്ചയായാൽ പഞ്ചുമേനോൻ പുറമെ ഉള്ളവനല്ല. ഇല്ലെന്നാണു തീൎച്ച എങ്കിൽ ഇനി ഉണ്ടാവുന്നവരക്കും പുറമെ ഉള്ളവനായിരിക്കാനെ പാടുള്ളൂ. രണ്ടാലൊന്നു തീൎച്ചപ്പെടുന്നവരക്കും സന്ദിഗ്ദ്ധസ്ഥിതിയിൽ വെക്കുന്നതാണു ഉത്തമം. ബഹുമാനപ്പെട്ട ശങ്കരൻനായർ ഈമാരണം ഉണ്ടാക്കി തീൎത്തതിനാലാണു അവൻ രണ്ടും അല്ലാത്ത സ്ഥിതിയായി പറഞ്ഞത്. സംബന്ധം കഴിഞ്ഞുപോയിരിക്കുന്നു. സംശയം ഇല്ല. ഞാൻ വെറുതെ ഈ വഴിയൊക്കെ ബുദ്ധിമുട്ടി വന്നു. പറങ്ങോടിക്കുട്ടി അങ്ങിനെ ചെയ്യും. എഴുത്തു കണ്ട ഉടനെ ഇങ്ങോട്ടു വന്നാൽ എന്റെ ഒരുമിച്ചു മടിരാശിക്കു പോരാമെന്നു തീൎച്ചയായും എഴുതിയിരുന്നുവെല്ലൊ. പിന്നെ ഈവിധം ചെയ്തതു ബഹു കഠിനമായി. ഈ വകക്കു വേണ്ടതുണ്ട്. എന്നോടു ചെയ്ത വാഗ്ദത്തം ഒരു പൂൎത്തിയായ കരാറു തന്നെയാണ്. എഴുത്തു ഞാൻ സൂക്ഷിച്ചു വെച്ചിട്ടുണ്ട്. ഇത്ര ബഹുമാനമില്ലാതെ എന്നെ അവമാനിച്ച ഒരു നാട്ടുകാരനെ ഇംഗ്ലീഷ് ആല്ഫബെററുകൂടി അറിഞ്ഞുകൂടാത്ത ഒരു നാടനെ സ്വീകരിച്ചതിന്നു ആ എഴുത്തു പിടിച്ചു നഷ്ടത്തിന്നു ഒരു നമ്പ്രകൊടുത്താൽ വിധിപ്പിച്ചു വാങ്ങാമെന്നു എനിക്കു നല്ല ധൈൎയ്യം ഉണ്ട്. അയ്യോ! കഷ്ടം. ഞാൻ ഇപ്പോൾ വിചാരിച്ചതു എത്ര അന്യായമാണ്. പറങ്ങോടിക്കുട്ടി മൈ. ലൌ, ഞാൻ

നിണക്ക തീരെ അപരാധിയായി തീൎന്നു. നീ എത്ര സുശീല. ഞാൻ എത്ര ക്രൂരൻ. എന്റെ ഈ ദുഷ്ടവിചാരത്തെ നീ മാപ്പാക്കണെ. അല്ലെങ്കിൽ (മൈഹാൎട്ട വിൽബ്ലീഡ്) എന്റെ ഹൃദയത്തിൽനിന്നു രക്തം പൊടിയും നിശ്ചയം. ഒരു സമയം നീ പണ്ടശ്ശമേനവനെ സ്വീകരിച്ചുവെങ്കിലും നീ തെറ്റുകാരിയല്ല. ഗുരുജനങ്ങളും ബന്ധുക്കളും ചുററും നിന്നു നിൎബ്ബന്ധിച്ചാൽ നീ വഴിപ്പെടുന്നതല്ലാതെ മറെറന്തു ചെയ്യും. ഹെൻറി യാട്ടാടെംബൎ ഫർഡിനെണ്ട് ആർ മെനൊട്ടചെസ്റ്റ വാഗ്ദത്തങ്ങളും മററു അവർ തമ്മിൽ കഴിഞ്ഞ അവസ്ഥകളും നോക്കിയാൽ ഡ്യൂക്കിനെ വിവാഹം ചെയ്വാൻ പിന്നെ ഒരുനാളും അനുകൂലിക്കമെന്നു ആക്കെങ്കിലും സ്വപ്നേപി സംശയിപ്പാൻ വഴിയുണ്ടൊ. എന്നെക്കൊണ്ടും കൂട്ടർ എല്ലാവരുംകൂടി ഓരോ ദുൎബ്ബോധന ചെയ്തു നിന്റെ മനസ്സ വെറുപ്പിച്ചിട്ടില്ലെന്നു നിശ്ചയം എന്താണ്. ഏതായാലും നീ നിരപരാധിയാവാനെ പാടുള്ളൂ.

നമ്മുടെ പറഞ്ഞോടമാരാറ് വാലിയക്കാരന്റെ മറുവടി വാക്കുകൾക്ക വാചകമായിട്ടും വാക്കായിട്ടും അക്ഷരമായിട്ടും ഭാഗിച്ചു അനുപയിച്ചു ഓരോരോ അൎത്ഥങ്ങൾ കല്പിച്ചും താൻ ഇംഗ്ലീഷിൽ എന്തെല്ലാം കഥാപുസ്തകങ്ങൾ വായിച്ചിട്ടുണ്ടൊ അവയിലുള്ള നായികാനായകന്മാൎക്കുണ്ടായ അവസ്ഥ തന്റെ അവസ്ഥയോട ഒത്തുനോക്കിയും ഏതെങ്കിലും തനിക്ക പ്രതികൂലസ്ഥി

തിയിൽ ഘടിക്കുന്നതായി കാണുമ്പോൾ വ്യസനിച്ചും അനുകൂലസ്ഥിതിയിൽ സന്തോഷിച്ചും എടക്കിടെ ഇംഗ്ലീഷിലും മലയാളത്തിലുമായി ഓരോന്നു പിറുപിറുത്തും നിന്നിദ്രനായി തന്നെ ഒരു ഭ്രാന്തനെപ്പോലെ രാത്രിയെല്ലാം ഒരുവിധം കഴിച്ചുകൂട്ടി.

പിറ്റെ ദിവസം രാവിലെ എഴുനീററു അറയുടെ കിഴക്കുഭാഗത്തുള്ള കിളിവാതിലിൽകൂടി പുറത്തോട്ടു നോക്കിയപ്പോൾ അതിനു നേരെ കിഴക്കുഭാഗം നില്ക്കുന്ന പത്തായപ്പുര മാളികയുടെ പടിഞ്ഞാറെ വ്രാന്തയിൽ പഞ്ചുമേനോൻ നിന്നു സംസാരിക്കുന്നതു കണ്ടു. ഉടനെ താഴത്തുപോയി ചുററും നോക്കി. പാഞ്ഞോടികൂട്ടി കിടക്കുന്ന നാലുകെട്ടു മാളികയുടെ താഴത്തുള്ള വാതിലുകൾ ഒന്നും തുറന്നു കാണായ്കയാൽ തലേദിവസം രാത്രി ഉണ്ടായ വിചാരങ്ങൾ എല്ലാം നിരാസ്പദമാണെന്നു പറഞ്ഞോടമാരാക്കു വിശ്വാസംവന്നു. ഉടനെ താൻ കിടന്നിരുന്ന മാളികയിലേക്കു തന്നെ പോയി പുറത്തെ മുറിയിൽ കണ്ട ഒരു ചാരുകസാലയിന്മേൽ അതി സുഖമായി കിടന്നു ഉറക്കവും തുടങ്ങി.

നേരം ഏകദേശം നാലു നാഴികയോളം പുലന്നു. കണ്ടപ്പുമേനോൻ എഴുനീററു തന്റെ നിത്യകർമ്മങ്ങളെല്ലാം കഴിച്ചു പൂമുഖത്തു വന്നിരുന്നു. അദ്ദേഹത്തെ കാണ്മാനായി ദൂരത്തുനിന്നു രണ്ടു വിദ്വാന്മാർ വന്നിട്ടുണ്ടെന്നു പഞ്ചുമേനോൻ ചെന്നറിയിക്കയാൽ അവരെ ആചരിച്ചു ഇരുത്തി കാവ്യനാടകാലങ്കാരങ്ങൾ സംബന്ധ

മായും മററും ഓരോ സംവാദങ്ങളും ചെയ്തു വിനോദിച്ചിരിക്കുമ്പോൾ നമ്മുടെ മാരാര് വക്കീൽ ഉറക്കം ഉണൎന്നു താഴത്തോട്ടു ഇറങ്ങിവന്നു. പൂമുഖത്തു കണ്ടപ്പമേനവനും കൂട്ടരും ഇരിക്കുന്നതുകണ്ടു അവിടേക്കു ചെന്നാറെ അദ്ദേഹം എഴുനീററുനിന്നു ആദരപൂൎവ്വം അരികത്തുണ്ടായിരുന്ന ഒരു കസാല നീക്കിവെച്ചുകൊടുത്തു. രണ്ടാളും ഇരുന്നതിന്നുശേഷം കുശലപ്രശ്നം ചെയ്വാൻ തുടങ്ങി.

കണ്ടപ്പമേനോൻ— ഇന്നലെ രാത്രി എത്തുമ്പോൾ നേരം കുറെ അസമയമായൊ? ഞാൻ ഒരു പ്രസംഗംപോലും അറിഞ്ഞില്ല. ഇന്നു രാവിലെ പുറത്തുവന്നതിന്നുശേഷം മാത്രമാണു വിവരമെല്ലാം അറിഞ്ഞത്. ദൈവാധീനംകൊണ്ടു നിങ്ങൾ തൽസമയം എത്തീട്ടില്ലായിരുന്നുവെങ്കിൽ കള്ളന്മാർ ചിലതെല്ലാം പിണക്കമായിരുന്നു. (പഞ്ചുമേനവനെ നോക്കി) അല്ല്യേ അപ്പുക്കുട്ടു.

പഞ്ചുമേനോൻ— "ബന്ധുക്കളുടെ പ്രവൃത്തി മനഃകൃതമല്ലാതെയും സഹായമായിത്തന്നെ പരിണമിക്കും എന്നതിന്നു ഇതൊരു ദൃഷ്ടാന്തമാണ്". ഇദ്ദേഹം ഇക്കാലങ്ങളിൽ നാട്ടിൽ വരാറില്ല. വരുന്നുണ്ടെന്നു മുൻകൂട്ടി ഒരറിവും നമുക്കുണ്ടായിരുന്നില്ല. അതുപോലെതന്നെ നമുക്കു വലുതായോരു അനൎത്ഥം സംഭവിപ്പാൻ പോകുന്ന വിവരം ഇദ്ദേഹത്തിന്നും മുൻകൂട്ടി അറിവുണ്ടായിരുന്നില്ല. കാൎയ്യം വന്നു കലാശിച്ചത് ഓൎക്ക

മ്പോൾ എല്ലാം മുൻകൂട്ടി അറിഞ്ഞ് ഒരുങ്ങിവന്നതു പോലെ അല്ലെ സംഭവിച്ചത്".

പറങ്ങോടമാരാര്--"പഞ്ചുമേനോൻ വളരെ വിഠ്ഠി യായിട്ടു സംസാരിക്കുന്നു. നിങ്ങൾ കുറച്ചു ഇംഗ്ലീഷു പഠിക്കാഞ്ഞതു വളരെ തെററിപ്പോയി. ലോജിക്കു കുറച്ചു പഠിച്ചു ഹക്സിലി, ടിൻഡാൾ, സ്പെൻസർ, ഈ വക പുസ്തകങ്ങളും വായിച്ചിരുന്നാൽ നിങ്ങൾ എത്ര പ്രമാണിയാവുമായിരുന്നു".

പഞ്ചുമേനോൻ-- "(ചിറിച്ചുംകൊണ്ടു) അതിനെല്ലാം പൂർവ്വജന്മത്തിൽ സുകൃതംചെയ്തു നേടാതെ ഇപ്പോൾ മോഹിച്ചിട്ടു ഫലം ഇല്ലെല്ലൊ".

പറങ്ങോടമാരാര്-- "പൂർവ്വജന്മമൊ. ഇതെത്ര അംബദ്ധമായ വിചാരമാണു. നിങ്ങൾ സംസ്കൃതം പഠിച്ചു അതിലുള്ള ചില ഭാഷപുസ്തകങ്ങളിൽനിന്നു ഓരോരൊ നൊൺസെൻസ് തലയിൽ കയററിട്ടുണ്ട്. നമ്മുടെ ഇടയിൽ സാധാരണയായി കാണുന്ന ബ്ളണ്ടർ ഇതാണ്. സംസ്കൃതം എന്നുവെച്ചാൽ വലിയ കഥയായി വിചാരിക്കും. അതിൽ ഒന്നുക്കൊന്നു അസംബന്ധമായല്ലാതെ ഒന്നും കാണ്മാൻ പ്രയാസം. ഒന്നാമതു ഇതുതന്നെ നോക്കിയാൽ പോരെ. ബ്രാഹ്മണനു മത്സ്യമാംസം തിന്നാൽ ജാതിഭ്രഷ്ട് ഉണ്ടെന്നു ചില വേദപുസ്തകങ്ങളിൽ പറയുന്നുണ്ട്. അതിൽതന്നെ "ചെമ്മീനപ്പുളിഗാന്ധാരി എരിയുംപുളിയുംസമം കൂട്ടിച്ചേർത്തുള്ള സമ്മന്തി ബ്രാ

ഷണക്കും ഭുജിച്ചിടാം" എന്നും പറയുന്നുണ്ട്. ഇതു
എത്ര അസംബന്ധമാണു".

പഞ്ചുമേനോൻ--"(ചിറിച്ചുംകൊണ്ടു) ഇതിന്നു അസംബന്ധം എന്നു പറഞ്ഞാൽ പോര. വങ്കത്വം എന്നു തന്നെ പറയണം".

ഇത്രത്തോളം പറഞ്ഞപ്പോഴെക്കു കണ്ടപ്പമേനോൻ എടയിൽ കടന്നു സംസാരിപ്പാൻ തുടങ്ങി. മാരാരുടെ വൎത്തമാനം തനിക്കും പഞ്ചുമേനവന്നും മുമ്പു തന്നെ നല്ലവണ്ണം അറിയാം. അതു പുറമെ ചിലർ ഉള്ളവൎക്കു പ്രത്യക്ഷമാകാതെ കഴിപ്പാനാണു അദ്ദേഹം ഉത്സാഹിച്ചത്.

കണ്ടപ്പമേനോൻ--"(വിദ്വാന്മാരെ ചൂണ്ടിക്കാട്ടി) മാരാരു വക്കീൽ ഇവരെ മുമ്പു അറിയില്ലെന്നു തോന്നുന്നു. ഇവർ വളരെ യോഗ്യന്മാരായ വിദ്വാന്മാരാണു. ഇയാൾക്കു (അതിൽ ഒരാളെ പ്രത്യേകം ചൂണ്ടിക്കാട്ടീട്ടു) വേറെ ഒരു വിശേഷവിധികൂടി ഉണ്ട്. കവിതാവാസന ബഹു കട്ടിയാണ്. അതിലും വിശേഷിച്ചു ഭാഷാകവിതക്കു ഒരു സാമൎത്ഥ്യം വേറെതന്നെയാണ്. കവിതക്കു ഇത്ര പക്വതയും മാധുൎയ്യവും ഉണ്ടായിട്ടു ഞാൻ വേറെ കണ്ടിട്ടില്ല എന്നു തന്നെ പറയാം".

പഞ്ചുമേനവന്നു മാരാരു വക്കീലിനെ കുറച്ചുകൂടി കളിയാക്കേണമെന്നു ഒരു താല്പൎയ്യം വന്നുവശായി. അച്ഛന്നു അതു രസം ഇല്ലെന്നു ഭാവംകൊണ്ടു മനസ്സിലാ

യി എങ്കിലും തന്നെ പൂൎണ്ണമായി പറഞ്ഞതിന്നു ഒരു ചൊട്ടു കൊടുക്കാതെ കഴികയില്ലെന്നു തീൎച്ചയായും ഉറച്ചു.

പഞ്ചുമേനോൻ--"(വിടന്മാരെ നോക്കി) മാരാരു വക്കീൽ ഒരു അമാനുഷനാണെന്നു അദ്ദേഹത്തിൻെറ മുമ്പാകെ വെച്ചു പ്രസ്താവിക്കുന്നതു മുഖസ്തുതിയാകയാൽ അതു അനുചിതമായിരിക്കും. എങ്കിലും വാസ്തവം പറയാതെ കഴിയുന്നതല്ലല്ലോ. ഇദ്ദേഹം ഇംഗ്ലീഷുഭാഷയിൽ അതിനിപുണനാണെന്നു ഇദ്ദേഹത്തിൻെറ സ്ഥാനമാനങ്ങൾ തന്നെ പ്രബലമായ സാക്ഷികളാണ്. അതിരിക്കട്ടെ. സംസ്കൃതഭാഷ ഇദ്ദേഹം സൂക്ഷ്മത്തിൽ പഠിച്ചിട്ടില്ല എങ്കിലും അതിലും ഇദ്ദേഹത്തിന്നു അധികകാലം പരിശ്രമിച്ചു പഠിച്ചവരെക്കാട്ടിലും പാണ്ഡിത്യം ഉണ്ട്. ബുദ്ധിയുടെ രസികതയൊ എല്ലാററിലും ഒരു മാററു കയറിനില്ക്കും. ഇതിനെല്ലാം താഴിയക്കുടമായി കവിതാവാസനയും ഉണ്ട്. ഇങ്ങിനെയെല്ലാംകൂടി തികയേണമെങ്കിൽ എത്ര ഭാഗ്യം ഉണ്ടായിരിക്കണം".

ഈ സ്തുതിനിന്ദ കേട്ടപ്പോഴെക്കു മാരാര് വക്കീൽ രണ്ടു മുഴം തന്നെ ഉയൎന്നു. മുമ്പുതന്നെ ഞെളിഞ്ഞിട്ടാണു ഇരിപ്പു. ഇപ്പോൾ അതിൽ ഒന്നുകൂടി ഞെളിഞ്ഞു.

പറങ്ങോടമാരാര്--(ഒരു പുഞ്ചിരിയോടെ) പഞ്ചുമേനോൻ എന്നെ അതിയായി ഫ്ളാററർ ചെയ്യുന്നു.

പഞ്ചുമേനോൻ — നിങ്ങൾ ആ വിധംതന്നെയാണ് വിചാരിക്കേണ്ടത്. എങ്കിലും ഞങ്ങൾക്കു പരമാൎത്ഥം പറയാതെ കഴിയുന്നതല്ലല്ലോ.

മാരാരുവക്കീലിന്നു കാൎയ്യം ശരിതന്നെയാണെന്നു പൂൎണ്ണമായും വിശ്വാസം വരികയാൽ പഞ്ചുമേനവന്റെ വാക്കിന്നു ഭാവരസംകൊണ്ടു അനുസരിച്ചു കുറഞ്ഞൊരു നേരം മൌനമായിരുന്നു. സമീപത്തു പടിയിന്മേൽ ഒരു വീശെറി കിടന്നിരുന്നതിനെ കയ്യിലെടുത്തു വിദ്വാൻ കവിയെ നോക്കി ഈവിധം പറഞ്ഞു.

പറങ്ങോടമാരാര് — നിങ്ങൾ ഒരു യോഗ്യനായ ഭാഷാകവിയാണെന്നു കണ്ടപ്പുമേനോൻ അല്പം മുമ്പിൽ എന്നോടു പ്രസ്താവിക്കയാൽ ഞാൻ അറിഞ്ഞു. സാധാരണ ഭാഷാകവികൾക്കു താമര, ചന്ദ്രൻ, മേഘം, കുയില്, വണ്ടു, സ്ത്രീ ഈ വക കൂടാതെ സ്വന്തസൃഷ്ടിയായി വേഗത്തിൽ ഒരു കവിത ഉണ്ടാക്കാൻ കഴികയില്ല എന്നാണു എന്റെ വിശ്വാസം. ഈ വീശെറികൊണ്ടു വേഗത്തിൽ ഒരു ശ്ലോകം ഉണ്ടാക്കാൻ നിങ്ങൾക്കു വശമൊ.

പഞ്ചുമേനോൻ — (കവിയെ കണ്ണുകൊണ്ടു തടസ്ഥം ചെയ്തു) കാൎയ്യം ശരിയാണ്. ഇവരെല്ലാം ചില ശ്ലോകങ്ങൾ മുമ്പു പഠിച്ചിട്ടുള്ളതിന്റെ ഛായ പിടിച്ചു ഓരോന്നു കെട്ടി ചമക്കുക എന്നല്ലാതെ സ്വബുദ്ധി കൊണ്ടു സൃഷ്ടിപ്പാൻ ഇവരാളല്ല. അതിനെല്ലാം

ഇംഗ്ലീഷ് പഠിപ്പല്ലാതെ ഒരിക്കലും സാധിക്കും എന്നു എനിക്കു തോന്നുന്നില്ല.

പാഠോങ്ങാടമാരാര് -- പങ്ങശ്ശമേനവൻ പറഞ്ഞതെല്ലാം വളരെ ദീസനെമ്പറ്റാ എന്നാണു എന്റെ അഭിപ്രായം. ഞാൻ ഒരു ശ്ലോകം ഈ സമയംകൊണ്ടു ഉണ്ടാക്കി കേട്ടോളൂ.

ഇത്രവിചിത്രമതായൊരിഫോനിതു
കണ്ടാലെത്രയും ചിത്രംതന്നെ
ഉണ്ണാകാലെ പൃരുഷരെല്ലാം
കൊണ്ടുനടപ്പതു കണ്ടായൊ നീ.

പാഠങ്ങാടമാരാരുടെ ചെമ്പു പുറത്തു വരുന്താതെ കഴിക്കേണ്ടതിന്നു അതുവരെക്കും ശ്രമിച്ചിരുന്ന കണ്ടപ്പമേനവൻ കൂടി ഈ ശ്ലോകം കേട്ടപ്പോൾ പൊട്ടി ചിരിച്ചുപോയി. പിന്നെ മററുള്ളവരുടെ കഥ പറവാൻ ഉണ്ടോ. എന്നാൽ ഈ ഘോഷമെല്ലാം തന്റെ അബദ്ധപഞ്ചാംഗം നിമിത്തം സംഭവിച്ചതാണെന്നു നമ്മുടെ വക്കീൽ മാരാൎക്കു ലേശമെങ്കിലും മനസ്സിലായില. ശ്ലോകത്തിന്റെ ചമൽക്കാരം നിമിത്തമാണെന്നാണു ആ മഹാനുഭാവൻ വിശ്വസിച്ചത്. ഇയ്യാളെ ഇനിയും ഇവിടെ വെച്ചാൽ വല്ലാതെ കലശലാവുമെന്നു വിചാരിച്ചു കണ്ടപ്പമേനോൻ ഈ വിധം പറഞ്ഞു.

കണ്ടപ്പമേനോൻ -- നേരം എട്ടുമണി കഴിഞ്ഞു. മാരാൎക്കു കളി ഇപ്പോൾ ഇല്ലല്ലൊ ഉണ്ടോ. നിങ്ങളെല്ലാം

നാട്ടുകാരായ ഞങ്ങളുടെ കൂട്ടത്തിൽ ചേൎന്നാൽ ബു ദ്ധിമുട്ടിപ്പോകും. ഞങ്ങൾക്ക ആഹാരകാലങ്ങൾക്ക കൃത്യം വളരെ ചുരുക്കമാണ്. നിങ്ങൾ നഗരത്തിൽ ശീലിച്ച ആളാകയാൽ അതിനെല്ലാം വളരെ കൃത്യ മായിരിക്കും.

പറങ്ങോടമാരാര് — നിങ്ങൾ പറഞ്ഞ കാൎയ്യം ശരിയാ ണ്. ഹൈജിൻ പുസ്തകം വായിച്ചിട്ടില്ലെങ്കിലും പ്രിൻസിപ്പൾ എല്ലാം നാട്ടുകാരും ഗ്രഹിച്ചിട്ടുണ്ടോ ഇതു വളരെ അസോട്ട്ണിഷിങ്ങ് ആയിരിക്കുന്നു.

എന്നും പറഞ്ഞു മാരാരുവക്കീൽ കുളിപ്പാൻ പോ യി. ഇദ്ദേഹം സംസാരിക്കുന്നതു മലയാളമായിരുന്നു വെങ്കിലും പകുതിയിൽ അധികം ഇംഗ്ലീഷുവാക്കുകൾ ആയിരുന്നതിനാൽ എല്ലാം പൂൎണ്ണമായി ഗ്രഹിപ്പാൻ ശേഷമുണ്ടായിരുന്നവൎക്ക അസാദ്ധ്യമായിരുന്നു. പ്രസ്താ പങ്ങളുടെ പ്രകൃതത്തിൽനിന്നും നാട്യങ്ങളിൽനിന്നും ഒ രു ഭാവാൎത്ഥം മാത്രമാണ് അവർ മനസ്സിലാക്കിയിരു ന്നത്.

കണ്ടപ്പമേനോൻ — (പങ്ങശ്ശമേനവനെനോക്കി) ഇ യാൾ സാമാന്യത്തിൽ അധികം ശുദ്ധനാണെന്നു ഞാൻ മുമ്പു തന്നെ മനസ്സിലാക്കീട്ടുണ്ട്. ഇത്ര കശ ലനാണെന്നു അറിഞ്ഞിരുന്നില്ല.

പങ്ങശ്ശമേനോൻ — അച്ഛൻ ഇയാളെ ശുദ്ധൻ എന്നു പറഞ്ഞത് "മഹാനുഭാവേം വിസ്തിശ്ചേൽ ശുദ്ധഇ ത്യാഭിധീയതെ" എന്ന അൎത്ഥത്തിൽതന്നെ അല്ലേ.

ക—ഈ മനുഷ്യൻ ബി. എ. പരീക്ഷ ജയിച്ചിട്ടുണ്ട് എന്നല്ലെ പ്രസ്താവം. എനിക്ക അതോർക്കുമ്പോൾ വിസ്മയം തോന്നുന്നു.

പ—ഇതു കണ്ടിട്ടു അച്ഛൻ ഇത്ര വിസ്മയിച്ചാൽ ഇനി ഇതിലും പ്രമാണികളായ ബി. എ. ക്കാരെ കാണുമ്പോൾ എന്തു പറവാൻ കണ്ടത്.

അവർ രണ്ടുപേരും ഇത്രമാത്രം പറഞ്ഞ് പഞ്ചായപ്പുരമുകളിലേക്ക പോയി. നമ്മുടെ മാരാര് കുളിയും ശാപ്പാട്ടും കഴിച്ചു ഉടനെ മടങ്ങിവന്ന് പറങ്ങോടിക്കുട്ടിയെ കാണ്മാൻ മാളികമുകളിലേക്ക ചെന്നു. അവർ തമ്മിലുണ്ടായ സംഭാഷണത്തിൽ പഞ്ചുമേനോൻ വേറെ സംബന്ധം തുടങ്ങി എന്നും അദ്ദേഹത്തിന്നു യഥാൎത്ഥത്തിൽ പറങ്ങോടിക്കുട്ടിയെ കാംക്ഷ ഉണ്ടായിരുന്നില്ല എന്നും അറിഞ്ഞു. തനിക്ക എതിരായി മത്സരിപ്പാൻ മാററാൻ ഇല്ലെന്നു തീൎച്ചപ്പെട്ടതിന്നു ശേഷം തന്റെ മനസ്സിൽനിന്നു ഒരു ചുമട് എറക്കിയതുപോലെ ആശ്വാസം വരികയാൽ അന്നത്തെ ദിവസം സുഖമായിതന്നെ കഴിഞ്ഞു. പറങ്ങോടമാരാരുടെ സ്വഭാവം ഒരിക്കൽ ഒരു ശീലം മറെറാരിക്കൽ മറെറാരു ശീലം എന്ന മാതിരിയാണ. പിറെറ ദിവസം രാവിലെ എഴുനീററപ്പോഴക്ക മാതിരി എല്ലാം ഒന്നു പകൎന്നു. എതിരാളി ഇല്ലെന്നു തീൎച്ചയായതോടു കൂടി വാശിയും ഒന്നു കുറഞ്ഞു. വെള്ളക്കാരുടെ ഇടയിൽ കല്യാണം ചെയ്വാൻ എല്ലാം സമ്മതപ്പെട്ടാലും പിന്നേയും കുറച്ചുകാലം കാ

ത്തിരിക്കുന്നതായ ഒരു സമ്പ്രദായം ഉണ്ട്. അതിന്നു "കൊട്ടിങ്ങ്" എന്നാണത്രെ പറഞ്ഞുവരാറ്. നമ്മുടെ വക്കീലിന്നു ഇംഗ്ലീഷുസമ്പ്രദായങ്ങൾക്കു വലിയ ഭ്രമമാണ്. പങ്ങശ്ശുമേനവനെ ഉള്ള ശങ്കവിട്ടപ്പോൾ കോട്ടിങ്ങുകൂടി ഇല്ലാഞ്ഞാൽ പോരെന്നു നിശ്ചയിച്ചു. അതിന്നു പുറമെ മലയാളസംബന്ധത്തിന്നു സാധാരണ വിവാഹത്തിന്നുള്ള സ്ഥിരത ഉണ്ടെന്നായിരുന്നു ഒരുകാലത്തെ ധാരണ. അന്നു അതു പ്രബലപ്പെടുത്തി ചിലപുസ്തകങ്ങളും എഴുതിട്ടുണ്ട്. പിന്നെ ഒരു സ്നേഹിതനെ സന്തോഷിപ്പിപ്പാൻ വേണ്ടി അഭിപ്രായം മാററി വെപ്പാട്ടിമംഗ്ഗം മാത്രമെ ഉള്ളു എന്നായി. ഇനിയത്തെ മറിച്ചിലിൽ എന്താ തോന്നുന്നതു എന്നു ഇപ്പോൾ നിശ്ചയിപ്പാനും പാടില്ല. ഏതായാലും തല്ക്കാലം കൊട്ടിങ്ങായി കഴിപ്പാൻ നിശ്ചയിച്ച് ആ വിവരം പാറങ്ങോടിക്കുട്ടിയോടു പറഞ്ഞു. പിറെറ ദിവസത്തെ വണ്ടിക്കു മദിരാശിക്കു തന്നെ മടങ്ങിപ്പോകയും ചെയ്തു. പാറങ്ങോടിക്കുട്ടി അന്തഃകരണവിവാഹമെല്ലാം മുമ്പുതന്നെ കഴിച്ചിട്ടുണ്ടെങ്കിലും ലണ്ടൻടൈംസും ഫോറൂമും കൊണ്ടു ഇന്നും കാലം കഴിക്കുന്നു. പാറങ്ങോടമാരാറ് വക്കീലിന്റെ സ്വഭാവം ഇന്നപ്രകാരമാണെന്നു ഇതരവക്കും ഇത്രത്തോളം മനസ്സിലാക്കാൻ കഴിയാത്തതിനാൽ എന്തെല്ലാമാണ് മനസ്സുകൊണ്ട് നിശ്ചയിച്ച് ഉറച്ചിരിക്കുന്നത് എന്നു തിട്ടപ്പറവാൻ അസാദ്ധ്യമാണ്. പങ്ങശ്ശുമേനവൻ തന്റെ ഭാൎയ്യയെ തറവാട്ടിലേക്കു കൂട്ടിക്കൊണ്ടു വന്നതിന്നു ശേ

ഷം അവിടെ തന്നെ സ്ഥിരമായി താമസിക്കേണമെന്നു അമ്മാളുവും അമ്മുക്കുട്ടിയും നിർബ്ബന്ധിക്കയാൽ അപ്രകാരം പാൎത്തുവരുന്നു. ദമ്പതിമാരുടെ ഭാഗ്യാതിരേകംകൊണ്ടു രാഹുകേതുക്കളെപ്പോലെ രണ്ടു കുട്ടികൾ ഉണ്ടായി ഭവനം സൎവ്വദാ അലങ്കരിക്കുന്നുണ്ട്. അമ്മാളുവിനും, അമ്മുക്കുട്ടിക്കും അവൎക്കു അനുരൂപന്മാരായ ഭൎത്താക്കന്മാർ ഉണ്ടായതിനാൽ അവരും സുഖമായിരിക്കുന്നു.

എന്റെ പ്രിയമേറിയ വായനക്കാരെ! നിങ്ങളോടു ഒന്നുമാത്രം പറഞ്ഞു ഈ പുസ്തകം ഞാൻ ഇപ്പോൾ അവസാനിപ്പിക്കുന്നു. നമ്മുടെ സ്ത്രീകളെ ഇംഗ്ലീഷു പഠിപ്പിച്ചാൽ പറങ്ങോടിക്കുട്ടിയെപ്പോലെ അധികപ്രസംഗികൾ ആകുമെന്നോ ഇപ്പോൾ ഉള്ള ചെറുപ്പക്കാരായ ഇംഗ്ലീഷുകാർ പറങ്ങോടന്മാരെപ്പോലെ അവ്യവസ്ഥിതചിത്തന്മാരെന്നോ ഞാൻ സിദ്ധാന്തിക്കുന്നില്ല. നമ്മുടെ സ്ത്രീകൾക്കു ഇംഗ്ലീഷുപഠിച്ചതുകൊണ്ടുമാത്രം യോഗ്യത സിദ്ധിക്കുന്നതല്ല. അതുപ്രകാരംതന്നെ ഇംഗ്ലീഷ് സംസാരിപ്പാൻ അറിയാത്തതിനാൽ യോഗ്യത പോകുന്നതും അല്ല. അവരുടെ യോഗ്യതയും മാന്യതയും എല്ലാം നടപ്പുഗുണത്തിലും സ്വഭാവഗുണത്തിലും ആണ് നിലനിൽക്കുന്നത്. അതുപോലെ തന്നെ ഇംഗ്ലീഷുപഠിച്ച് ബി. എ. ബി. എൽ. ജയിച്ചതുകൊണ്ടു മാത്രം പുരുഷന് ഞെളിവാൻ ആവശ്യമില്ല. ഇംഗ്ലീഷിന്റെ ഗന്ധം കൂടി ഇല്ലാത്തവർ വളരെ മൎയ്യാദയും ലോകതയും രസികതയും ഉള്ളവരായി

കാണാം. പഠിച്ച് പരീക്ഷ ജയിച്ചവർ ശുദ്ധമെ അധികപ്രസംഗികളായും വിഡ്ഢികളായും കാണാം. പുരുഷന്റെ യോഗ്യതയെ പരീക്ഷാജയത്തിൽ മാത്രം നിലനിൎത്താൻ പാടുള്ളതല്ല. അതു അവന്റെ സദ്വൃത്തികളെക്കൊണ്ടാണ് അറിയേണ്ടത്. അതുകൊണ്ടു ഇംഗ്ലീഷു അറിയാത്തതിനാൽ ഭാൎയ്യ ഗുണവതി അല്ലെന്നോ വലിയ പരീക്ഷകൾ ഉള്ളതുകൊണ്ടു ഭൎത്താവു അനുരൂപനെന്നോ ഭ്രമിച്ച് രണ്ടുകൂട്ടരും അബദ്ധത്തിൽ ചാടി ഈ പുസ്തകത്തിലെ നായികാനായകന്മാരെപ്പോലെ ആവരുതെന്നു മാത്രമെ ഞാൻ പറയുന്നുള്ളു.

"കുലംപ്രായംരൂപംധനമറിവുശീലംതനുബലം
ഗുണൌഘംചേരുന്തേഷുസ്ത്രീപുരുഷരാദ്യോജിച്ചവരണം
ഇവയൊന്നുംചേരാത്തവരുടെവിവാഹത്തിനുഫലം
മനഃക്ലേശംമാനക്ഷയധനവിനാശങ്ങൾബഹുധാ."

സമാപ്തം.

# ആഖ്യായിക അല്ലെങ്കിൽ

# നോവൽ.

---

വിദ്വാന്മാരുടെ ദരിദ്രതയും ധനവാന്മാരുടെ പാണ്ഡിത്യവും പ്രസിദ്ധമാണെങ്കിലും, കൊടുങ്ങല്ലൂര്, കോട്ടയം, കടത്തനാട്ട മുതലായ രാജ്യങ്ങളിലെ രാജാക്കന്മാർ പണ്ടു പണ്ടേ മഹാ വിദ്വാന്മാരായിരുന്നു. സാമാന്യം ശ്ലോകാൎത്ഥമുള്ള പരദേശികൾ നമ്മുടെ നാട്ടിൽവന്ന് ഓരോ തക്കിടിയും പറഞ്ഞ് അനവധി പണവും പററിച്ചുകൊണ്ടുപോകുന്ന പതിവ് പണ്ടും ലേശംപോലും കുറവുണ്ടായിരുന്നില്ല. ഇതു നല്ലൊരു തരമാണെന്നു കരുതി അല്പം ലോകവ്യുല്പത്തിയുള്ള ഒരു ശാസ്ത്രി തഞ്ചാവൂരിൽനിന്നു പുറപ്പെട്ടു മലയാളത്തിലെ ഒരു രാജാവിന്റെ അടുക്കൽ വന്നു. പണ്ഡിതസംസൎഗ്ഗം ആ രാജാവിന്നു വളരെ സന്തോഷജനകവുമുണ്ടായിരുന്നു. താൻ വലിയ ഘനപാഠിയാണ് മഹാ കവിയാണെന്നൊക്കെ പറഞ്ഞുനടക്കുന്ന ഈ ശാസ്ത്രി കോവിലകത്തു എത്തിയതു ഒരു രാത്രിയിലാണ്. അകാലമായതുകൊണ്ടു അന്നു രാജാവിനെ കണ്ട് സംസാരിപ്പാനൊന്നും തരമായില്ല.

പിറെറന്നാൾ പ്രകാശത്തിന്നെഴുനീററു കാലും മുഖവും കഴുകി കുളിച്ച് വേഷംകെട്ടി, നനച്ചുനനച്ചു സ്വതേയുള്ള നിറം കേവലം മാറി പഴുപ്പുവൎണ്ണമായിട്ടുള്ള ക

രു സോമൻകൊണ്ടു പഞ്ചെള്ളൂം വെച്ചുട്ടത്ത്, സർവ്വാം
ഗം ഭസ്മവും പൂശി കഴുത്തിൽ രുദ്രാക്ഷമാലയും ധരിച്ച്
തോളിൽ ഭാണ്ഡവും എടത്തെ കയ്യിൽ വിശറിയുമായി
അവസ്ഥയിൽ പൂമുഖത്തു ചെന്നിരുന്നു. രാജാവു പതി
വുപോലെ ആസ്ഥാനമണ്ഡപത്തിൽ എഴുന്നെള്ളിയിരു
ന്നപ്പോൾ ശാസ്ത്രി വേഗത്തിൽ എഴുനീറ്റു 'ഭോ! ഭോ!
മഹാരാജ!' എന്നു ഉച്ചത്തിൽ വിളിച്ചുംകൊണ്ട്,

യം പാലയസി പാലയസി യം യം പാലയസിധർമ്മം
ധർമ്മം പാലയസി യം യം പാലയസിധർമ്മം
പാലയസിധർമ്മം ധർമ്മം പാലയസി പാലയസി
ധർമ്മംത്വാം ത്വാം ധർമ്മംപാലയസിപാലയസിധർമ്മംത്വാം
ധർമ്മം ത്വാം ത്വാം ധർമ്മം ധർമ്മംത്വാം ധൃത്വാ ധൃത്വാ
ത്വാം ധർമ്മം ധർമ്മം ത്വാം ധൃത്വാ ത്വാംധൃത്വാധൃത്വാ
ത്വാം ത്വാം ധൃത്വാ ച ച ധൃത്വാ ത്വാംത്വാംധൃത്വാ
ച ധൃത്വാച ച ധൃത്വാധൃത്വാച നിയമേന
നിയമേനച ധൃത്വാ ധൃത്വാ ച നിയമേന
ച നിയമേന നിയമേനച ചനിയമേന
ച ച നിയമേന ച ച നിയമേനാച
നിയമേന ച ച നിയമേന നിയമേനച ചേനിച
സവൈ വൈ സ സവൈ രാഘവ ശാർദ്ദൂല
രാഘവശാർദ്ദൂല വൈസസവൈ രാഘവശാർദ്ദൂല
വൈരാഘവ ശാർദ്ദൂല രാഘവശാർദ്ദൂല
വൈവൈരാഘവശാർദ്ദൂലധർമ്മോ
ധർമ്മോരാഘവശാർദ്ദൂല വൈവൈ രാഘശാർദ്ദൂല ധർമ്മ

രാഘവശാർദ്ദൂലധൎമ്മോധൎമ്മോ രാഘവശാർദ്ദൂല
രാഘവശാൎദ്ദൂലധൎമ്മസ്ത്വാം ത്വാം ധൎമ്മോരാഘവശാൎദ്ദൂല
രാഘവശാർദ്ദൂലധൎമ്മസ്ത്വാം. ധൎമ്മസ്ത്വാം ത്വാം
ധൎമ്മോധൎമ്മസ്ത്വാമഭ്യഭിത്വാം ധൎമ്മോധൎമ്മസ്ത്വാ
മഭിത്വാമഭ്യഭിത്വാം ത്വാമഭിരക്ഷതു
രക്ഷത്വഭിത്വാം ത്വാമഭിരക്ഷതു
അഭിരക്ഷതു രക്ഷത്വഭ്യഭിരക്ഷതു
രക്ഷത്വതിരക്ഷതു.

എന്നിങ്ങിനെ ശ്വാസം വിടാതെ പടക്കം പൊട്ടിക്കുംപോലെ ചടപട ചടപട എന്ന് പൊടിപാറി ചൊല്ലി ആശീൎവ്വാദം ചെയ്ത് സാവധാനത്തിൽ വീശിയുംകൊണ്ടു വലിയ മഹാമഹോപാദ്ധ്യായന്റെ നിലയിൽ അവിടെത്തന്നെ ഇരുന്നു. ഇത്രയും കേട്ടപ്പോഴക്ക നാലുപുറത്തും നിന്നിരുന്നവർ ഇദ്ദേഹം സാമാന്യത്തിലധികം ഒരു വിശിഷ്ടൻ തന്നെയാണെന്നു ധരിച്ചുവശായി. ഈ വകിട്ടുകൊണ്ടൊന്നും രാജാവു ലവലേശം കുലുങ്ങിയില്ല. ശ്ലോകം കേട്ടപ്പോൾ തന്നെ രാമായണത്തിലെ മററൊ ഉള്ള ഒരു ശ്ലോകം ഈ മട്ടിൽ ചൊല്ലിയതാണെന്നു അദ്ദേഹത്തിന്നു മനസ്സിലായിക്കഴിഞ്ഞു. എങ്കിലും പട്ടരുടെ വിഡ്ഢിത്വം എത്രമേലുണ്ടെന്നറിയേണമെന്നു വിചാരിച്ച് തല്ക്കാലം ഒന്നും മിണ്ടാതെ ഘനത്തിലിരുന്നു. രാജാവ് ഒരു വങ്കനാണ്, വ്യുൽപത്തിയുടെ ഗന്ധംപോലുമില്ല, ഉദ്ദേഹത്തിനെ എളുപ്പത്തിൽ തോല്പിക്കാമെന്നു ശാസ്ത്രിയും കരുതി. കുറെ നേരം കഴി

ഞ്ഞപ്പോൾ അദ്ദേഹം മുമ്പേതന്നെ ഒരോലയിൽ എഴുതികൊണ്ടുവന്നിട്ടുള്ള ശ്ലോകം 'തിരുമുൽകാഴ്ചയായി രാജസന്നിധിയിങ്കൽ വെച്ചു. രാജാവു അതെടുത്തു നോക്കിയപ്പോൾ നൈഷധത്തിലെങ്ങാൻ ഉള്ളതാണെന്നു ക്ഷണത്തിൽ മനസ്സിലാക്കി. ഈ വക ആളുകൾ അത്ര അധികമൊന്നും വായിച്ചിരിക്കയില്ലെന്നാണ് പട്ടര് ഊഹിച്ചത്. കവനം വളരെ വിശേഷമായിരിക്കുന്നു എന്നും പറഞ്ഞു പട്ടരെഴുതിയ ശ്ലോകത്തിന്നു താഴെ,

ഛായാമപഹരതികവിഃ, പദമേകംപാദമേകമർദ്ധംവാ
സകലനിബന്ധനഹർത്രേ,സാഹസകർത്രേനമസ്തുഭ്യം.

എന്നും എഴുതി ഓല അങ്ങട്ടുതന്നെ മടക്കിക്കൊടുത്തു അതു വായിച്ചപ്പോൾ പട്ടര് ക്രമത്തിലധികം വഷളായി എന്നു വിശേഷിച്ച് പറയേണ്ടതില്ലല്ലൊ. കേവലം ഈ വിധമല്ലെങ്കിലും ഏകദേശം ഈ മട്ടിലുള്ള വിദ്വാന്മാർ ഇപ്പോഴും ധാരാളമുണ്ടെന്നു നമുക്കു ഇയ്യിടെയിലും ദൃഷ്ടാന്തമായി. വക്കീൽ അപ്പുനെടുങ്ങാടി അവർകൾ ഉണ്ടാക്കിയ "കുന്ദലതാ" എന്ന നോവൽ സാമാന്യം നന്നായിരിക്കുന്നു എങ്കിലും അതിനെ കൊണ്ടാടുവാനും പ്രശംസിക്കുവാനും ആരും ഇല്ലാതിരുന്നതിനാൽ ദുർല്ലഭം ചിലർക്കെ അതു വാങ്ങി വായിച്ചു രസിപ്പാൻ ഇടയായിട്ടുള്ളു. "ഇന്ദുലേഖാ" എന്ന പുസ്തകം ബഹുരസികനും അതിസമർത്ഥനുമാണെന്നു മുമ്പുതന്നെ പ്രസിദ്ധിയുള്ള ഒരാൾ എഴുതിയുണ്ടാക്കിയതാണെന്നു അറിഞ്ഞപ്പോൾ അതെല്ലാവർക്കും വായിക്കേണ്ടതിന്നുള്ള ഭ്രമം ക

ലശലായി എന്നുമാത്രമല്ല ആ പുസ്തകം വായിച്ചിട്ടുള്ളവൎക്കൊക്കെ അസാമാന്യമായ സന്തോഷവും രസവും ഉണ്ടാവുക നിമിത്തം ഇനിയും ഈ വിധം പുസ്തകം എഴുതിഉണ്ടാക്കിയാൽ നന്നായിരുന്നു എന്നുള്ള വിചാരം മിക്ക ജനങ്ങൾക്കുമുണ്ടായി.

അതിൽപിന്നെ നോവൽ വായിക്കാനുള്ള ഭ്രമം കലശലായതുപോലെ, ചിലൎക്ക് അതെഴുതുവാനുള്ള ഭ്രമവും വൎദ്ധിച്ചു. നോവൽ എഴുതി ഉണ്ടാക്കുന്നതു, എളുപ്പത്തിലാവുന്ന ഒരു പ്രവൃത്തിയുടെ കൂട്ടത്തിലാണ് ചിലർ കരുതീട്ടുള്ളത്. കുറെ ശ്ലോകമോ പാട്ടോ ഉണ്ടാക്കേണമെങ്കിൽ വളരെയെല്ലാം ബുദ്ധിമുട്ടുണ്ട്. പ്രാസം, വൃത്തം, എന്നുവേണ്ട പലതുകൊണ്ടും ഉപദ്രവം തന്നെ. മറേറതിന്നു ആ വക യാതൊരു തടസ്ഥവുമില്ല. നാം തമ്മിൽ ഓരോന്നു സംസാരിക്കുന്ന മാതിരിയിൽ കുറെ എഴുതിക്കൂട്ടിയാൽ ഒരു നോവൽ ആയി. ശൃംഗാരവിഷയമായ ചില ശ്ലോകങ്ങളും, പോരെങ്കിൽ മുമ്പെയുള്ള വിദ്വാന്മാർ ശ്ലോകരൂപേണ ഓരോന്നിനെപ്പററി വൎണ്ണിച്ചതു്, നേരെ പകൎത്തെഴുതുന്നതു കേവലം മദ്ധ്യമമാണെന്നു തോന്നുന്ന ഭാഗം, ആ വക ശ്ലോകങ്ങളുടെ അന്വയാൎത്ഥത്തിൽ ചിലതു കൂട്ടിയും കിഴിച്ചും അല്പം ചില ഭേദഗതികൾ ചെയ്തു് എടയെടെ പൊടിപ്പും തൊങ്ങലും ചേൎത്തക്കണം.

ഇതുവരെ കണ്ടേടത്തോളംകൊണ്ടു, നോവലിൽ പഴഞ്ചൊല്ലുണ്ടാവുന്നത്ര വിശേഷമാണെന്നു ഊഹിക്കേ

ണ്ടിവന്നിരിക്കുന്നു. സംസ്കൃതപദങ്ങൾ ഉപയോഗിക്കുന്നതിൽ പക്ഷാന്തരമുണ്ട്. ചിലൎക്ക് അത്ര അധികം പാടില്ലെന്നാണ് അഭിപ്രായം. മററു ചിലൎക്ക് അപൂൎവ്വപദങ്ങളിട്ടു വൎഷിക്കുന്നതാണ് സാമൎത്ഥ്യമെന്നുണ്ട്. നോവലിൽ ഒന്നാമതു വേണ്ടതു പരിഹാസമാണെന്നു തോന്നിപ്പോകുന്നു! വേറെ രസങ്ങളൊന്നും ഇല്ലെങ്കിലും തരക്കേടില്ലാ, കുറെ നേരംപോക്കുണ്ടായാൽ വളരെ വിശേഷമായി എന്നുണ്ട്! നായികാനായകന്മാരായി രണ്ടാളെ കൂടാതെ കഴികയില്ലെന്നു വെച്ചിട്ടുണ്ട്. പക്ഷെ അവൎക്കു കഥകളിക്കാർ പറയുംപോലെ "ആദ്യവസാനം" ഒന്നും വേണമെന്നില്ല. ഏതെങ്കിലും വിധത്തിൽ പുസ്തകം കുറെ വലിപ്പത്തിലായിരിക്കണം. അദ്ധ്യായം ഏറുംതോറും പണിക്കെളുപ്പമുണ്ട്. അത് അധികമാക്കാൻ നാം വിചാരിക്കുന്നത്ര ബുദ്ധിമുട്ടുമില്ല.

"കൊളത്തിൽ പോയതും നീക്കോലിയെ കണ്ടതും" ഒന്നാമദ്ധ്യായം. "ഒരത്ഭുതം" രണ്ടാമദ്ധ്യായം. "നമ്പൂരിയുടെ വിഡ്ഢിത്വവും ചങ്ങനെ ചെണ്ട കൊട്ടിച്ചതും" മൂന്ന്. നാലാമത്തേത് "ഒരാണ്ടിയൂട്ട്". അഞ്ചാമത്തേതു "മകൾ തിരണ്ടതും മരുമകൻ വക്കീലായതും". "കൊടുങ്ങല്ലൂർ ഭരണി" ആറാമദ്ധ്യായം. "തൊക്ക് ഉണക്കിയതും രസക്കയറ് മുറിഞ്ഞതും" ഏഴ്. എട്ടാമദ്ധ്യായത്തിൽ "പരന്ത്രാടിയുടെ പരിഭ്രമവും പങ്ങൻെറ പരിങ്ങലും". "പങ്ങൻ പരന്ത്രോടനായത്" ഒമ്പതാമദ്ധ്യായവും കഴിഞ്ഞു. ഇങ്ങിനെ ആവശ്യംപോ

ലെ വൎദ്ധിപ്പിക്കാം. അല്പം മനസ്സുവെച്ചാൽ ഈ അദ്ധ്യായങ്ങൾ തമ്മിൽ ഒരുവിധം ഘടിപ്പിപ്പാനും സാധിക്കുന്നതാണ്. അവസാനം പറങ്ങോടിക്കു ചങ്ങനും പങ്ങനും സംബന്ധം അന്വേഷിച്ചു, പങ്ങൻ കാൎയ്യം പറിച്ചു എന്നും വരണം. അതിൽ അവൎക്കു ചാപ്പനെന്നും ചീരുവെന്നും പേരായി രണ്ടു മക്കൾ ഉണ്ടായി എന്നും അവരെല്ലാവരും "ആയുരാരോഗ്യാദിസമ്പൽക്ഷേമാദികളോടുകൂടി ചിരകാലം ജീവിച്ചിരുന്നു" എന്നുംകൂടി ഉണ്ടായാൽ വളരെ വെടിപ്പായി. കഥയും കഴിഞ്ഞു. ആകപ്പാടെ ഒരു നോവലും ആയി. പുസ്തകത്തിന്നു "പറങ്ങോടീപരിണയം" എന്ന പേരും ഇടുക്കണം. കാൎയ്യത്തിന്ന് എത്ര എളുപ്പം. ഈ വിദ്യ ഇതുവരെ ആരും കണ്ടുപിടിച്ചില്ലല്ലോ കഷ്ടം!

ഓരോ അദ്ധ്യായങ്ങൾ തമ്മിൽ അധികമായ സംബന്ധം ഒന്നും അരുതെന്നാണ് വെച്ചിട്ടുള്ളത്! എന്നുതന്നെയല്ല എല്ലാം അദ്ധ്യായങ്ങളുടേയും തലവാചകം വായിച്ചുനോക്കിയാൽ ലേശംപോലും അങ്ങുമിങ്ങും സംബന്ധം ഇല്ലാതെ ശുദ്ധ പിറാട്ടുകാരൻ സംസാരിക്കും പോലെ ഇരിക്കണം. ഒന്നു വായിച്ചു കഴിയുമ്പോഴേക്കു മറ്റേതു വായിക്കേണ്ടതിന്നുള്ള ഭ്രമം ഉണ്ടാവുന്നത് അത്ര ഭംഗിയല്ലെന്നാണ് ഈ വക വിദ്വാന്മാരുടെ വിചാരമെങ്കിൽ ഈ ഒരു ദോഷം ഇന്ദുലേഖയിൽ ധാരാളം ഉണ്ടെന്നു സമ്മതിച്ചേ കഴിയൂ. അതിൽ ഒരദ്ധ്യായം കഴിയുമ്പോഴേക്കു മറ്റേതിലെ വിവരം അറിയേണ്ട

തിന്നുള്ള ധൃതി കലശലാവുന്നു. ഇങ്ങിനെ അവസാനം വരെ ബഹുരസത്തിൽ കൂട്ടിച്ചേൎത്തു കൊണ്ടുപോയിട്ടുണ്ട്. മലയാളഭാഷയിൽ ഗദ്യരീതിയിൽ പുസ്തകങ്ങൾ അധികമില്ലാത്തതുകൊണ്ടു വല്ലതും എഴുതിക്കൂട്ടിയാൽ എളുപ്പത്തിൽ ഒരു പേരു സമ്പാദിക്കാമെന്നല്ല, അത്രമാത്രം വല്ലതും ആദായം കിട്ടുവാനും മതി എന്നു വിചാരിച്ചു നാളെമുതൽ ചെട്ടിപിള്ളന്മാർകൂടി "അളകാപുരി അളകാപുരി എന്നൊരു പട്ടണം, അളകേശ്വരൻ അളകേശ്വരൻ എന്നൊരു രാജാവ്, ഒട്ടി ഒട്ടി എന്നൊരു മന്ത്രി, ഇവൎക്ക് അതികോമളന്മാരായി രണ്ടു പുത്രന്മാരും, അങ്ങിനെ രാജകുമാരനും മന്ത്രികുമാരനും വളരെ സ്നേഹമായിട്ടിരിക്കുന്ന സമയം" എന്നിങ്ങിനെ അവനവന്റെ സരസ്വതീപ്രസാദംപോലെ വല്ലതും എഴുതി കഥ നാലഞ്ചായി ഭംഗിച്ച് എടയെടെ അസംബന്ധമായി വേറെ ഓരോന്നു വൎണ്ണിച്ചു കുറെ അദ്ധ്യായങ്ങളാക്കി നോവൽ എഴുതാൻ തുടങ്ങും. കുറേകാലം കഴിയുമ്പോൾ ജനങ്ങൾക്ക് ഈ വക കൃതിയിൽ വിരക്തി ഉണ്ടാകുമെന്നുതന്നെയല്ല, യഥാൎത്ഥത്തിൽ യോഗ്യന്മാരായിട്ടുള്ളവൎക്കു മേലിൽ നോവൽ എഴുതാൻതന്നെ വളരെ മടിയും ഉണ്ടാകും.

കാലപ്പഴക്കത്തിൽ ഗുണമുള്ളതും ഇല്ലാത്തതും ഏതാണെന്ന് എല്ലാവൎക്കും അറിയാറാവും എന്നുള്ളതിന്നു യാതൊരാക്ഷേപവുമില്ല. ഗുണമില്ലാത്തത്, നാളുണ്ടായതുപോലെതന്നെ ക്ഷണത്തിൽ നശിച്ചുപോകുന്നതാ

ണ്. ഓട്ടംതുള്ളൽ ആദ്യം ഉണ്ടാക്കിയതു കുഞ്ചൻനമ്പ്യാരാണ്. ആ രീതിയിൽ ബഹുജനങ്ങൾ ഇന്നും കവിത ഉണ്ടാക്കുന്നുണ്ട്. ഇതിൽ എത്ര ദുർല്ലഭമേയുള്ളു ആ മഹാന്റെ കവിതയോടു സദൃശീകരിപ്പാൻ എന്നു നമുക്കു അറിഞ്ഞുകൂടെ? മയൂരസന്ദേശത്തിനുശേഷം എത്രയെത്ര സന്ദേശങ്ങളുണ്ടായി. ഒന്നുപോലും ബാക്കിയില്ല. അതുകൊണ്ടു കവിത ഉണ്ടാക്കുന്നതിന്നു വിരോധമില്ല.

പക്ഷെ ഗുണദോഷനിരൂപണം ചെയ്വാൻ തക്ക സാമർത്ഥ്യമുള്ളവര് നല്ലത് ഏതാണ്, ചീത്ത ഏതാണ് എന്നു ജനങ്ങൾക്കു പറഞ്ഞുകൊടുക്കണം. അതല്ലാതെ "അദ്ദേഹം ഉണ്ടാക്കിയ നോവലും വിശേഷം, ഇദ്ദേഹമുണ്ടാക്കിയതും നന്നായിരിക്കുന്നു. അല്പം ചില ദൂഷ്യങ്ങൾ ഉണ്ടാവുന്നത് അസാധാരണമല്ലെങ്കിലും പുസ്തകം ആകപ്പാടെ വിശേഷമായിരിക്കുന്നു. കഥയിൽ അസംഭാവ്യങ്ങളായ ചില സംഗതികളുണ്ടെന്നുവരികിലും വാചകത്തിന്നു വളരെ പുഷ്ടിയുണ്ട്." എന്നൊക്കെ അങ്ങുമിങ്ങും തൊടാത്ത വിധത്തിൽ വഴക്കി വഴക്കി ഒരഭിപ്രായം പറയുന്നതുകൊണ്ടു യാതൊരു സാദ്ധ്യവുമില്ല. ഓരോന്നിന്ന് ഇന്നിന്ന ഗുണമുണ്ട്, ഇന്നിന്ന ദോഷമുണ്ട് എന്നു വിധം തിരിച്ചു പറയാതിരുന്നാൽ യോഗ്യന്മാരായ ഗ്രന്ഥകർത്താക്കന്മാർക്ക് ആയതു വലുതായ വൈമനസ്യത്തിന്നു കാരണമായിത്തീരുന്നതാണ്.

നോവൽ ഉണ്ടാക്കുവാനായി പ്രത്യേകിച്ചു സഹജമായ ഒരു വാസനയോ, മനുഷ്യരുടേയും ലോകത്തിലുള്ള അനേകവിധ സാധനങ്ങളുടേയും ഗുണദോഷചേഷ്ടകളെ എത്രയും സൂക്ഷ്മമായും കൃത്യമായും അറിയേണ്ടതിന്നുള്ള ശക്തിയോ സ്വതസ്സിദ്ധമായ രസികതയോ സ്വഭാവോക്തിക്കനുസരിച്ചു സംഭവ്യങ്ങളായ സംഗതികളെപ്പററി സരസമായും സരളമായും എഴുതാനുള്ള വിശേഷസാമത്ഥ്യമൊ യാതൊന്നും ഇല്ലാതെ സാമാന്യം എഴുതാനും വായിക്കാനും അറിയുന്നവക്കെല്ലാം 'ഓരോ പുതിയകഥ' എഴുതാമെന്നാണ് വെച്ചിട്ടുള്ളത്! ഈ വക ആളുകൾ ഒരു നോവലിൻെറ ഉദ്ദേശം എന്താണെന്നുതന്നെ മനസ്സിലാക്കീട്ടുണ്ടെന്നു തോന്നുന്നില്ല.

സാധാരണയായ് മനുഷ്യക്ക് അറിവും പഠിപ്പും കൊടുക്കുന്ന ഗ്രന്ഥങ്ങൾ മനസ്സിനെ എല്ലായ്പോഴും വിനോദിപ്പിക്കുകയൊ രസിപ്പിക്കുകയൊ ചെയ്യുന്ന മാതിരിയിലല്ല. എന്നാൽ, 'നോവൽ' അതെ അറിവും പഠിപ്പും എല്ലായ്പോഴും മനസ്സിനെ വിനോദിപ്പിച്ചുംകൊണ്ടു കൊടുക്കുന്നതാണ്. ഇങ്ങിനെ ഏകകാലത്തിൽ തന്നെ മനസ്സിനെ വിനോദിപ്പിക്കുകയും നമുക്ക് അറിവു വർദ്ധിപ്പിക്കുകയും ചെയ്യാത്ത ഒരു പുസ്തകത്തെ നോവൽ എന്നു പറഞ്ഞുകൂടുന്നതല്ല.

ഒരു നോവൽ വായിക്കുമ്പോൾ മനസ്സിന്ന് അവാച്യമായ ഒരാനന്ദവും സുഖവും ബുദ്ധിക്കു ഗുണവും ഉണ്ടാകേണ്ടതാണ്. മനോഗുണത്തിന്നാസ്പദമായ കൃ

ത്യാകൃത്യബോധത്തെ ഉണ്ടാക്കുന്നത്, ഇന്നതു ചെയ്യേണമെന്നും ഇന്നതു ചെയ്യരുതെന്നും സ്പഷ്ടമായി പറയുന്നതുകൊണ്ടല്ല. കൃത്യാകൃത്യങ്ങളെ നമുക്കനുഭവസിദ്ധങ്ങളാക്കിത്തീൎക്കുന്നതുകൊണ്ടാണ്. രാവണനെപ്പോലെയല്ല, രാമനെപ്പോലെയാണ് നാം പ്രവൃത്തിക്കേണ്ടത്, എന്നു പറഞ്ഞതുകൊണ്ടുമാത്രം നമുക്ക് അനുഭവം തോന്നുന്നതല്ല. അനുഭവം തോന്നണമെങ്കിൽ രാമായണം വായിക്കുമ്പോൾ രാമൻെറ പ്രവൃത്തികൾക്കും വാക്കുകൾക്കും അനുകൂലമായും, രാവണൻെറ പ്രവൃത്തികൾക്കും വാക്കുകൾക്കും വിരോധമായും മനോവികാരങ്ങളുണ്ടാകണം. അങ്ങിനെയുള്ള മനോവികാരങ്ങളുണ്ടാവണമെങ്കിൽ കവിതയിൽ അതാതു പ്രകൃതത്തിന്നനുരൂപമായ സ്തോഭം നല്ലവണ്ണം പുറപ്പെടണം. ഇതിനെ സ്തോഭം പുറപ്പെടുന്നതിന്നാണ് സാഹിത്യഗ്രന്ഥങ്ങളിൽ രസമെന്നു പറയുന്നത്. ഒരു വാക്യത്തിന്നു വേറെ അനേകഗുണങ്ങൾ ഉണ്ടായിരുന്നാലും, രസശൂന്യമായാൽ അതിന്നു കാവ്യത്വമുണ്ടെന്നു പറഞ്ഞുകൂട. അലങ്കാരം, ഗുണം മുതലായതു കവിതക്കു വളരെ ആവശ്യമായിട്ടുള്ളതാണെങ്കിലും അപരിത്യാജ്യമല്ല. കവിതക്കു കൂടിയകഴിയ്യ എന്നു പറയത്തക്കതായിട്ടു രസം മാത്രമേ ഉള്ളൂ. "വാക്യം രസാത്മകം കാവ്യം" എന്നാണ് പറഞ്ഞിട്ടുള്ളത്. കാവ്യത്തിൻെറ ജീവനായതു രസമാണ്. ഒരു വാക്യം രസാത്മകമാണെങ്കിൽ ഗദ്യരൂപമായാലും അതിനെ കാവ്യമെന്നു പറയാം.

ഏതായാലും ഗദ്യരീതിയിൽ ഈവക ഉദ്ദേശത്തോടുകൂടിയ ഒരു ഗ്രന്ഥത്തിൽ, പ്രത്യേകിച്ച് ഇംഗ്ലീഷ് നോവൽ മാതിരിയിൽ എഴുതപ്പെട്ടിട്ടുള്ള ഒരു കഥയിൽ, അപൂർവ്വരചനാശക്തിയെ കാണിക്കേണ്ടതിന്നു രസത്തുന്യങ്ങളായ ഉപമ, ഉൽപ്രേക്ഷ, അതിശയോക്തി മുതലായ അലങ്കാരങ്ങളിട്ടു വർണ്ണിക്കുന്നത് അത്ര ഭംഗിയാണെന്നു തോന്നുന്നില്ല. ഇങ്ങിനെയുള്ള കൃതികളിൽ അലങ്കാരം അധികമായി പ്രയോഗിക്കുന്നത്, സ്ത്രീകളുടെ ആഭരണങ്ങളായ കടകകുണ്ഡലാദികൾ പുരുഷന്മാർ അണിയുന്നതുപോലെ ആയിരിക്കും. അലങ്കാരപ്രധാനമായ കവിത വായിക്കുമ്പോൾ കവിയേയും, രസപ്രധാനമായിട്ടുള്ളതു വായിക്കുമ്പോൾ കവിതാവിഷയത്തേയുമാണ് നമുക്ക് ഓർമ്മയുണ്ടാകുന്നത്. അതുകൊണ്ട് ഒരു നോവലിന്റെ പ്രധാനോദ്ദേശത്തെ സാധിക്കുന്നതിനെ സംബന്ധിച്ചേടത്തോളം ഏതിനാണ് പ്രബലത അധികമുള്ളതെന്നു പറയേണ്ടതില്ലല്ലോ.

ഒരു നോവലിന്നു മുഖ്യമായിട്ടു വേണ്ടതു കഥയുടെ രചനാഭംഗിയാണ്. അതിന് അനുസരിച്ച് അതിലെ വാക്യങ്ങൾക്കു സ്പഷ്ടതയും, സരളതയും, ശക്തിയും കൂടി വേണ്ടതാണ്.

കഥയ്ക്കു യഥാർത്ഥമായ ചമല്ക്കാരം വേണമെങ്കിൽ സാധാരണ സംഭവ്യാവസ്ഥകൾകൊണ്ടുതന്നെ ഉണ്ടാക്കണം. "ഒരു കാക്ക എന്തോ ശബ്ദിച്ചതുകൊണ്ടു വരാൻപോകുന്ന കാര്യം മുഴുവൻ മനസ്സിലായി. മന്ത്രം

ജവിച്ചു മദിച്ച ആനയെ പിടിച്ചുകെട്ടി; മാരണം ചെ യ്തു ശത്രുവെ കൊന്നു" എന്നൊക്കെ പഴെ പെണ്ണുങ്ങൾ പറയുന്ന അസംഭവ്യസംഗതികളെ കഥയുടെ അംഗങ്ങളാക്കി ഒരേടത്തും പറയരുത്. സംഭവ്യസംഗതികൾ ചേക്കുന്നതുതന്നെ യുക്തിയുക്തമായും രസകരമായും ഇരിക്കേണ്ടതാണ്. അതല്ലാതെ "ഒരു ചാപ്പൻ നായരുണ്ടായിരുന്നു; അയാൾക്കു ചീരു എന്നൊരു ഭാൎയ്യയുണ്ടായിരുന്നു" എന്നും പറഞ്ഞ്, അവരുതമ്മിൽ ദിവസംപ്രതി നടന്നിരുന്ന കാൎയ്യങ്ങളേയും ഉണ്ടായ സംഭാഷണങ്ങളേയും എഴുതിക്കൂട്ടുന്നതുകൊണ്ടു യാതൊരു ഫലവും ഉണ്ടെന്നു തോന്നുന്നില്ല.

ഇങ്ങിനെ എഴുതുന്നതിൽ സ്വഭാവോക്തി എന്ന അലങ്കാരം ഉണ്ടെന്നു ധരിക്കുന്നുണ്ടെങ്കിൽ ആയതു ശുദ്ധമേ തെററാണ്. "ചാപ്പൻനായർ ചീരുവോടു സംസാരിച്ചുകൊണ്ടു കിഴക്കോട്ടു നോക്കിനിന്നിട്ടാണ്. ചീരു തലമുടി അഴിച്ചിട്ടിരിക്കുന്നു. ചാപ്പൻനായരുടെ ചോളിൽ ഒരു തോൎത്തുമുണ്ടുണ്ടായിരുന്നു. സംസാരിച്ചുനിന്നിരുന്ന അരയിൽ ഒരു എണ്ണക്കുററിയും തൂക്കിട്ടുണ്ടായിരുന്നു" എന്നൊക്കെ പറഞ്ഞതുകൊണ്ടു സ്വഭാവോക്ത്യലങ്കാരം ഉണ്ടാവുന്നതല്ല.

കഥ വായിക്കുമ്പോൾ അതു വായിക്കുന്നവൻെറ മനസ്സിനു പല സ്തോഭങ്ങളും താനേതന്നെ ജനിക്കണം; ഓരോരോ ഘട്ടങ്ങൾ വായിക്കുമ്പോൾ ആഹ്ലാദം, അത്ഭുതം, കരുണ, വ്യസനം, ക്രോധം, ആശ്ചൎയ്യം, മുത

ലായ അനേക രസങ്ങളെ ജനിപ്പിച്ചുംകൊണ്ടു ഇരിക്കണം. "ചാപ്പൻനായർ ചീരുവിൻെറ മുഖത്തുനോക്കി ഒന്നു ചിരിച്ചു, ചീരു ഒന്നു കരഞ്ഞു, കോരപ്പച്ചാര് ഒരു പാമ്പിനെകണ്ടു പേടിച്ചു, കണ്ടരമേനോൻ കള്ളന്മാരെ പിടിച്ചടിച്ചു" എന്നിങ്ങിനെ പെട്ടെന്നെഴുതിയതുകൊണ്ടു വായനക്കാരുടെ മനസ്സിന്നു യാതൊരു സ്തോഭങ്ങളും ഉണ്ടാവുന്നതല്ല. ഒരു കഥ പറയുമ്പോൾ അതിൽ പറയുന്ന ആളുകളുടെമേൽ വായനക്കാൎക്കു പ്രീതിയൊ, സന്തോഷമൊ, സന്താപമൊ, വെറുപ്പൊ, വിമുഖതയൊ ഉണ്ടാക്കിത്തീൎത്തിട്ടുവേണം, അവസ്ഥാനുസരണം ഓരോരുത്തൎക്കു സംഭവിച്ച ഗുണദോഷങ്ങളെപ്പററി പറയാൻ. എന്നാൽ മാത്രമേ വായിക്കുന്നവൎക്ക് അതാതു സംഗതികൾക്കനുസരണമായ രസങ്ങൾ ഉണ്ടാവാൻ ഇടയുള്ളു.

നോവൽ എഴുതുന്നത് ഒരു വിഷയത്തെപ്പററി ഒരു പ്രബന്ധം എഴുതുന്ന മാതിരി ആവരുത്. ഈ നാട്ടിലെ സ്ത്രീകളുടെ ചില പ്രത്യേക നടവടികൾ ചീത്തയായിട്ടുള്ളതാണെന്നു കാണിച്ച് ആ വക നടവടികളെ വിടീപ്പിക്കണമെന്നുള്ള ഉദ്ദേശത്തോടുകൂടി ഒരു നോവൽ എഴുതുന്നതായാൽ ആ നടവടിയുടെ സ്വഭാവത്തെ മുഴുവനും വൎണ്ണിച്ച് ആയതു മഹാ ചീത്തയാണെന്നു ഒരു "ഉപദേശിയാര്" പ്രസംഗിക്കുംപോലെ എഴുതുകയല്ല വേണ്ടത്. ആ നടവടിയുടെ സ്വഭാവത്തെ കഥാത്രൂപേണ കൊണ്ടുവന്ന് അതു വളരെ രസമായി

ട്ടുള്ളതാണെന്നു കഥാശ്രവണതന്നെ വായനക്കാരുടെ മനസ്സിന്നു ഫലിതം വരുത്തിക്കൊടുക്കുകയാണ് വേണ്ടത്. കഥകളി നന്നല്ല, വഷളായിട്ടുള്ളതാണെന്ന് ഒരു ഗ്രന്ഥകൎത്താവു പറവാൻ വിചാരിക്കുന്നു എങ്കിൽ, കഥകളിനിമിത്തം ഉണ്ടായ ദോഷത്തെ കഥാംഗമായി കാണിച്ചു വായനക്കാൎക്ക ബോദ്ധ്യം വരുത്തുകയാണ് വേണ്ടത്. അതിന്നുപകരം കഥകളിയുടെ ഗുണദോഷത്തെപ്പററി ഒരു പ്രസംഗമൊ പ്രബന്ധമൊ എഴുതുകയല്ല നല്ലത്.

ഗ്രന്ഥകൎത്താവിന്റെ ഉദ്ദേശപ്രകാരമുള്ള രസം, ആയതു വായിക്കുന്നവനു കൂടി ഉണ്ടാക്കിത്തീൎക്കണം. എന്നാൽ മാത്രമേ ആ കഥയ്ക്കു രചനാഭംഗി ഉണ്ടെന്നു പറഞ്ഞുകൂടു. ഇതിനെപ്പററി ദൃഷ്ടാന്തപൂൎവ്വം പറയുന്നതായാൽ വളരെ പറയേണ്ടിവരും.

ഒരു കഥയിലെ സംഗതികൾ രണ്ടുവിധമായിട്ടാണ്. പ്രശസ്തസംഗതികൾ, അപ്രശസ്തസംഗതികൾ. ഈ രണ്ടു സംഗതികളും അവസ്ഥാനുസരണം തരംപോലെ കൊണ്ടുപോകുന്നതിലാണ് കഥാരചനയ്ക്കുള്ള ഭംഗി ഇരിക്കുന്നത്. "പറങ്ങോടീപരിണയം" എന്ന കഥയിൽ പറങ്ങോടന്റെ ഭൃത്യൻ കോരപ്പച്ചാരുടെ കഥ പ്രസ്താവിക്കേണ്ടിവന്നാൽ, ആ കഥയ്ക്ക് ആവശ്യമുള്ളേടത്തോളമേ പറയാവൂ. പറങ്ങോടനെക്കുറിച്ചു പറഞ്ഞതുപോലെ കോരപ്പച്ചാരെക്കൊണ്ടും വിസ്തരിച്ചു പറയുന്നത് ആവശ്യമില്ല.

കഥാരചനയിൽ പിന്നൊന്നു സൂക്ഷിക്കേണ്ടതു, മനസ്സിന്ന് അത്യന്തം വെറുപ്പു തോന്നുന്നതായ വളരെ നിന്ദ്യമായിട്ടുള്ള സംഗതികളെ ഒരേടത്തും കാണിക്കാതിരിക്കേണ്ടതിനാണ്. നോവലിൽ ഒരുത്തനെ പരിഹസിക്കേണ്ടിവരുന്നതായാൽ അതിൽ ഗ്രന്ഥകർത്താവിന് ഒരു സിദ്ധാന്തമൊ അസൂയയൊ ഉണ്ടെന്നു തോന്നാൻ തക്കവിധം എഴുതരുത്. ഇങ്ങിനേയുള്ള ഗുണങ്ങളോടുകൂടി മനസ്സിനെ വിനോദിപ്പിക്കാൻ തക്ക വിധത്തിൽ വളരെ ഭംഗിയായി എഴുതീട്ടുള്ള ഒരു കഥക്കു രചനാഭംഗിയുണ്ടെന്നു പറയാം.

ഒരു വാക്യത്തിന്നു സ്പഷ്ടത ഉണ്ടെന്നു പറയേണമെങ്കിൽ ആ വാക്യം ഒന്നാമത് ഒരു പ്രാവശ്യം വായിക്കുമ്പോൾതന്നെ, അതിൻെറ താല്പര്യം വായനക്കാരന്നു മനസ്സിലാവണം. താല്പര്യം മനസ്സിലാവാൻ രണ്ടാമത് ഒന്നുകൂടി വായിപ്പാൻ എടവരുത്തരുത്. വാക്യത്തിൻെറ കൌതുകംനിമിത്തം രണ്ടു പ്രാവശ്യമൊ, നൂറു പ്രാവശ്യമൊ വായിച്ചോട്ടെ; അർത്ഥം ഗ്രഹിക്കുന്നത് ഒരു പ്രാവശ്യം വായിക്കുന്നതുകൊണ്ടുതന്നെ ആവണം.

സരളത എന്നു പറഞ്ഞാൽ, പദങ്ങളും വാക്യങ്ങളും രചിപ്പിക്കുന്നതിൽനിന്ന് ആ വാക്യത്തിന്നുണ്ടാവുന്ന ഒരു സ്നിഗ്ദ്ധതയാണ്. ഇത്, എഴുത്തുന്നാൾക്കു ദൈവീകമായി ഉണ്ടാകേണ്ടുന്ന ഒരു ഗുണമാണ്. വളരെ സംസ്കൃതപദങ്ങൾ ഉപയോഗിച്ചാലും, കേവലം പടുഭാ

ഷയായി എഴുതിയാലും, എഴുതിയ വാക്യം വായിക്കു മ്പോൾ എഴുതിയവൻെറ ഉദ്ദേശം സഹൃദയഹൃദയാഹ്ലാദത്തോടെ വായിക്കുന്നവന്നു മനസ്സിലായാൽ ആ വാക്യത്തിന്നു സരളത ഉണ്ടെന്നു പറയാം.

"മണ്ടുന്ന വണ്ടുകൾ തെണ്ടിക്കൊണ്ടു കൊണ്ടൽവേണിയുടെ കചക്കൊണ്ടലിൽ ഇരിക്കുന്നതും തൊണ്ടിപ്പഴത്തിന്ന് ഇണ്ടൽ കൊടുക്കുന്ന ചുണ്ടും പണ്ടേ കണ്ട് കണ്ട് തണ്ടാർബാണൻ നിമിത്തം ഉണ്ടായ ഇണ്ടലിനാൽ ഹൃദയം കണ്ടം കണ്ടമായി വിണ്ടു ഞാൻ വലയുന്നു". ഈ വാക്യം ചില രസികന്മാര് "ഒന്നാംതരം വാചകമാണെ"ന്നു പറയും. എന്നാൽ "ണ്ട"എന്ന അക്ഷരം വളരെയുള്ള ഒരു ചണ്ടിവാക്യമാണിതെന്നുള്ളതു വാക്യത്തിൻെറ സരളത അറിയുന്ന ഏവനും ക്ഷണത്തിൽ തോന്നുന്നതാണ്.

ഇതുപ്രകാരംതന്നെ സംസ്കൃതപദങ്ങൾ ഉപയോഗിപ്പാൻ ആഗ്രഹമുള്ള ചിലർ, "ദിനമണികിരണങ്ങളായ കുന്താലങ്ങളാൽ വിച്ഛിന്നമായ പങ്കജകോരങ്ങളിൽനിന്നു മധുഗണങ്ങളെ മന്ദവായു അപഹരിച്ചുകൊണ്ടു ഗമിക്കുന്നതിനെ പ്രതിബന്ധം ചെയ്യാനൊ എന്നു തോന്നും, ഗ്രഥിതസുമരജഃകഞ്ചുകന്മാരായ മദനാവിളടന്മാർ ചഞ്ചരീകങ്ങൾ അനുദ്രവിക്കുന്നതു കണ്ടാൽ" എന്നൊക്കെ എഴുതാറുണ്ട്. ഇതിന്നു എത്രത്തോളം സരളത ഉണ്ടെന്നു വായനക്കാർതന്നെ തീച്ചയാക്കട്ടെ.

ഒരു വാക്യം വായിച്ചാൽ അതിൻെറ അത്ഥം അത്യന്തം തീക്ഷ്ണതയോടെ മനസ്സിൽ കടന്നു പ്രതിഫ

ലിച്ച മനസ്സിനെ വിടാതെ എല്ലക്കി ലയിപ്പിച്ച് ഏകീകരിപ്പിക്കുന്ന ഗുണത്തിന്നാകുന്നു ശക്തി എന്നു പറയുന്നത്. ഏതെങ്കിലും ഒരു വസ്തുവിനേയൊ ഒരു മനുഷ്യനേയൊ വൎണ്ണിച്ചതു വായിച്ചാൽ, ആ വസ്തുവോ മനുഷ്യനോ ഇവൻെറ കണ്ണിൽ കാണുന്നതുപോലെ ഇരിക്കണം. സുന്ദരിയായ ഒരു യുവതിയുടെ സ്വരൂപത്തേയും സ്വഭാവത്തേയും വൎണ്ണിച്ചതു വായിച്ചാൽ, അതുപ്രകാരം ജീവിച്ചിരിക്കുന്ന ഒരു സ്ത്രീയെ കണ്ടാൽ ഉണ്ടാവാൻ എടയുള്ള വികാരം വായനക്കാരനു തോന്നണം. ഇങ്ങിനേയുള്ള ആസക്തി ഉണ്ടാക്കുന്നതാണ് വാക്യത്തൻെറ ശക്തി.

ഉൽകൃഷ്ടമായ ഒരു നോവലിൻെറ ഉദ്ദേശം ലോകത്തിൽ യഥാൎത്ഥമായി നടന്നുവരുന്ന പലേ സംഗതികളേയും കഥാരൂപേണ മനസ്സിലാക്കി ജനങ്ങൾക്കു കൃത്യാകൃത്യോപദേശം ചെയ്തു ഗുണദോഷജ്ഞാനമുണ്ടാക്കുകയാണെങ്കിലും, അതുകളുടെ തല്ക്കാലഫലം മനസ്സുഖമാണെന്നു പ്രത്യേകം ഓൎമ്മിക്കേണ്ടതാണ്. നൂതനങ്ങളായ ഭാവങ്ങളുടെ ഓരോ പ്രയോഗങ്ങൾ ഉണ്ടായാൽ മാത്രമേ കഥാരചനക്കു ചാതുൎയ്യമുണ്ടെന്നു പറഞ്ഞുകൂടു. കഥയിലെ നായകന്നോ നായികക്കൊ രണ്ടുപേൎക്കുമോ അവരുടെ കാൎയ്യസിദ്ധിക്ക്, അവരും വായിക്കുന്നവരും കൂടെ വിചാരിക്കാത്തതായ പല പ്രതിബന്ധങ്ങളും ദുൎഘടങ്ങളും അത്യാപത്തുകളും സംഭവിക്കുക, അതുകളിൽനിന്നു മോചനത്തിന്ന് ഒടുവിൽ അതുപോലെത

ന്നെ അവിതൎക്കിതമായ മാൎഗ്ഗമുണ്ടാവുക, കഥയിൽ നടന്നു എന്നു പറയുന്ന സംഗതികൾ അസംഭാവ്യങ്ങളല്ലാതിരിക്കുക, ഉക്തികളെക്കൊണ്ടും മററുമാണ് കഥക്കു ചമൽക്കാരമുണ്ടാകുന്നത്.

ഇങ്ങിനെയൊക്കെ സരസമായും സരളമായും എഴുതുവാൻ പ്രത്യേകം ഒരു വാസനയും യോഗ്യന്മാരാൽ എഴുതപ്പെട്ടിട്ടുള്ള അനവധി പുസ്തകങ്ങൾ വായിച്ചുണ്ടായ അറിവും എത്രയും ആവശ്യമായിട്ടുള്ളതാണെന്നു പറയേണ്ടതില്ലല്ലോ.

വെങ്ങയിൽ കുഞ്ഞുരാമൻ നായനാർ

ഒരു ഏടപ്രഭുവിന്റെ

# ഡിനസരി.

(വിദ്യാവിനോദിനിയിൽനിന്ന്.)

ഞാൻ ഒരു ദിവസം മാടഞ്ചേരി മൂപ്പിൽ എജമാനനെ കാണുവാൻ പോയപ്പോൾ അദ്ദേഹം കൊണ്ടുപിടിച്ച് എന്തോ എഴുതുകയായിരുന്നു. അദ്ദേഹത്തിന്നു എഴുത്തുപണി ഒരു സാമാന്യമായ അഭ്യാസമല്ലെന്നുള്ളത് ഒരു നോട്ടംകൊണ്ടുതന്നെ ആൎക്കും സ്പഷ്ടമാകുന്നതാണ്. തൂവലിന്റെ ഗതി വളരെ സാവധാനമാ

ണെന്നുതന്നെയല്ല, സൎപ്പഗതിയെപ്പോലെ വളഞ്ഞുപിരിഞ്ഞുകൊണ്ടുമായിരുന്നു. ചുണ്ടുകൊണ്ടും നാവുകൊണ്ടും കാണിക്കുന്ന വികൃതികൾ കണ്ടാൽ ദേവതാഗോഷ്ഠിയാണോ എന്നു സംശയിച്ചുപോകും. തൂവൽകൊണ്ട് ഓരോ അക്ഷരം എഴുതുമ്പോൾ അതു തലകൊണ്ടും എഴുതിക്കൊണ്ടിരിക്കും. ഇങ്ങിനെ ശ്രമപ്പെടുന്നതിനിടയ്ക്കാണ് ഞാൻ ചെന്നത്. എഴുത്തു കഴിയുന്നതുവരെ ഒന്നും മിണ്ടിയില്ല. കഴിഞ്ഞപ്പോൾ എഴുതിയിരുന്ന നോട്ടുപുസ്തകം എനിക്കു നീട്ടിക്കാണിച്ച് "ഇതാ നോക്കു, വെള്ളക്കാർ അന്നന്നു നടക്കുന്ന വിശേഷസംഗതികളെല്ലാം ഒരു ഡയറി പുസ്തകത്തിൽ എഴുതാറുണ്ടെന്നു താൻ ഇന്നാളു പറഞ്ഞില്ലെ? നമുക്കും അങ്ങിനെ ഒരു പുസ്തകം വേണമെന്നു നിശ്ചയിച്ച് എട്ടുപത്തു ദിവസമായി ദിനസരി എഴുതി തുടങ്ങീട്ട്", എന്നു പറഞ്ഞു പുസ്തകം എന്റെ കയ്യിൽ തന്നു; "താനൊരു ഇംഗ്ലീഷ്കാരനാണല്ലൊ. ഇതിനെതന്നെയല്ലേ വെള്ളക്കാരും എഴുതാറ്"

ഞാൻ പുസ്തകം വാങ്ങി കുറച്ചു വായിച്ചപ്പോൾ പൊട്ടിച്ചിരിക്കാതെ കഴിച്ചുകൂട്ടിയത് എങ്ങിനെയെന്ന് ഈശ്വരന് മാത്രം അറിയാം. ചിരിവന്നത് ഒരുവിധത്തിലടക്കി ഇങ്ങിനെ പറഞ്ഞു. "വെള്ളക്കാരും ഇങ്ങിനെതന്നെയാണ് ഡയറി എഴുതുന്നത്. ഇതു ക്രമമായി എഴുതിയാൽ വളരെ നന്ന്. ഇവിടത്തെ കാലം കഴിഞ്ഞാൽ ഇതെല്ലാംകൂടി അച്ചടിപ്പാനും ഏൎപ്പാടുചെ

ച്ചാൽ തരക്കേടില്ല. ജനങ്ങൾ ഇതിൽ രസിക്കാതിരിക്കയില്ല നിശ്ചയംതന്നെ. പിന്നെ ഇവിടത്തെ അനന്തരവന്മാൎക്കും ഇത്ര യോഗ്യനായ ഒരു കാരണവര് എങ്ങിനെയാണ് കാലയാപനം ചെയ്യുതെന്നറിയേണ്ടതാണല്ലൊ. എല്ലാംകൊണ്ടും ഇവിടേക്ക് ഇങ്ങിനെ തോന്നിയത് വളരെ നന്നായി.” ഇതു കേട്ടപ്പോൾ മൂപ്പിലേക്ക് ബഹു രസമായി. ‘അങ്ങിനെ പറയു. കൃഷ്ണൻ ആൾ കേമൻ തന്നെ.. നമ്മുടെ അവസ്ഥയെല്ലാം കൃഷ്ണനെപ്പോലെ അറിഞ്ഞിട്ടുള്ളവർ ആരുമില്ല. നാം മരിച്ചതിന്റെ ശേഷം ഇതൊക്കെ അച്ചടിപ്പിക്കേണ്ട ഭാരം കൃഷ്ണൻതന്നെ ഏല്ക്കണം.”

തല്ക്കാലം ഞാൻ അതും സമ്മതിച്ചു. ആ ഡയരിയിൽ അല്പം ഭാഗം താഴെ ചേൎക്കുന്നത് എല്ലാവൎക്കും ഒരുവിധം രസകരമാവാതെ ഇരിക്കയില്ലെന്നു വിശ്വസിക്കുന്നു. നമ്മുടെ എടപ്രഭുക്കന്മാര് മിക്കവാറും കാലം കഴിച്ചുകൂട്ടുന്നതു എങ്ങിനെയാണെന്ന് ഇതിൽനിന്നു ഒരു വിധം ഊഹിച്ചറിയാം.

* * * * * *

* * * * *

* * * * * *

തുലാം 7-ാംനു- 8 മണിക്ക് എഴുനീറ്റു. പല ദുസ്വപ്നങ്ങൾ കാൺകയാൽ ഉറക്കം സുഖമായില്ല. മരുമക്കൾ മഹാ വികൃതികളാണ്. എന്തോ ആഭിചാരം ചെയ്യിക്കുന്നുണ്ട്. നമ്മുടെ ജാതകം ഒന്നു പരിശോധി

ക്കണം നല്ലൊരു മന്ത്രവാദിയെ വരുത്തി വല്ലതും ഒരു പ്രതിഹാരം ചെയ്യിക്കണം.

8 മുതൽ 11 വരെ പല്ലുതേപ്പു കുളി മുതലായതു കഴിച്ചു. ചതുൎവ്വിധമായി ഭക്ഷണം കഴിച്ചു. ഊണിന്നു രുചി നല്ലവണ്ണം ഉണ്ടായി.

11 മുതൽ 4 വരെ ഉറങ്ങി. ഉറക്കം നല്ല സുഖമായി. മന്ത്രവാദിയെ വരുത്തേണ്ടെന്നു നിശ്ചയിച്ചു.

4 മുതൽ 7 വരെ തുപ്പൻനമ്പൂതിരിയും രാമൻനമ്പ്യാരുമായി വെടിപറഞ്ഞു. നമ്പൂതിരി സമൎത്ഥനാണ്. നല്ലവണ്ണം സംസാരിക്കാം. നമുക്കു അദ്ദേഹത്തെ വളരെ വിശ്വാസവും ബോദ്ധ്യവുമാണ്. നമ്മെപ്പോലെ യോഗ്യനായിട്ട് ഈ ഭൂമിമലയാളത്തിൽ വേറെ ഒരു പ്രഭുവും ഇല്ലെന്നു ന്യായമായ യുക്തികൊണ്ടു നമ്മെ അദ്ദേഹം സമ്മതിപ്പിച്ചു.

9 മണിക്കു മുമ്പെ ഊണു കഴിച്ചു. ഊണു സുഖമായില്ല. എങ്കിലും കാളൻ വിശേഷമായി. ചോററിൽ ഒരു കല്ലു കടിച്ചു. 10 മണിവരെ കുട്ടിപ്പട്ടരെ ശകാരിച്ചു. പിന്നെ പോയി കിടന്നു.

8-ാംനു- പതിവുപോലെ 8 മണിക്കു എഴുനീററു. 11 മണിയോടുകൂടി കുളി ഭക്ഷണം മുതലായതു കഴിച്ചു. തേച്ചുകുളി ഉണ്ടായി. ഊണിന്നു രുചി കുറവായിരുന്നു. ദീപനം പോരാഞ്ഞിട്ടാണ്.

11 മണിക്കു ഉറക്കമായി. തുപ്പൻനമ്പൂതിരിയും നമ്മുടെ സ്തോത്ര്യാര് കുഞ്ഞിക്കാളിയുംകൂടി വെടിപറഞ്ഞു

പൊട്ടിച്ചിരിക്കുന്നതുകേട്ടു 3 മണിക്കു ഞെട്ടി ഉണൎന്നു. ഉറക്കം സുഖമായില്ല. രണ്ടുപേരേയും ഈരണ്ടുനാഴിക ശകാരിച്ചു. ഇന്നത്തെ മുറുക്കിന്റെ വട്ടം കേമമായി.

5 മണിക്കു കാൎയ്യസ്ഥൻ ശങ്കുവന്നു കണക്കുകളെല്ലാം കേൾപ്പിച്ചു. ശങ്കു നല്ല സമൎത്ഥനാണ്. നമുക്കു വളരെ വിശ്വാസവുമാണ്. പാറപ്പുറത്തു കോമൻ 1500 പറ നെല്ല് അളപ്പാനുള്ളത് ഈ കൊല്ലത്തിൽ 150 ആക്കിക്കൊടുക്കേണമെന്നു ശങ്കു ബോധിപ്പിച്ചു. നമുക്കു ആദ്യം അത്ര സമ്മതമായില്ല. പിന്നെ "വളരെ ഭേദമില്ല, ഒരു സൂന്നത്തിന്റെ വ്യത്യാസമേയുള്ളൂ" എന്നു ശങ്കു പറഞ്ഞപ്പോൾ നാം സമ്മതിച്ചു. ഒരു സൂന്നമല്ലേ കുറച്ചിട്ടുള്ളൂ. കോമൻ ഗുരുത്വമുള്ളവനാണ്. രണ്ടു പഴുത്ത നേന്ത്രക്കൊല കൊണ്ടുവന്നു. നാളെ പഴനുറുക്കുണ്ടാക്കാൻ ഏല്പിച്ചു.

9 മണിക്ക് ഊണുകഴിച്ച് ഉറക്കമായി. കുറെ കഴിഞ്ഞപ്പോൾ കുഞ്ഞിക്കാളിയുടെ കൂൎക്കംവലികേട്ടു ഉണൎന്നു; ആ അസത്തിനെ കുറെ ശകാരിച്ചു. പാവം കരഞ്ഞുതുടങ്ങി. അപ്പോൾ നമുക്കു ആൎദ്രത തോന്നി ആറുപറക്കു നിലം ചാൎത്തി കൊടുക്കാമെന്നു പറഞ്ഞു സമാധാനമാക്കി. പിന്നെ രാത്രി വിശേഷമൊന്നും ഉണ്ടായില്ല.

9-ാംനു ഉണരാൻ 9 മണിയായി. ഒരു ജലദോഷത്തിന്റെ ശല്യംകൊണ്ടു കുളി ഉണ്ടായില്ല. ഊണി

ന്നു രുചിയും കുറവായിരുന്നു. കുട്ടിപ്പട്ടരെ കുറച്ചുനേരം ശകാരിച്ചപ്പോഴേക്ക് ഉറക്കംവന്നു.

11 മണിക്ക് ഉറക്കം തുടങ്ങി മൂന്നുമണിയായപ്പോഴെക്ക് ഉണൎന്നു. കുഞ്ഞിക്കാളിക്കു നമ്മെ ഇഷ്ടമില്ലെന്നും തുപ്പൻനമ്പൂതിരിയിലാണ് അനുരാഗമെന്നും സ്വപ്നം കണ്ടു. നമുക്കു ശുണ്ഠി കലശലായി. നമ്പൂരി അസത്താണെന്നു നമുക്കു പണ്ടെതന്നെ ബോദ്ധ്യമുണ്ട്. നമ്മുടെ മരുമകനായിട്ടു കുറെ വിശ്വാസത്തിലാണ്. അഹങ്കാരിയാണ്. അദ്ദേഹം ഇനിമേലിൽ മാടഞ്ചേരി പടിക്കകത്തു കടപ്പാൻ പാടില്ലെന്നു കല്പനകൊടുത്തു. കുഞ്ഞിക്കാളിക്കു തല്ക്കാലം നിലം ചാൎത്തികൊടുക്കില്ലെന്നും തീൎച്ചയാക്കി. സന്ധ്യയാകുന്നതുവരെ അസത്തിനെ ശകാരിച്ചു.

6 മണിക്ക് രാമൻനമ്പ്യാരുവന്നു. നാം ചെയ്തത് ഉചിതമായി എന്നും നമ്പൂരി വിശ്വാസയോഗ്യനല്ലെന്നും പറഞ്ഞു. രാമൻ ആൾ സമൎത്ഥനാണ്. ബുദ്ധിയുടെ ഗുണത്തിനു വിശേഷം ഉണ്ട്. കുഞ്ഞിക്കാളിയുടെ പേരിൽ കുററം ഒന്നുമില്ലെന്നാണ് രാമന്റെ പക്ഷം. ഈ സ്വപ്നം വരുത്തിക്കൂട്ടിയതൊക്കെ നമ്പൂരിയാണ്.

10-ാംനു ഇന്ന് വിശേഷവിധിയായി ഒന്നുമില്ല. ഉച്ചക്ക് ഉറക്കം ഉണ്ടായില്ല. പാലക്കീഴിൽ കൃഷ്ണനെ കൊണ്ട് ഒന്നു ചൊല്ലിയാടിച്ചു. വരുന്നാണ്ടിൽ കഥകളി നടത്താൻ തീൎച്ചപ്പെടുത്തി.

11-ാംനു ഇന്നധികവും കുഞ്ഞിക്കാളിയ
വെടിപറഞ്ഞുതന്നെ കഴിഞ്ഞു. കുഞ്ഞിക്കാളിക്ക
ടെ പാലക്കീഴിൽ കൃഷ്ണനെ കണ്ടുകൂടാ. കൃഷ്ണൻ
നാണ്. കുഞ്ഞിക്കാളിക്ക പച്ചക്കല്ലുവെച്ച ഒരു പ
വാങ്ങാൻ തീർച്ചപ്പെടുത്തി.

* * * * * *

* * * * *

* * * * * *

മാന്യവായനക്കാരേ! പോരെ? മതിയായില്ലേ
ങ്ങിനെ ഊണും ഉറക്കവും വെടിയും കുടിയും ശക
മായിട്ടുതന്നെ കഴിയുന്നു.